## ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങൾ....!
## ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങൾ...!


- പ്രമാണയോഗ്യമായ ഹദീസേത്?
- അബൂഹുറൈറയുടെ തനിനിറം?
- നമസ്കാരം എങ്ങനെ? എത്ര? എപ്പോൾ?
- ഖുർആനിൽ നമസ്കാരത്തിനുള്ള സ്ഥാനം. (അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ എന്ന സി.എൻ.അഹമ്മദ് മൗലവിയുടെ ഗ്രന്ഥത്തിനുള്ള മറുപടി)
- ഖുർആനിൽ നമസ്കാരം മൂന്ന് മാത്രം
  സി.എൻ. മൗലവിക്ക് ചുട്ടമറുപടി (രണ്ടാം ഭാഗം)
- ഖുർആനിലെ പിൻതുടർച്ചാനിയമം
- ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും
- തറാവീഹ് നബിക്ക് മാത്രം
- ഖുർആനിലെ ഹജ്ജ്
- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും
- ഇസ്ലാം കാര്യം പത്ത്
- ഖുർആനിലെ നമസ്കാരരൂപം
- സർവമത സത്യവാദം ഖുർആനിൽ
- ഇസ്രാഉം മിഅ്റാജും
- നബിയുടെ പേരിൽ സ്വലാത്തു ചൊല്ലൽ എങ്ങനെ?
- ബുഖാരിയും മുസ്ലിമും ലോകപൊള്ളന്മാർ?
- ഇന്ത്യൻ ശരീഅത്തും ഇസ്ലാമിക ശരീഅത്തും സുപ്രീംകോർട്ട് വിധിയും
- സലാം സുല്ലമിക്ക് സമുചിത മറുപടി

# ഇസ്‌ലാമും ജനാധിപത്യവും

- *ദൈവവിശ്വാസികളായ ജനപ്രതിനിധികൾ (എം.പി. മാർ) ഭരിക്കുന്ന എല്ലാ ജനാധിപത്യരാജ്യങ്ങളും ഇസ്ലാമികം...!*
- *'ഹുകുമത്തെഇലാഹി', ത്വാലിബാൻ തുടങ്ങിയ 'ഇസ് ലാമിക രാഷ്ട്രവാദങ്ങൾ', ഖുർആൻ വിരുദ്ധം....!*
- *സുന്നി-ശീഈ രാഷ്ട്ര വാദങ്ങൾ ഖുർആൻ വിരുദ്ധം*
- *ഇന്ത്യ, ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ ജനാധിപത്യ രാജ്യങ്ങൾ ഏറ്റവും വലിയ ഇസ്ലാമിക രാഷ്ട്രങ്ങൾ..!*
- *ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ തുടരുന്നു...!*

**ചേകന്നൂർ മൗലവിയുടെ**
**ഖുർആനിക ദർശനങ്ങൾ**

**ഡോ: അബ്ദുൽ ജലീൽ, പുറ്റെക്കാട്**
(ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്ര നിർവാഹക സമിതി അംഗം)




***‘......ഇസ്ലാം എന്നാൽ ഖുർആൻ***
***ഖുർആൻ എന്നാൽ ഇസ്ലാം.....’***

മൗലവി ചേകനൂർ

# ഇസ്ലാമും ജനാധിപത്യവും

ചേകന്നൂർ മൗലവിയുടെ
ഖുർആനിക ദർശനങ്ങൾ



ഡോ: അബ്ദുൽ ജലീൽ, പുറ്റെക്കാട്
(ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്ര നിർവാഹക സമിതി അംഗം)

***Islam and Democracy (Islamum Janadhipthyavum)***
*By Dr. Abdul Jaleel, Puttekkad*

*Published by:*
*Khur'aan Sunnath Society*
*on 04-05-2009*

*Lay-out:*
*Subhadram*
*Cheruvannur, Kozhikode.*

*Printed at:*
*Geethanjali Offset Printers*
*Kundayithode, Kozhikode.*

***Price: Rs.20/-***

# ഇസ്ലാമും ജനാധിപത്യവും

ജമ്മുകാശ്മീരിലെ ഹുർറിയത്ത് കോൺഫറൻസ് നേതാവ്, സയ്യിദ് അലി ഷാഗീലാനി, മുല്ലാസൂഫി മുഹമ്മദ് തുടങ്ങിയവർ കരുതുന്നതുപോലെ 'ഇസ്ലാമും ജനാധിപത്യവും' പരസ്പരവിരുദ്ധങ്ങളല്ല എന്നാണ് നാം പഠിക്കേണ്ട ഒരു ഖുർആനിക പാഠം...!! 'മുല്ലയുടെയും, ഗീലാനിയുടെയുമൊക്കെ നിലപാട് തെറ്റാണെങ്കിൽ അവരെ തിരുത്തുന്ന മുസ്ലീം നേതാക്കൾ എവിടെ' എന്ന ടി.വി. ആർ.ഷേണായിയുടെ ചോദ്യത്തിനുള്ള (മാതൃഭൂമി 4-4-09) മറുപടിയാണ് ഇസ്ലാമിന്റെ നാലാം ഖലീഫയായ ഇമാം അലി (മരണം AD 661) മുതൽ, ചേകന്നൂർ മൗലവി(1936-1993) വരെയുള്ള രക്തസാക്ഷികൾ നൽകുന്നത്..!! മുഹമ്മദു നബി മദീനയിൽ സ്ഥാപിച്ച ആദ്യത്തെ ജനാധിപത്യ ഭരണകൂടം - (തിരഞ്ഞെടുക്കപ്പെട്ട ഗോത്രപ്രതിനിധികളുടെ പിന്തുണയോടെ മദീനയിൽ നബി തിരുമേനി സ്ഥാപിച്ച ഏകദൈവാധിഷ്ഠിത ഇസ്ലാമിക ഭരണം) - നബി തിരുമേനിയുടെ വിയോഗത്തോടു കൂടി സുന്നി, ശീആ എന്നിങ്ങനെ രണ്ടു സംഘങ്ങളായി പിളർന്നു. ഇസ്ലാമിന്റെ ഈറ്റില്ലമായ മക്കാ മദീന (സൗദിഅറേബ്യ), സിറിയ, ഖത്തർ, യമൻ, യു.എ.ഇ, ഒമാൻ തുടങ്ങിയ രാജ്യങ്ങളിൽ സുന്നികൾ (അഹ്ലുസ്സുന്നത്തുവൽജമാഅത്ത്) പിടിമുറുക്കിയപ്പോൾ, ഇറാൻ, ഇറാഖ്, ബഹ്റൈൻ തുടങ്ങിയ രാജ്യങ്ങളിൽ 'ശിആ'യിസമാണ് ശക്തിപ്രാപിച്ചത്...!! സുന്നികളും ശിയാക്കളും രാഷ്ട്രീയമായി വളരാനും ശക്തിപ്രാപിക്കാനും കാരണം തങ്ങളുണ്ടാക്കിയ ഖുർആൻ വിരുദ്ധമായ നബിവചനങ്ങളാ(ഹദീസുകൾ)യിരുന്നു..!! അഥവാ രണ്ടുകൂട്ടരും ഖുർആനിലുള്ള നിയമങ്ങൾ ദുർബ്ബലപ്പെടുത്തിക്കൊണ്ട് - അല്ലെങ്കിൽ ഖുർആനു സമാന്തരമായി - 'നബിവചനങ്ങൾ' എന്ന പേരിൽ ഒരു രണ്ടാം പ്രമാണമുണ്ടാക്കിക്കൊണ്ട് (സുന്നികളും, ശിആക്കളുമായി മാറി) തങ്ങളുടെ രാഷ്ട്രീയമോഹങ്ങൾ സഫലീകരിച്ചു...!! മുഹമ്മദ് നബിയെ ദൈവമാക്കിക്കൊണ്ട് അറബി ഭാഷയ്ക്കും, ആരാധനകൾക്കും അറേബ്യൻ സംസ്കാരത്തിനും, ചിന്താഗതികൾക്കും, അമിത പ്രാധാന്യം നൽകി, മുആവിയ, 'അഹ്ലുസ്സുന്നത്ത്വൽജമാഅത്ത് ' എന്ന സംഘടനയ്ക്ക് (ഖുർആനും സുന്നത്തും, (സുന്നി ഇസ്ലാം)) രൂപം നൽകിയപ്പോൾ, നബിയെയും നബിയുടെ മകളുടെ ഭർത്താവായ ഇമാം അലിയെയും, അലിയുടെ മക്കളെയും, ദൈവത്തിന്റെ പദവിയിലേക്കുയർത്തിക്കൊണ്ടു- നബികുടുബത്തിന് (അഹ്ലുൽബൈത്തിന് ) - അമിതപ്രധാന്യം നൽകിക്കൊണ്ട് - 'ഖുർആനും അഹ്ലുൽബൈത്തും' എന്ന ശിആ പ്രസ്ഥാനത്തിന് അബ്ദുള്ളാഹാബിൻ സബഇനെപ്പോലുള്ള കപടൻമാരും, വിത്തുപാകി...!

നബിതിരുമേനി മുതൽ ഖലീഫാഉമർ വരെ (സുമാർ 30 വർഷം) നീണ്ടു

നിന്ന ഇസ്ലാമിക ഭരണം ക്രമേണ രണ്ടു ബൂർഷ്വാ പ്രസ്ഥാനങ്ങളും, അവരുടെ രാജഭരണങ്ങളുമായി മാറി..!! വിശുദ്ധ ഖുർആനും, സുന്നികളുടെയും ശിയാക്കളുടെയും ഹദീസു ഗ്രന്ഥങ്ങളും, ഇസ്ലാമിക ചരിത്രവും ഒന്നിച്ചുവായിച്ചാൽ കിട്ടുന്ന അത്ഭുതകരമായ സത്യങ്ങളാണിതെല്ലാം...! അത്തരം ഒരുപാട് സത്യങ്ങളിലേക്കാണ് ചേകന്നൂർമൗലവിയുടെ ഓരോ ഗ്രന്ഥവും നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്..!! **ശരിയായ ദൈവവിശ്വാസത്തിൽ നിന്ന് (തൗഹീദിൽനിന്ന്) വ്യതിചലിക്കാതെ, മതത്തിൽ – ജീവിതത്തിൽ – എന്തു പരിഷ്കരണപ്രവർത്തനങ്ങളും നടത്താം, നിങ്ങളിൽ നിന്നുള്ള ഭരണകർത്താക്കളെയും പണ്ഡിതന്മാരെയും, നേതാക്കൻമാരെയും അനുസരിക്കുക (4:59), ദൈവികമതമേതായാലും, മനുഷ്യൻ നന്നായാൽ മതി (2:62, 5:48), മതത്തിൽ യാതൊരു നിർബന്ധവുമില്ല (2:256, 18:29), വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗമുണ്ട്. (2:25....103:3) ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ ഏകദൈവ വിശ്വാസം (തൗഹീദ്) എന്ന മിനിമം പരിപാടിയിൽ പരസ്പരം സഹകരിച്ചു മുന്നോട്ടു പോവുക, (3 : 64) കാര്യങ്ങളെല്ലാം കൂടിയാലോചനയിലൂടെ തീരുമാനിക്കുക (3:159, 42:38) എന്നിങ്ങനെ, സർവ്വമതസത്യവാദവും, മതേതരത്വവും, വിശാലവീക്ഷണവും വിളിച്ചോതുന്ന മുന്നൂറിൽപരം വിശുദ്ധ ഖുർആൻ വചനങ്ങൾ ഇസ്ലാമിന്റെ ജനാധിപത്യമര്യാദികളുടെ അനിഷേധ്യമായ തെളിവുകളാണ്..!!** ഒരു ജനാധിപത്യവ്യവസ്ഥിതിയിലെ എല്ലാ നല്ല വശങ്ങളും ഖുർആൻ അംഗീകരിക്കുന്നുണ്ട് എന്നിരിക്കെ, വിശുദ്ധ ഖുർആനിലെ എല്ലാ പ്രധാനപ്പെട്ട അടിസ്ഥാന സിദ്ധാന്തങ്ങളും തത്വങ്ങളും ജനാധിപത്യവാദികൾക്കും ഉൾക്കൊള്ളാനാവും എന്നിരിക്കെ, ഖുർആനും ജനാധിപത്യവും പരസ്പരവിരുദ്ധമാണ് എന്ന് പറയുന്നത് എങ്ങനെ ശരിയാകും....!! ഇസ്ലാം ദൈവത്തിന്റെ – അല്ലാഹുവിന്റെ – മതമാണ്. എന്നാൽ ദൈവത്തിന് ഒരു പ്രത്യേക മതമോ ജാതിയോ ഇല്ല. ഈ ഭൂമിയിലുള്ള വിഭിന്ന ദേശങ്ങളിലും ഭാഷകളിലും സംസ്കാരത്തിലും ജീവിക്കുന്ന തന്റെ അംശവും പ്രതിനിധിയുമായ മനുഷ്യനുവേണ്ടി (2:30, 38:26, 32:89,...15:29, 38: 72) അല്ലാഹു നൽകിയ കുറേ പൊതുനിയമങ്ങളുടെ ആകെത്തുകയാണ് ഇസ്ലാം (ഖുർആൻ). താൻ ജീവിക്കുന്ന ചുറ്റുപാടിനനുസരിച്ച് ആ പൊതുനിയമങ്ങളും തത്വങ്ങളും ഉപദേശങ്ങളും സ്വീകരിച്ച് സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിച്ചുകൊണ്ട് ഐഹികവും പാരത്രികവുമായ വിജയം നേടാനാണ് ഖുർആൻ വിശേഷബുദ്ധിയുള്ള മനുഷ്യരെ ആഹ്വാനം ചെയ്യുന്നത്...! ഇസ്ലാമും ജനാധിപത്യവും പരസ്പരവിരുദ്ധമല്ലെന്ന് മാത്രമല്ല അവ പരസ്പര പൂരകങ്ങൾ കൂടിയാണ് ! ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ..!

**മദീനയിൽ, വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ നബി ഒരു ദൈവിക ജനാധിപത്യഭരണമാണുസ്ഥാപിച്ചത്..!!**

ആരായിരുന്നു മുഹമ്മദുനബി..? എന്തായിരുന്നു മുഹമ്മദ് നബി തിരുമേനിയുടെ ദൗത്യം..? എന്നൊക്കെ ഖുർആനിൽ നിന്നും മായം ചേർക്കാത്ത



ചരിത്രത്തിൽ നിന്നും പഠിക്കുമ്പോൾ മാത്രമാണ് നബി മദീന ആസ്ഥാനമാക്കിയുണ്ടാക്കിയ ആദ്യത്തെ ജനാധിപത്യഭരണത്തിന്റെയും, നബിയും മുസ്ലീംകളും മദീനയിലെ ജൂതന്മാരും തമ്മിലുണ്ടാക്കിയ 'മദീനാ ഉടമ്പടി'യുടെ (Charter of Madina) യും ജനാധിപത്യ (ദൈവാധിപത്യ) സ്വഭാവം നമുക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ...!!

## എന്തായിരുന്നു മുഹമ്മദ് നബിയുടെ ദൗത്യം..?

വിദ്യാഭ്യാസം എന്തെന്നറിയാത്ത – കലയും സംസ്കാരവും എന്തെന്നറിയാത്ത – നീതിയോ, ന്യായമോ, സത്യമോ ധർമ്മമോ നോക്കാതെ, പരസ്പരം കൊലവിളി നടത്തിയും കൊള്ളയടിച്ചും, യുദ്ധം ചെയ്തും ജീവിച്ചിരുന്ന, ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ 'അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്ന' (3:103) സഞ്ചരിക്കുന്ന കുറെ ഗോത്രങ്ങളായിരുന്നു നബിയുടെ വരവിന് മുമ്പ് അറേബ്യ..!! ഓരോ ഗോത്രത്തിനും, അവരവരുടെ ഗോത്രത്തലവന്മാർ പറയുന്നതായിരുന്നു നീതിയും ന്യായവും. വെള്ളവും, ഭക്ഷണവും തേടിയുള്ള അലച്ചിലിനിടയിൽ, വിശക്കുമ്പോൾ അടുത്ത ഗോത്രക്കാരുടെ ഒട്ടകങ്ങളെയും, ആടുകളെയും, മുയലുകളെയുമൊക്കെ കൊള്ളയടിച്ചു അവർ ജീവിച്ചു...!! ഇങ്ങിനെ മേച്ചിൽ സ്ഥലങ്ങൾക്കുവേണ്ടിയും, ഒട്ടകങ്ങൾക്കും, കുതിരകൾക്കും, മുയലുകൾക്കും വേണ്ടിയുള്ള തർക്കങ്ങൾ, ഭീഭത്സമായ രക്തച്ചൊരിച്ചിലുകളിലും, നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ഗോത്രയുദ്ധങ്ങളിലും എത്തിനിന്നു..!! ഓരോ ഗോത്രങ്ങളും സ്വഭാവത്തിൽ ഒരു കൊച്ചുരാഷ്ട്രം തന്നെയായിരുന്നു. അതൊരു വല്ലാത്ത അരക്ഷിതാവസ്ഥയായിരുന്നു...തെറ്റു ചെയ്തവർ ശിക്ഷിക്കപ്പെടാതെ പോയി..! നന്മ ചെയ്തവനും, നീതികാട്ടിയവവനും പ്രശംസിക്കപ്പെടാതെയും, പ്രോത്സാഹിപ്പിക്കപ്പെടാതെയും പോയി.. സമൂഹത്തിലെ പാവപ്പെട്ടവരും, സ്ത്രീകളും പലതരം ചൂഷണങ്ങൾക്കും അനീതികൾക്കും ഇരയായി..!! നന്മയെ പ്രോത്സാഹിപ്പിക്കാനോ, തിന്മയെ എതിർക്കാനോ ആരും ഉണ്ടായിരുന്നില്ല..!! സ്ത്രീകൾക്ക് ആത്മാവില്ലെന്നുവരെ കരുതിയിരുന്ന ചില കാട്ടറബിഗോത്രങ്ങൾ, പെണ്ണുങ്ങളെ ആടുമാടുകളെപ്പോലെ 'ചെത്തല' (Chattels) കളായി കൈമാറാനുള്ള ജംഗമസ്വത്തുക്കളായിട്ടാണ് കരുതിയിരുന്നത്. ഗോത്രയുദ്ധങ്ങൾ നടക്കുമ്പോൾ പിറന്നുവീണതു പെൺകുഞ്ഞാണെങ്കിൽ 'അപമാനഭാരം' കൊണ്ടു തലതാഴ്ത്തുന്ന ചില ഗോത്രത്തലവന്മാരും, പട്ടിണിയും ദാരിദ്ര്യവും ഭയന്ന് ആ പിഞ്ചുപൈതലുകളെ മരുഭൂമിയിൽ ഉപേക്ഷിച്ചുകടന്നുകളയുന്ന കിരാതന്മാരും ആ കാലത്ത് ഗ്രാമീണ അറബികളിൽ (ബദുക്കുകളിൽ) ഉണ്ടായിരുന്നു..!! രക്തം ചിന്താനും, യുദ്ധം ചെയ്യാനും അവർക്കു ആൺകുട്ടികളെയായിരുന്നു വേണ്ടിയിരുന്നത്..!! ഓരോ ഗോത്രത്തലവനും തന്റെ ഗോത്രത്തിന്റെ ആവശ്യവും, സന്തോഷവും നേടിയെടുക്കുക എന്നതിൽ കവിഞ്ഞ് നീതിക്കും, നന്മക്കും യാതൊരു വിലയും കൽപ്പിച്ചിരുന്നില്ല...!! ആടുകളെയും ഒട്ടകങ്ങളെയുമൊക്കെ അറുക്കുമ്പോൾ ആ മൃഗങ്ങളുടെ ചുടുചോര ശേഖരിച്ചു കുടിക്കുന്നവരും മരുഭൂമിയിലെ വഴിയോരങ്ങളിൽ ചത്തുകിടക്കുന്ന ഒട്ടകങ്ങളെയും

ആടുമാടുകളെയുമൊക്കെ, അവ എങ്ങനെയാണ് ചത്തത് എന്ന് പോലും നോക്കാതെ, ശാപ്പിടുന്ന 'ശവംതീനി'കളും ആ കാട്ടറബികൾക്കിടയിൽ ഉണ്ടായിരുന്നു.

ഓരോ ഗോത്രങ്ങൾക്കും അവരുടെ ഗോത്രത്തലവൻമാർ പറയുന്നതായിരുന്നു നീതിയും ന്യായവും. പലപ്പോഴും ഗോത്രത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയെയാണ് ഗോത്രത്തിന്റെ തലവനായി (ശൈഖായി) തിരഞ്ഞെടുത്തിരുന്നത്. അല്ലാഹു (ദൈവം) എന്ന ഒരു ശക്തിയെ എല്ലാവരും തത്വത്തിൽ അംഗീകരിച്ചിരുന്നുവെങ്കിലും, ആ പദത്തിന്റെ അർത്ഥവും, ഗൗരവവും ശരിക്കുമനസ്സിലാക്കാതെ ഓരോ ഗോത്രങ്ങളും ഓരോ ദൈവങ്ങളെ ആരാധിച്ചിരുന്നു. മക്കയിലെ ഖുറൈശികളുടെ ഏറ്റവും ഇഷ്ടപ്പെട്ട പ്രതിഷ്ഠ 'ഹ്യൂബൽ' (Hubal) എന്ന ദേവനായിരുന്നു. കൂടാതെ 'ഉസ്സ', 'ലാത്ത', 'മനാത്ത' തുടങ്ങിയ ദേവിമാരും മക്കയിലെ കഅ്ബയിലെ 360 വിഗ്രഹങ്ങളിൽ ഏറ്റവും ശക്തരായ പ്രതിഷ്ഠകളായി ഗണിക്കപ്പെട്ടു..!! യുദ്ധം ചെയ്യാനും, പകരംവീട്ടാനും ഇറങ്ങുമ്പോൾ, ഓരോ ഗോത്രങ്ങളും അവരുടെ ഗോത്രദൈവങ്ങളുടെ മുമ്പിൽ വന്നുനിന്നു പ്രാർത്ഥിച്ചുകൊണ്ടാണ് യുദ്ധരംഗത്തേക്കു പുറപ്പെട്ടിരുന്നത്.ഭക്ഷണവും വെള്ളവും തേടി യാത്രപുറപ്പെടുമ്പോൾ ഓരോ അറബി കുടുംബവും 'നാലു കല്ലുകൾ' കരുതാറുണ്ടായിരുന്നുവത്രെ..! മൂന്നെണ്ണം അടുപ്പുണ്ടാക്കാനും, നാലാമത്തേത് പ്രാർത്ഥിക്കാനും..!! അത്രത്തോളം 'ബിംബാരാധന' അറബികളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്നു എന്നു സാരം..!!

ഇന്നത്തെപ്പോലെ വിസ്മയാവഹമായ വാഹന-വാർത്താവിനിമയ സൗകര്യങ്ങളൊന്നുമില്ലാത്ത അക്കാലത്ത് തൊട്ടടുത്തായി - ഏതാനും ആഴ്ചകൾ - അല്ലെങ്കിൽ ഏതാനും മാസങ്ങൾ - യാത്രചെയ്താൽ എത്താവുന്ന ദൂരത്തിൽ മഹത്തായ മൂന്നു സംസ്കാരങ്ങൾ ഉണ്ടായിട്ടും (കിഴക്ക്-ഇറാൻ,ഇറാഖ് (പേർഷ്യ), മെസോപൊട്ടാമ്യൻ സംസ്കാരം) പടിഞ്ഞാറ് - ഈജിപ്ത് (നൈൽനദീതട സംസ്കാരം) വടക്ക് -സിറിയ, ലബനാൻ (യവന-റോമൻ സംസ്കാരങ്ങളുടെ കളിത്തൊട്ടിലായിരുന്നു ഡമസ്കസ്) (Fertile Crescent), തെക്കുകിഴക്കായി മറ്റൊരു മഹത്തായ സംസ്കാരവുമായി ഇന്ത്യാഉപഭൂഖണ്ഡമുണ്ടായിട്ടും, മൂന്നുഭാഗത്തും സമുദ്രവും, വടക്കുഭാഗത്ത് ചുട്ടുപൊള്ളുന്ന വിശാലമായ, സഞ്ചാരയോഗ്യമല്ലാത്ത സിറിയൻ മരുഭൂമിയും (Nifud) തീർത്ത ഒരു ഉപദ്വീപിൽ അറബികൾ ഒരു 'ദ്വീപു'പോലെ ഒറ്റപ്പെട്ടു കഴിഞ്ഞുകൂടി..!!

വിവരംകെട്ടവരെന്നും (ഉമ്മിയ്യുകൾ) കലഹപ്രിയരെന്നും, ഒരിക്കലും നന്നാകാത്തവരെന്നും, സംസ്കാരശൂന്യരെന്നും മുദ്രകുത്തി അന്നത്തെ സിറിയൻ, പേർഷ്യ സാമ്രാജ്യങ്ങളിലെ സവർണ്ണരും, അറേബ്യ (മദീന)യിലെ തന്നെ ജൂതന്മാരും, ക്രിസ്ത്യാനികളും 'എഴുതിത്തള്ളി'യവരായിരുന്നു സൗദിമരുഭൂമിയിലെ ആ ഗ്രാമീണ അറബികൾ...!! വിവരം കെട്ട (ഉമ്മിയ്യുകളായ) അറബികളിലേക്ക്, ദൈവം ഒരു നബിയെയും (ദൈവദൂതനേയും) അയച്ചിട്ടില്ലെന്നും, അതുകൊണ്ട് വിദ്യാഭ്യാസമില്ലാത്തവരും, സംസ്കാരശൂന്യരുമായ അറബികളെ



അല്ലാഹു ശപിച്ചിരിക്കുകയാണെന്നും, അങ്ങനെ ശപിക്കപ്പെട്ടവരായതിനാൽ ആ അറബികളെ ചൂഷണം ചെയ്യുന്നതിൽ വേദക്കാരായ തങ്ങളെ ദൈവം ശിക്ഷിക്കില്ലെന്നുവരെയും വാദിച്ചിരുന്ന ചില ജൂത-ക്രിസ്ത്യൻ ഗോത്രങ്ങളും (വേദക്കാർ) അന്ന് അറേബ്യയിൽ പ്രവാസികളായുണ്ടായിരുന്നു...!! (3:75, 2:111-114) (2:135), (3:6478), (3:19, 3:24) (5:13, 5:19) (5:16-67).

കാര്യങ്ങൾ ഇങ്ങിനെയൊക്കെയാണെങ്കിലും 'മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം' പോലെ സംസ്കാരസമ്പന്നരായ ചില ഒറ്റപ്പെട്ട ഗോത്രങ്ങളും, കുടുംബങ്ങളും, അറേബ്യൻഉപദ്വീപിന്റെ, കടൽത്തീരത്തോടുചേർന്നു രൂപംകൊണ്ട ചില മരുപ്പച്ചകളെയും, പട്ടണങ്ങളെയും ചുറ്റിപ്പറ്റി വളർന്നുവന്നിരുന്നു. മക്ക, മദീന, ത്വായിഫ് തുടങ്ങിയ അത്തരം പട്ടണങ്ങളിലെ ഉന്നതകുലജാതന്മാരും, ധീരന്മാരും സാഹസികരുമായ ചില അറബി പ്രമുഖന്മാർ, ഗ്രാമീണ അറബികളിലെ (ബദുക്കളിലെ) ചുറുചുറുക്കുള്ള- ഉത്സാഹശീലരായ, കുതിരസവാരിയിലും ഗോത്ര യുദ്ധങ്ങളിലുമൊക്കെ പ്രാവീണ്യം തെളിയിച്ച - ചെറുപ്പക്കാരുടെ സഹായത്തോടെ, യമൻ, സിറിയ, ഇറാഖ്, ലബനാൻ, എത്യോപ്യ, ഈജിപ്ത് തുടങ്ങിയ നാടുകളിലേക്ക് കച്ചവടസംഘങ്ങളെ നയിച്ചിരുന്നു. അങ്ങിനെ ലോകത്തിലെ ഏറ്റവും പുരാതനമായ നഗരവും യവന-റോമൻ സംസ്കാരങ്ങളുടെ (ഗ്രീക്ക്-റോമൻ സംസ്കാരങ്ങളുടെ) കളിത്തൊട്ടിലുമായ ഡമസ്കസ് (സിറിയ) ഇറാഖിലെ ബാഗ്ദാദ്, ബസറ, അബിസീനിയ, ഈജിപ്ത്, ഹിന്ദ് (ഇന്ത്യ) തുടങ്ങിയ നാടുകളുമായും ഇസ്ലാമിനു മുമ്പുതന്നെ അറബികൾക്ക് ബന്ധമുണ്ടായിരുന്നു. ഒറ്റപ്പെട്ട വ്യക്തികളിലൂടെയും, കച്ചവടക്കാരിലൂടെയും, ഭാഷയും, സംസ്കാരവുമൊക്കെ അൽപസ്വൽപം കൈമാറിയിരുന്നുവെങ്കിലും അറബികളുടെ അടിസ്ഥാന സ്വഭാവവും ചിന്താഗതിയും, ജീവിതരീതിയുമൊന്നും ഇത്തരം കച്ചവട യാത്രകൾകൊണ്ട് മാറിയിരുന്നില്ല..!!

## മുഹമ്മദുനബി വരുന്നു...!!

ഒടുവിൽ അതു സംഭവിച്ചു..! അസാദ്ധ്യം എന്നു ലോകം കരുതിയിരുന്ന ഒരു മഹത്തായ ദൗത്യം നിറവേറ്റാൻ ഒരാൾ വന്നു. 'നിരക്ഷരകുക്ഷികൾ' എന്നും, സംസ്കാരശൂന്യർ എന്നും 'ഒരിക്കലും നന്നാക്കാൻ പറ്റാത്ത കലഹപ്രിയരായ വർഗ്ഗം' എന്നും സിറിയക്കാരും, റോമക്കാരും, പേർഷ്യക്കാരും (ഇറാക്കുകാരും) അറേബ്യയിലെ തന്നെ മദീനയിലെയും, ഖൈബറിലെയും ത്വാഇഫിലേയും 'സവർണ്ണരാ'യിരുന്ന ജൂതന്മാരും, ക്രിസ്ത്യാനികളും എഴുതിത്തള്ളിയ, അറബികളെ സംസ്കാരത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കാനും, വിദ്യാഭ്യാസത്തിന്റയും സ്വതന്ത്രചിന്തയുടെയും ലോകത്തേക്ക് ആ കലഹപ്രിയരായ കാട്ടറബികളെ നയിക്കാനും അവരിൽ കറകളഞ്ഞ ദൈവബോധവും (തൌഹീദ്) അതുവഴി പൗരബോധവും, ദേശീയബോധവും വളർത്താനും അങ്ങിനെ അറബികളെ ഏകീകരിക്കാനും (തൗഹീദ്) ഒരാൾ വന്നു.. അതായിരുന്നു ദൈവദൂതനായ മുഹമ്മദ്..!! **വക്രതയില്ലാത്ത ഏകദൈവവിശ്വാസത്തിലൂടെ മാനവരാശിയെ മുഴുവൻ-ലോകം മുഴുവൻ - ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാ**

**വ്യത്യാസമില്ലാതെ, ഒരുപോലെ കാണുക എന്നതാണ് (ലോകാസമസ്താഃ സുഖിനോ ഭവന്തു...!) ഖുർആൻ പഠിപ്പിക്കുന്ന തൗഹീദ്. ഇതു പിന്നീട് വിശദ മാക്കുന്നുണ്ട്..!!**

കടിഞ്ഞാണില്ലാതെ ഓടിക്കൊണ്ടിരുന്ന ആ 'അറേബ്യൻ കുതിരക'ളെ ആ ദൈവദൂതൻ മെരുക്കിയെടുത്തു. അനിതരസാധാരണമായ തന്റെ ബഹു മുഖവ്യക്തിത്വം കൊണ്ടും, നേതൃപാടവം കൊണ്ടും, ആജ്ഞാശക്തികൊണ്ടും, ആ കുതിരകളെ അദ്ദേഹം നിയന്ത്രിച്ചു-നയിച്ചു...! ഓരോ ഗോത്രങ്ങൾക്കും ഓരോ ദൈവം എന്ന മുദ്രാവാക്യത്തിൽ നിന്ന് - പ്രപഞ്ചത്തിന് ഒരു ദൈവം, എല്ലാ അറബികളുടെയും ദൈവം ഒന്ന് - എന്ന മുദ്രാവാക്യത്തിന്റെ മാസ്മര ശക്തിയിൽ ഓരോ അറബിയുവാവിനെയും ആ ദൈവദൂതൻ ബന്ധിച്ചു. (21 : 92) (49:13) ..... (2:213). അങ്ങിനെ അറേബ്യയിലെ ഓരോ ഗോത്രങ്ങളെയും ഒന്നൊന്നായി ആ ദൈവദൂതനും സംഘവും കീഴടക്കി...!!.

താൻ കീഴടക്കിയ ഗോത്രങ്ങൾക്ക് - അല്ലെങ്കിൽ തന്റെ മേൽക്കോയ്മ അംഗീകരിച്ച ഗോത്രങ്ങൾക്ക്- എല്ലാവിധ രാഷ്ട്രീയ- സാമൂഹ്യസുരക്ഷിതത്വവും, ജീവിതസൗകര്യങ്ങളും, ഖുർആൻ അനുസരിച്ചുള്ള പൂർണ്ണമായ നീതിയും, ന്യായവും **ആരാധനാ സ്വാതന്ത്ര്യവും** ആ ദൈവദൂതൻ വാഗ്ദത്തം ചെയ്തു..!! അതോടെ വർഷങ്ങളോളം നീണ്ടുനിന്ന ഗോത്രങ്ങൾ തമ്മിലുള്ള കുടിപ്പകക ളും, യുദ്ധങ്ങളും അറേബ്യൻ മണ്ണിൽ നിന്ന് അപ്രത്യക്ഷമായി. അങ്ങിനെ കേവലം 23 വർഷം കൊണ്ട് 'ഏകദൈവവിശ്വാസം' എന്ന തൗഹീദിൽ അറേ ബ്യയിലെ എല്ലാ ഗോത്രങ്ങളെയും മുഹമ്മദ് എന്ന ദൈവദൂതൻ ഏകീകരിച്ചു..! അങ്ങനെ പരസ്പരം ശത്രുക്കളായിരുന്ന അതുവഴി അഗ്നികുണ്ഢത്തിന്റെ വക്കിലായിരുന്ന അറബികളെയും അറേബ്യൻഗോത്രങ്ങളെയും ആ ദൈവദൂ തൻ ഒന്നിപ്പിച്ചു..! (3:103)

'........സത്യവിശ്വാസികളെ..... നിങ്ങൾ അല്ലാഹുവെ (ദൈവത്തെ - ബ്രഹ്മ ത്തെ) സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക...! നിങ്ങൾ മുസ്ലിംകൾ ആയി ക്കൊണ്ടല്ലാതെ - (അഥവാ അല്ലാഹു എന്ന ആ മഹാശക്തിയെ - ദൈവം എന്ന ആ മഹാശക്തിയെ - ആ പരബ്രഹ്മത്തെ ചിന്തിച്ചുപഠിച്ചു മനസ്സിലാക്കി - ആ മഹാശക്തിക്കു കീഴ്പ്പെട്ടവരായിക്കൊണ്ടല്ലാതെ - അഥവാ ബ്രഹ്മത്തെ അറി ഞ്ഞവരായിട്ടല്ലാതെ - ബ്രാഹ്മണരായിട്ടല്ലാതെ) മരിച്ചുപോകരുത്...! നിങ്ങളെ ല്ലാവരും ഒത്തൊരുമിച്ച് അല്ലാഹുവിന്റെ ആ 'കയറിൽ' (വിശുദ്ധ ഖുർആൻ) മുറുകെപ്പിടിക്കുക. നിങ്ങൾ ഭിന്നിച്ചു പിരിയാതിരിക്കുക. (വിവിധ ഗോത്രങ്ങളും കുടുംബങ്ങളുമായി - വിവിധ ഗോത്രദൈവങ്ങളെ മുൻനിർത്തി യുദ്ധം ചെയ്തു കൊണ്ട് -) നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്തിൽ നിങ്ങൾ സഹോ ദരങ്ങളായി തീർന്നു. നിങ്ങൾ അഗ്നികുണ്ഢത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ



വചനങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുവാൻ വേണ്ടി...!'. (3 : 102, 103)

ലോകഭൂപടത്തിൽ ആർക്കും വേണ്ടാത്ത, ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു ചെറിയ മണൽത്തുണ്ടു മാത്രമായിരുന്നു നബിയുടെ വരവിന്നുമുമ്പ് അറേബ്യ. ആർക്കും വേണ്ടാത്തവരും ഒന്നിനും കൊള്ളാത്തവരുമായിരുന്നു അറബികൾ. ആ കാട്ടറബികൾക്കാണ് ആ ദൈവദൂതൻ ശരിയായ ദൈവബോ ധത്തിൽ അധിഷ്ഠിതമായ, പൗരബോധവും, രാഷ്ട്രബോധവും ദേശീയബോ ധവും നൽകി അവരെ ശരിയായ ദിശയിലേക്കുനയിച്ചത്. അങ്ങനെ തൊട്ടയൽപ ക്കത്തുള്ള പേർഷ്യാ-റോമൻ സാമ്രാജ്യങ്ങളിലെ രാജാക്കന്മാരെക്കാളും മികച്ച പോരാളികളും, രാജ്യതന്ത്രജ്ഞരും, ഭരണകർത്താക്കളുമാകാൻ അറബികൾക്കു കഴിയും എന്ന് നബിയും ഖുർആനും, കൂട്ടുകാരും അന്നു ലോകത്തിനു കാണിച്ചുകൊടുത്തു..!! മാത്രമല്ല 'കലഹപ്രിയരെന്നും', 'ഒരിക്കലും നന്നാകാത്ത വർഗ്ഗം' എന്നും, 'നിരക്ഷരകുക്ഷികൾ' എന്നും അറബികളെ കളിയാക്കിയി രുന്ന, ജൂത-ക്രിസ്ത്യൻ പൗരോഹിത്യത്തിന്റെ ഈറ്റില്ലമായിരുന്ന - ധർമ്മച്യു തിയാൽ തകർന്നുകൊണ്ടിരുന്ന- റോമാ-പേർഷ്യൻ (സിറിയ-ഇറാഖ്) സാമ്രാ ജ്യങ്ങൾ ഇസ്ലാമിന്റെ കൊടിക്കൂറക്കു പിന്നിൽ കൊണ്ടുവരാൻ ആ 'കുതിര കൾ'ക്കു കഴിഞ്ഞു. നബിയുടെ മരണം കഴിഞ്ഞു സുമാർ പത്തുവർഷം കഴി ഞ്ഞപ്പോൾ, ഖലീഫാ ഉമറിന്റെ കാലത്ത് അറേബ്യയുടെ അതിർത്തികടന്ന് ഇറാ ഖും, സിറിയയും, ഈജിപ്തുമടക്കം 'ഖലീഫാ ഉമറിന്റെ ഒട്ടകത്തിന്ന് ചെന്നെ ത്താൻ പറ്റുന്ന' അറേബ്യയുടെ എല്ലാ അയൽപ്രദേശങ്ങളും ആ അറേബ്യൻ ചുണക്കുട്ടികൾ കീഴടക്കി..!

ഏകദൈവത്തിലും പരലോകമോക്ഷത്തിലും വിശ്വസിച്ചുകൊണ്ട് സൽകർമ്മങ്ങൾ ചെയ്തു ജീവിക്കുന്ന ഒരു വിശ്വാസിക്ക് ഏതു 'ജനാധിപത്യ' രാജ്യത്തിലും, 'കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ്' രാജ്യത്തും സംതൃപ്തിയോടെ ജീവിക്കാനുള്ള വകുപ്പ് ഖുർആൻ നൽകുന്നുണ്ട്..!! അതു മനസ്സിലാകണമെ ങ്കിൽ ഹദീസു ഗ്രന്ഥങ്ങളുടെ, 'വർഗ്ഗീയകണ്ണട'കളിലൂടെയല്ലാതെ ഖുർആനെ സമീപിക്കാൻ കഴിയണം..!! ഖുർആനു പകരം ഹദീസുകൾ പഠിച്ചാൽ ഖുർആ നിലെ 'സർവ്വമതസത്യവാദ'ത്തിനു പകരം 'സ്വമത സത്യവാദവും' വർഗ്ഗീയ തയും മാത്രമേ തലയിൽ കയറൂ..!! ഭൂമിയിലുള്ളവർ മുഴുവനും നിരീശ്വരവാദി കളായാൽ പോലും, വിശ്വാസിയായ ഒരു വ്യക്തിക്ക്, ഖുർആൻ അനുസരിച്ച് ജീവിതം ക്രമപ്പെടുത്താൻ പറ്റും. ഒരു കുടുംബനാഥന് ഖുർആനെ തന്റെയും കുടുംബത്തിന്റെയും 'ജീവിതപ്രത്യയശാസ്ത്ര'മായി സ്വീകരിക്കാം..! വിശ്വാസി യായ ഒരു രാജാവ് ഖുർആൻ അനുസരിച്ച് ഒരു ഭരണം കാഴ്ചവെക്കുമ്പോൾ അത് 'ഇസ്ലാമികഭരണ'മാവുന്നു..! ഭൂരിപക്ഷം ദൈവവിശ്വാസികൾ ഭരിക്കുന്ന ഇന്ത്യയെപ്പോലെയുള്ള ഒരു ജനാധിപത്യരാജ്യത്തിൽ, ഖുർആനിക ആശയ ങ്ങൾ ഭരണത്തിൽ നടപ്പിലാക്കുമ്പോൾ, ആ ജനാധിപത്യരാജ്യം ഒരു 'ഇസ്ലാമി കരാജ്യം' - ശാന്തിയുടെ രാജ്യം - അഥവാ 'രാമരാജ്യ'മായിത്തിരുന്നു..!! ഖുർ

ആൻ സ്വതന്ത്രമായി പഠിച്ചാൽ മനസ്സിലാകുന്ന അത്ഭുതകരമായ വസ്തുതകളാണിതെല്ലാം..!! 'അഞ്ചുനേരം അറബിഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്കു മാത്രമേ സ്വർഗ്ഗമുള്ളൂ – അഥവാ സുന്നികളല്ലാത്തവരൊക്കെ നരകത്തിലെ വിറകാണ്. മുഹമ്മദ്നബി മാത്രമാണ് സർവ്വലോകത്തിനും അനുഗ്രഹമായിട്ടുള്ള നബി, നബിയുടെ വരവോടുകൂടി – ഖുർആന്റെ വരവോടുകൂടി – എല്ലാ പൂർവ്വ മതങ്ങളും, മതഗ്രന്ഥങ്ങളും അസാധുവായി' എന്നിങ്ങനെ നബിതിരുമേനി പഠിപ്പിക്കാത്തതും, ഖുർആനികാശയങ്ങൾക്കു കടകവിരുദ്ധവുമായ 'സുന്നിആശയങ്ങൾ' – നബി മുതൽ ഖലീഫാ ഉമർ വരെയുള്ള ഭരണാധികാരികളുടെ 'അജണ്ട'യിലേ ഇല്ലാതിരുന്ന – അവർ സ്വപ്നത്തിൽ പോലും കാണാത്ത സുന്നി ആശയങ്ങൾ – തലയിൽ നിന്ന് ഇറക്കിവെച്ചാൽ മാത്രമെ, ഖുർആനിലെ പല മഹത്തായ ആശയങ്ങളും തത്വങ്ങളും തലയിൽ കയറുകയുള്ളൂ...! അപ്പോൾ മാത്രമേ ഇന്നത്തെ ജനാധിപത്യമര്യാദകളും ഖുർആൻ പഠിപ്പിക്കുന്ന ഏകദൈവാധിഷ്ഠിത ജനാധിപത്യമര്യാദകളും തത്വത്തിലും ഫലത്തിലും ഒന്നാണെന്ന തിരിച്ചറിവിൽ നാം എത്തുകയുള്ളൂ...!

നബിയായാലും, രാജാവായാലും, പ്രസിഡണ്ടായാലും, പ്രധാനമന്ത്രിയായാലും, എല്ലാ കാര്യങ്ങളും കൂടിയാലോചനയിലൂടെ തീരുമാനിക്കണമെന്നാണ് (3:159, 42:38) ഖുർആൻ പഠിപ്പിക്കുന്നത്. അതേപോലെ വിശ്വാസികൾക്ക് (മുസ്ലീംകൾക്ക്) അവരുടെ വിശ്വാസാചാരങ്ങൾക്കനുസരിച്ച് ജീവിക്കാൻ സ്വാതന്ത്ര്യമുള്ള ഏതു നാട്ടിലായാലും – വിദേശത്തായാലും, സ്വദേശത്തായാലും – അവിടെയുള്ള – അതാതുകാലങ്ങളിലുള്ള – ഭരണകർത്താക്കളുടെ കൽപ്പനകളും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും സ്വീകരിക്കണം (4:59, 8:1) എന്നാണ് ഖുർആനിന്റെ മറ്റൊരു കൽപ്പന...! വ്യക്തവും സ്പഷ്ടവുമായ ദൈവനിഷേധവും, പരസ്യമായ പരലോകനിഷേധവും മറ്റുള്ളവർക്ക് ഹാനികരവും – ഉപദ്രവങ്ങളുണ്ടാക്കുന്നതും, കുറ്റകരമായ പാപങ്ങൾ ചെയ്യുന്നതും, സത്യവിശ്വാസികളെ പുറത്താക്കുന്നതും – അതിനു പ്രേരിപ്പിക്കുന്നവരുമായ – നാട്ടിലെ ഭരണാധികാരികളോടും, ഗവർമ്മെണ്ടിനോടും മാത്രമേ 'ജിഹാദു' ചെയ്യാൻ (ധർമ്മസമരം) ചെയ്യാൻ ഖുർആൻ കൽപ്പിച്ചിട്ടുള്ളു. (26:227), (9:12,13), (49 : 11) അത്തരംസന്ദർഭത്തിൽ സത്യനിഷേധികൾക്കെതിരെ യുദ്ധം ചെയ്യാനും, അക്രമങ്ങൾക്കെതിരെ പ്രതിഷേധിക്കാനും കഴിവില്ലാത്തവർ, അതിനു സ്വാതന്ത്ര്യമുള്ള നാട്ടിലേക്കു പോകണം..! കാരണം ദൈവത്തിന്റെ ഭൂമി വിശാലമാണ്..! അതിനും കഴിവില്ലാത്തവരോടാണ് – (യുദ്ധം ചെയ്യാനും, പ്രതിഷേധിക്കാനും, നാടുവിടാനും കഴിവില്ലാത്തവരോട്) – എല്ലാം ദൈവത്തിൽ അർപ്പിച്ചു ക്ഷമാപൂർവ്വം അടങ്ങിയൊതുങ്ങി, 'അഡ്ജസ്റ്റ് ചെയ്തു ' ജീവിക്കാൻ ഖുർആനും, മുഹമ്മദ് നബിയും, ഇമാം അലിയും, ഇമാം അബൂഹനീഫയുമൊക്കെ പഠിപ്പിച്ചത്..!! (ഇത്തരം ഒരു അവസ്ഥാവിശേഷം മക്കയിൽ ഉണ്ടായപ്പോഴാണ് നബി തന്റെ വിശ്വസ്ഥരായ അനുയായികളോട് അബിസീനിയയിലേക്ക് 'ഹിജ്റ' പോകാൻ – പാലായനം ചെയ്യാൻ – കൽപ്പിച്ചത്. ഒടുവിൽ നബിയുടെ ജീവനും അപകടത്തിലായപ്പോൾ തന്റെ വിശ്വസ്തരായ ഒരു പറ്റം കൂട്ടുകാരോടൊപ്പം നബിയും 'മദീന'യിൽ അഭയം തേടി..!! അവിടെ വെച്ചാണ് മാതൃകാപരമായ ഒരു 'ഇസ്ലാമിക



സമൂഹവും', 'ഇസ്ലാമിക രാഷ്ട്രവും' നബി കെട്ടിപ്പടുത്തത്..!! ഏകദൈവവിശ്വാസം, പരലോകവിശ്വാസം, പരോപകാരമുള്ള സൽകർമ്മങ്ങൾ എന്നിവയാണ് ഇസ്ലാമിന്റെ 'സ്തംഭ ത്രയങ്ങൾ'..! (2:62, 5:48). അത്തരം വിശ്വാസങ്ങളെ ഹനിക്കാതെ – വികൃതമാക്കാതെ – മതത്തിൽ എന്തു പരിഷ്കരണ പ്രവർത്തനങ്ങൾ വരുത്താനും നടപ്പിലാക്കാനും 'ഇസ്ലാമിന്റെ ഖലീഫക്ക്' അവകാശമുണ്ട്..!! അതനുസരിക്കാൻ മുസ്ലീംകൾ ബാധ്യസ്ഥരുമാണ്..!! **മത-ശാസ്ത്ര-സാഹിത്യ-സാങ്കേതികരംഗത്തുള്ള എല്ലാ പുത്തൻ കണ്ടുപിടുത്തങ്ങളും, പ്രവണതകളും പരീക്ഷിക്കാനും, നടപ്പിലാക്കാനും ബാധ്യസ്ഥരാണ് മുസ്ലിംഭരണാധികാരികൾ..!!**

## 'പ്രസക്ത'മായ ഒരു ചോദ്യവും അതിനുള്ള മറുപടിയും..!

'ഒരമ്മക്ക് അഞ്ചുമക്കളുണ്ട്, അതിൽ മൂന്നു മക്കൾ അമ്മയെ തല്ലണം എന്നു പറഞ്ഞാൽ, ആ അമ്മക്ക് തല്ല് കിട്ടും – കാരണം ഭൂരിപക്ഷം അവർക്കാണ് – ഇതാണ് ജനാധിപത്യം..! ഇതു ഇസ്ലാമികമല്ല..! അതുകൊണ്ട് മുസ്ലീംകൾക്കു (സുന്നികൾക്ക്) ജനാധിപത്യത്തെ ന്യായീകരിക്കാൻ സാധ്യമല്ല. പണ്ടു 'ഹുക്കുമത്തെ ഇലാഹി' ('ഇസ്ലാമിക – ദൈവിക- ഭരണം') ഉണ്ടാക്കാൻ നടന്ന ചില വർഗ്ഗീയവാദികളുടെ 'ഉഗ്രൻ' വാദങ്ങളിലൊന്നായിരുന്നു ഇത്...!!

ആ വാദത്തിനു നമുക്കുള്ള മറുപടി ഇതാണ്. നല്ലൊരമ്മക്ക് – ദൈവവിശ്വാസിയായ ഒരമ്മക്ക് – ഒരിക്കലും അടി കിട്ടില്ല. ഏതെങ്കിലും ഒരമ്മയ്ക്ക് അടി കിട്ടിയിട്ടുണ്ടെങ്കിൽ അത് ആ അമ്മയുടെ 'കയ്യിലിരിപ്പു' കൊണ്ടാണ് – അസൂയ, കുശുമ്പ്, ക്രൂരത, പിശുക്ക്, സ്വജനപക്ഷപാതം, നിരുത്തരവാദപരമായ പെരുമാറ്റം, എന്നിവ കാരണം ഏതെങ്കിലും ഒരമ്മക്ക് അടി കിട്ടിയിട്ടുണ്ടെങ്കിൽ, അതിന് ജനാധിപത്യമോ ദൈവമോ ഉത്തരവാദിയുമല്ല..!!

ഇനി മക്കൾ മുഴുവൻ തെമ്മാടികളായാൽ പോലും നല്ലൊരമ്മക്ക് അടി കിട്ടില്ല.. അടി കിട്ടാതെ 'സാഹചര്യ'ത്തിനനുസരിച്ച്, ജീവിക്കാൻ ആ വിശ്വാസിനിയായ അമ്മ പഠിച്ചിരിക്കും. അവരെ സഹായിക്കാനും അവർക്ക് പിൻബലം നൽകാനും ദൈവവിശ്വാസികളായ മക്കളോ, മറ്റു ജനങ്ങളോ, ഭരണാധികാരികളോ, ആ നാട്ടിൽ എവിടെയെങ്കിലും ദൈവം ഉണ്ടാക്കിയിരിക്കും..! ആരുടെ സഹായമില്ലെങ്കിലും വിശ്വാസിയായ ആ അമ്മ ദൈവത്തിന്റെ അദൃശ്യമായ ഒരു സഹായത്തോടെ എല്ലാ പ്രതിസന്ധിയിലും പിടിച്ചു നിൽക്കും എന്നു സാരം..! അങ്ങിനെ സത്യനിഷേധികളെക്കൊണ്ടും, സത്യനിഷേധികളായ ഭരണകർത്താക്കളെക്കൊണ്ടും നാട്ടിലും വീട്ടിലും നിൽക്കാൻ പറ്റാത്ത അവസ്ഥയുണ്ടെങ്കിൽ മാത്രമാണ് ആ അമ്മയോട് അല്ലാഹുവിന്റെ വിശാലമായ ഭൂമിയിൽ സഞ്ചരിച്ച് സുരക്ഷിതവും ജീവിതയോഗ്യവുമായ ഒരു സ്ഥലം കണ്ടുപിടിച്ചു മനസ്സമാധാനത്തോടെ ജീവിച്ചുകൊള്ളാൻ ഖുർആൻ (ദൈവം) കൽപ്പിച്ചിട്ടുള്ളത്..! അപ്പോൾ ആ അമ്മയുടെ കാര്യം അല്ലാഹു നോക്കിക്കൊള്ളും..!! ആ അമ്മയെ ഓർത്തു ഒരു 'വർഗ്ഗീയവാദി'യും മുതലക്കണ്ണീരൊഴുക്കേണ്ട

എന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്..!! ആ അമ്മയെ കൂട്ടുപിടിച്ച് ഒരു വർഗ്ഗീയവാദിയും ഇവിടെ 'ഹുക്കുമത്തെഇലാഹിയും', 'ത്വാലിബാനും' ഉണ്ടാക്കരുത് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത് എന്നർത്ഥം..!

**ചുരുക്കത്തിൽ, ശരിയായ ദൈവവിശ്വാസത്തിൽ നിന്ന് (തൗഹീദിൽനിന്ന്) വ്യതിചലിക്കാതെ, മതത്തിൽ - ജീവിതത്തിൽ - എന്തു പരിഷ്കരണപ്രവർത്തനങ്ങളും നടത്താം, നിങ്ങളിൽ നിന്നുള്ള അതതു കാലത്തെ ഭരണകർത്താക്കളെയും പണ്ഡിതന്മാരെയും, നേതാക്കൻമാരെയും അനുസരിക്കുക (4:59), ദൈവികമതമേതായാലും, മനുഷ്യൻ നന്നായാൽ മതി (2:62, 5:48), മതത്തിൽ യാതൊരു നിർബന്ധവുമില്ല (2:256, 18:29), വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗമുണ്ട്. (2:25....103:3) ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ പൊതുവെ സ്വീകാര്യമായ ഏക ദൈവ വിശ്വാസം (തൗഹീദ്) എന്ന മിനിമം പരിപാടിയിൽ പരസ്പരം സഹകരിച്ചു മുന്നോട്ടു പോവുക, (3:64) കാര്യങ്ങളെല്ലാം കൂടിയാലോചനയിലൂടെ തീരുമാനിക്കുക (3:159, 42:38) എന്നിങ്ങനെ, സർവ്വമതസത്യവാദവും, മതേതരത്വവും, വിശാലവീക്ഷണവും വിളിച്ചോതുന്ന മുന്നൂറിൽപരം ഖുർആൻ വചനങ്ങൾ ഇസ്ലാമും ജനാധിപത്യവും തമ്മിൽ വൈരുദ്ധമില്ല എന്നതിന്റെ അനിഷേധ്യമായ തെളിവുകളാണ്..!!**

## മദീന ഉടമ്പടി (Charter of Madina)

നബിതിരുമേനി ആദ്യമായി ജൂതന്മാരുടെ സഹകരണത്തോടെ മദീന ആസ്ഥാനമായി ഒരു 'ഇസ്ലാമിക ജനാധിപത്യരാഷ്ട്രമുണ്ടാക്കിയപ്പോൾ' അവിടുത്തെ ജൂതന്മാരുമായുണ്ടാക്കിയ ഉടമ്പടികളിലെ വിശദാംശങ്ങൾ പഠിച്ചാൽ, ഇസ്ലാമിന്റെ (ഖുർആനിന്റെ) ലിബറൽ സ്വാഭാവവും, ജനാധിപത്യമര്യാദകളും നമുക്ക് ബോധ്യപ്പെടും. ഇസ്ലാമിക രാഷ്ട്രം എന്നു പറഞ്ഞാൽ ഏകദൈവത്തിലും, അന്ത്യദിനത്തിലും, വിശ്വസിച്ചുകൊണ്ട് പരസ്പരം സൽകർമ്മങ്ങൾ ചെയ്തു സഹകരിച്ചുജീവിക്കുന്ന വിശ്വാസികളുടെ ഭരണമാണ്. അവിടെ നബിയുടെ യഥാർത്ഥ നമസ്കാരവും നോമ്പും ഹജ്ജും മറ്റു സുന്നത്തുകളും (നടപടിക്രമങ്ങളും) അനുസരിച്ചു ജീവിക്കുന്ന നബിയുടെ അനുയായികളും ശരിയായ ദൈവവിശ്വാസികളും തമ്മിൽ ഒരേ രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയ്ക്ക് യാതൊരു വിവേചനമോ വ്യത്യാസമോ ഉണ്ടായിരിക്കുന്നതല്ല. (2:62, 5:48). അതൊരു തിരഞ്ഞെടുക്കപ്പെട്ട ഖലീഫയുടെ കീഴിലാവാം, ദൈവവിശ്വാസിയായ രാജാവിന്റെ കീഴിലാവാം. അല്ലെങ്കിൽ ദൈവവിശ്വാസികളായ ജനപ്രതിനിധികൾക്കു കീഴിലുള്ള പാർലിമെന്ററി ഭരണസമ്പ്രദായമാകാം..!! അങ്ങിനെ നോക്കുമ്പോൾ ഭൂരിപക്ഷം വരുന്ന ദൈവവിശ്വാസികളായ എം.പി. മാർ ഭരിക്കുന്ന, ഇന്ത്യ, ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ ജനാധിപത്യരാജ്യങ്ങളാണ് ഖുർആനിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ ഇസ്ലാമിക രാഷ്ട്രങ്ങൾ..!! ഇതും പിന്നീട് വിശദമാക്കുന്നുണ്ട്..!!



### 'മദീന ഉടമ്പടി'യിലെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധിക്കുക...!

'ഇസ്ലാം ആശ്ലേഷിച്ച മദീനാ നിവാസികളുടെയും (അൻസാറുകളുടെയും) ഇസ്ലാം മതം സ്വീകരിച്ചു മക്കയിൽ നിന്നു നബിയോടൊപ്പം വന്നു മദീനയിൽ താമസമാക്കിയ ഖുറൈശികളുടെയും (മുഹാജിറുകളുടെയും) അവരെ എല്ലാ നിലയിലും - യുദ്ധത്തിലും സമാധാനത്തിലും - സഹായിക്കാമെന്നേറ്റ ജൂതന്മാരുടെയും അറിവിലേയ്ക്കായി ദൈവദൂതനായ മുഹമ്മദിൽ നിന്നുള്ള വിജ്ഞാപനം.

1) യഥ്രിബ്താഴ്വരയെ (മദീനയെ) ഇനി മേലിൽ ഒരു സമാധാനത്തിന്റെ താഴ്വരയായി, ജൂതന്മാരും മുസ്ലീംകളും കണക്കാക്കേണ്ടതാകുന്നു. മുസ്ലീംകളും ജൂതന്മാരും ചേർന്ന (Ummah) ഒരു സ്വതന്ത്ര രാജ്യമായിരിക്കും മദീന (Republic of Madina).

2) **ആരാധനാ സ്വാതന്ത്ര്യവും സഹിഷ്ണുതയും** - മദീനയിലെ ജൂതന്മാരും, മുസ്ലീംകളും പരസ്പരം ബഹുമാനത്തിലും, സഹിഷ്ണുതയിലും, സ്നേഹത്തിലും വർത്തിക്കേണ്ടതാണ്. മതാചാരങ്ങളുടെയും, ആരാധനകളുടെയും, മതഗ്രന്ഥങ്ങളുടെയും പേരിൽ ജൂതന്മാർ മുസ്ലീംകളെയോ, മുസ്ലീംകൾ ജൂതന്മാരെയോ കളിയാക്കാനോ, പരിഹസിക്കാനോ പാടുള്ളതല്ല.

ജൂതന്മാർക്ക് അവരുടെ മതാചാരങ്ങൾ അനുസരിച്ച് ജീവിക്കാനുള്ള എല്ലാവിധ സ്വാതന്ത്ര്യവും ഉണ്ടായിരിക്കും..!! ജൂതന്മാരുടെ അതിഥികളായും, കക്ഷികളായും (അയൽനാട്ടിൽ നിന്ന്) എത്തുന്നവരുടെ സഹോദരന്മാർക്കും ഇതേ സ്വാതന്ത്ര്യവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. ഈ ഉടമ്പടിക്കെതിരായി ഏതെങ്കിലും ജൂതനോ മുസ്ലീമോ പ്രവർത്തിച്ചാൽ അവനെതിരെ ന്യായമായി പ്രതികരിക്കാനും, നടപടിയെടുക്കാനും ബന്ധപ്പെട്ട വ്യക്തിയുടെ കുടുംബാംഗങ്ങളോ, അവരുടെ കുടുംബനാഥനോ ബാധ്യസ്ഥനാണ്. അല്ലാത്തപക്ഷം ദൈവദൂതനായ മുഹമ്മദ് ഖുർആൻ അനുസരിച്ച്, അന്തിമവിധിയും, ശിക്ഷയും പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതുമായിരിക്കും. പരമാധികാരം അല്ലാഹുവിന്നും അതു നടപ്പിലാക്കാനുള്ള ബാധ്യത ദൈവദൂതനായ മുഹമ്മദിനുമായിരിക്കും..!!

3) മദീനാ നഗരിയെയും താഴ്വരെയെയും പുറത്തുനിന്നുള്ള ഏതെങ്കിലും ഗോത്രങ്ങളോ, കുടുംബങ്ങളോ ആക്രമിക്കാനോ, തകർക്കാനോ ശ്രമിക്കുന്ന പക്ഷം മുസ്ലീംകളും ജൂതന്മാരും ചേർന്ന് അതിനെ നേരിടുന്നതായിരിക്കും..!! അത്തരം യുദ്ധങ്ങളുടെ ചിലവ് പൂർണ്ണമായും രണ്ടുകൂട്ടരും തുല്യമായി വഹിക്കേണ്ടതാകുന്നു.

4) ദൈവദൂതനായ മുഹമ്മദിന്റെ അനുമതിയില്ലാതെ മദീനയിലെ ഒരു മുസ്ലീമിനോ, ജൂതനോ, അവരുടെ കുടുംബത്തിനോ, ഗോത്രത്തിനോ ഒരു സൈനിക നീക്കവും നടത്താൻ പാടുള്ളതല്ല. കുടുംബപരവും, ഭൗതികവും, രാഷ്ട്രീയവുമായ പരാതികളും തർക്കങ്ങളുമുണ്ടായാൽ തീർപ്പുകൽപ്പിക്കാനുള്ള പരമാ

ധികാരം അല്ലാഹുവിനും അവന്റെ ദൂതനുമായിരിക്കും. അതനുസരിക്കാൻ മദീനയിലെ ജൂതന്മാരും മുസ്ലീംകളും ഒരുപോലെ ബാധ്യസ്ഥരാണ്..!

5) യുദ്ധത്തിലും സമാധാനത്തിലും, ജൂതന്മാരും മുസ്ലീംകളും ഒരുപോലെ-തുല്യമായ ഉത്തരവാദിത്വബോധത്തോടെ - വർത്തിക്കേണ്ടതാണ്..! വീടിനകത്തും പുറത്തും, ജൂതന്മാരും മുസ്ലീംകളും, അവരുടെ സ്ഥാവരജംഗമസ്വത്തുക്കളും, ഒരുപോലെ (നബിയുടെ ഭരണത്തിൽ) സുരക്ഷിതമായിരിക്കും.

6) മുസ്ലീംകൾ ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്തുകൊണ്ടിരിക്കേ (അഥവാ തങ്ങളുടെ പൂർവ്വികരും, ബദ്ധശത്രുക്കളുമായ, മക്കക്കാരായ, ഖുറൈശികളുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കേ (Religious War) മക്കയിലെ ഖുറൈശികളുമായി, മദീനയിലെ ഒറ്റപ്പെട്ട വ്യക്തികളോ, ഗോത്രങ്ങളോ, ജൂതന്മാരോ, യാതൊരുവിധ ഉടമ്പടിയോ, കരാറോ ഉണ്ടാക്കാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നത് 'രാജ്യദ്രോഹ' മായി കണക്കാക്കുന്നതായിരിക്കും...!!

മദീനയുടെ സുരക്ഷക്കും ഭദ്രതക്കും വേണ്ടി (മതപരമല്ലാത്ത - രാഷ്ട്രീയവും വാണിജ്യപരവുമായ കാരണങ്ങളാൽ ഉണ്ടായേക്കാവുന്ന യുദ്ധത്തിൽ) മുസ്ലീംകൾ ജൂതന്മാരോട് സഹായമഭ്യർത്ഥിച്ചാൽ ജൂതന്മാർ അതനുസരിക്കേണ്ടതും, യുദ്ധത്തിന്റെ പൂർണ്ണമായ ചിലവ് മുസ്ലീംകൾവഹിക്കേണ്ടതുമാണ്. അതേപോലെ ജൂതന്മാരുടെ (മതപരമല്ലാത്ത) ഏതെങ്കിലും പ്രതിസന്ധിഘട്ടത്തിൽ മുസ്ലീംകളോട് സഹായമഭ്യർത്ഥിച്ചാൽ മുസ്ലീംകളും, അതനുസരിക്കാനും സഹായിക്കാനും ബാദ്ധ്യസ്ഥരാണ്. ആ യുദ്ധത്തിന്റെയോ, സൈനികനീക്കത്തിന്റെയോ പൂർണ്ണചിലവ് ജൂതന്മാർ വഹിക്കേണ്ടതുമാണ്..!!

7) മദീനയിലെ മുസ്ലീംകളെ പ്രഖ്യാപിത ശത്രുക്കളായി കാണുന്ന മക്കയിലെ ഖുറൈശികൾക്ക് യാതൊരു അഭയമോ, സഹായമോ, നൽകാൻ മദീനയിലെ ജൂതന്മാരടക്കമുള്ള അമുസ്ലീംകൾക്കു പാടില്ലാത്തതാകുന്നു...!

8) മദീനാ നിവാസികളുടെ സ്വൈര്യജീവിതത്തിനും, സമാധാനത്തിനും, ഭീഷണിയായി (Public nuisance) പാപങ്ങളും (കള്ളുകുടി, വ്യഭിചാരം, ചൂതുകളി, മോഷണം, പന്നിവളർത്തൽ തുടങ്ങിയ) കുറ്റകൃത്യങ്ങളും, വിഘടനവാദവും, പ്രോത്സാഹിപ്പിക്കുന്ന എല്ലാവരെയും 'മുഖംനോക്കാതെ' നിയമത്തിനു മുമ്പിൽ കൊണ്ടുവരാനും, ശിക്ഷിപ്പിക്കാനും, മുസ്ലീംകളും, ജൂതന്മാരും ഒരുപോലെ ബാദ്ധ്യസ്ഥരാണ്. അതു സ്വന്തം മകനായാൽപ്പോലും..!! കുഴപ്പം നീണ്ടുപോകുകയും, നീതിയും നന്മയും നടപ്പിൽവരാൻ വൈകുകയും ചെയ്യുന്ന പക്ഷം, ദൈവദൂതനായ മുഹമ്മദ് ഇടപെടുന്നതും, ഖുർആൻ അനുസരിച്ച് നീതിയും ന്യായവും നടപ്പിലാക്കുന്നതുമായിരിക്കും..!!

9) (വിശ്വാസവഞ്ചന കാണിച്ചുകൊണ്ട് അവിശ്വാസികൾക്കു വേണ്ടി) ഒരു വിശ്വാസിയും മറ്റൊരു വിശ്വാസിയെ കൊല്ലാനോ, സ്വന്തം സഹോദരനെ അപകടപ്പെടുത്താനോ, അപകീർത്തിപ്പെടുത്താനോ, അതിനു സഹായിക്കാനോ പാടുള്ളതല്ല. ആരെങ്കിലും അങ്ങനെ ചെയ്യുന്നപക്ഷം അത് 'രാജ്യദ്രോഹ' മായി കണക്കാക്കപ്പെടുന്നതും, അതികഠിനമായ 'പ്രതിക്രിയ' നടപ്പിലാക്കുന്നതുമായിരിക്കും..! അത്തരം കൊടിയപാപങ്ങൾ നിമിത്തം ശാശ്വതമായ ദൈവകോപവും, ദൈവശാപവും ഏറ്റു വാങ്ങുകയാണ് അവർ ചെയ്യുന്നത്. ഇഹലോക ശിക്ഷക്കു പുറമെ അവർ ശാശ്വതമായ നരകത്തിലുമായിരിക്കും.



10) സഖ്യത്തിലിരിക്കേ, ഒരു വിശ്വാസിയേയോ, ജൂതനെയോ, ഒരാൾ മനപൂർവ്വം കൊന്നാൽ, ആ കൊലയാളിക്കെതിരെ പ്രതികാരനടപടി (പ്രതിക്രിയ - വധശിക്ഷ) യെടുക്കാനുള്ള അധികാരവും അനുമതിയും വധിക്കപ്പെട്ടവന്റെ കുടുംബത്തിനും, ഭരണകൂടത്തിനും ഉണ്ടായിരിക്കും. വധിക്കപ്പെട്ടവന്റെ ഏറ്റവും അടുത്ത ബന്ധുക്കളോ, ആശ്രിതരോ, നഷ്ടപരിഹാരം (Blood, Money) സ്വീകരിച്ചുമാപ്പുകൊടുക്കുന്നതുവരെ..!!

11) ആരെങ്കിലും ഒരു വിശ്വാസിയെ അബദ്ധത്തിൽ കൊന്നാൽ അതിനുപ്രായശ്ചിത്തമായി ഒരടിമയെ മോചിപ്പിക്കേണ്ടതും, അവന്റെ (കൊല്ലപ്പെട്ടവന്റെ) അവകാശികൾക്ക് നഷ്ടപരിഹാരം (Blood, Money) നൽകേണ്ടതുമാണ്. കൊല്ലപ്പെട്ടവന്റെ അവകാശികൾ അതു ഉദാരമായി വിട്ടുതന്നാലൊഴികെ..!!

അതേപോലെ (മുസ്ലീംകളുമായി സഖ്യത്തിലുള്ള ഗോത്രത്തിൽപ്പെട്ട) ഒരു ജൂതൻ അബദ്ധവശാൽ ഒരു വിശ്വാസിയുടെ കൈകൊണ്ട് കൊല്ലപ്പെടുകയാണെങ്കിൽ, അതിനു പ്രായശ്ചിത്തമായി ആ കൊലയാളിയായ മുസ്ലീം ഒരടിമയെ മോചിപ്പിക്കേണ്ടതും, നഷ്ടപ്പെട്ട ജൂതന്റെ കുടുംബത്തിന് അവർ ആവശ്യപ്പെടുന്ന നഷ്ടപരിഹാരത്തുക (Blood, Money) നൽകേണ്ടതുമാണ്. നഷ്ടപരിഹാരത്തുകയും, പിഴയും, സ്വരൂപിക്കാനും, നൽകാനുമുള്ള പൂർണ്ണഉത്തരവാദിത്വം കൊലയാളിയുടെ കുടുംബത്തിലോ, ഗോത്രത്തിലോ ഉള്ള അവന്റെ അടുത്ത ബന്ധുക്കൾക്കുമാത്രമായിരിക്കും..!!

12) വിശ്വാസികളുടെ പരസ്പരസ്നേഹവും ഉത്തരവാദിത്വവും:-

വിശ്വാസികൾ മദീനാ നഗരിയെ 'അല്ലാഹുവിന്റെ ഭരണകൂട'മായി കാണേണ്ടതാണ് (ഗാന്ധിജിയുടെ 'രാമരാജ്യ'വും ഇതുതന്നെ). അതുകൊണ്ടുതന്നെ ഈ വിശ്വാസികൾക്കിടയിലെ, സാമ്പത്തികമായും, സാമൂഹികമായും, കുടുംബപരമായും, ഏറ്റവും താഴെക്കിടയിലുള്ള ദുർബ്ബലന്നുപോലും, നീതിയും, ന്യായവും, നന്മയും, ജീവിത സൗകര്യങ്ങളും ഒരുപോലെ ഉറപ്പുവരുത്താൻ എല്ലാ വിശ്വാസികളും ദൈവദൂതനും ബാദ്ധ്യസ്ഥരാണ്..!! വിശ്വാസികൾ പരസ്പരം സഹോദരന്മാരാണ്. നന്മ കൽപ്പിക്കാനും, തിന്മയെ തടുക്കാനും പ്രതിജ്ഞാബദ്ധരായി ജന്മംകൊണ്ട, ഭൂമിയിലെ ഏറ്റവും ഉത്തമസമൂഹമാണ് മദീനയിലെ മുസ്ലീംകൾ..!! അതുകൊണ്ടുതന്നെ ആ വിശ്വാസികൾക്കിടയിലെ ഏറ്റവും ദുർബ്ബലനായ വ്യക്തിയുടെ എല്ലാ അവകാശങ്ങളും, ആഗ്രഹങ്ങളും - അവന്റെ അഭിമാനവും, രക്തവും, സമ്പത്തും-ഓരോ വിശ്വാസിയും പവിത്രമായിക്കരുതേണ്ടതും, സംരക്ഷിക്കേണ്ടതുമാണ്..!! ജൂതന്മാരിൽ നിന്നും, അറേബ്യയിലെ മറ്റു അമുസ്ലീം ഗോത്രങ്ങളിൽ നിന്നും നബിയിൽ വിശ്വസിച്ചുകൊണ്ട് മുസ്ലീംകളായി 'അള്ളാഹുവിന്റെ മാർഗ്ഗ'ത്തിലേക്കു വരുന്നവരും ഈ രീതിയിൽ തുല്യമായി

പരിഗണിക്കപ്പെടുന്നതും, സംരക്ഷിക്കപ്പെടുന്നതുമായിരിക്കും..!!

13) യുദ്ധത്തിലും സമാധാനത്തിലും മുസ്ലീംകളും, ജൂതന്മാരും ഒരുപോലെ - തുല്യമായ ഉത്തരവാദിത്വത്തോടെ വർത്തിക്കേണ്ടതാണ്. വീട്ടിനകത്തും പുറത്തും മുസ്ലീംകളും, ജൂതന്മാരും, അവരുടെ സ്ഥാവരജംഗമവസ്തുക്കളും ഒരുപോലെ നബിയുടെ ഇസ്ലാമിക ഭരണത്തിൽ സുരക്ഷിതമായിരിക്കും. ഉടമ്പടി നിലനിൽക്കുന്നകാലമത്രയും ജൂതന്മാരും മുസ്ലീംകളും പരസ്പരവിശ്വാസത്തിലും, സ്നേഹത്തിലും, ബഹുമാനത്തിലും, വർത്തിക്കേണ്ടതാണ്. ഈ ഉടമ്പടിക്കെതിരെ പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയെയും, ഗോത്രത്തെയും, മുസ്ലീംകളും, ജൂതന്മാരും ഒന്നിച്ച് എതിർക്കുന്നതായിരിക്കും..!! ജൂതന്മാരും മുസ്ലീംകളും ഈ ഉടമ്പടികളെ വളരെ പാവനമായും ഗൗരവത്തോടെയും ബഹുമാനത്തോടെയും വീക്ഷിക്കേണ്ടതാണ്...!'(ഇബ്നു സഅദ് (ത്വബഖാത്ത്, ത്വബരി, ഇബ്നു ഇസ്ഹാക്ക്, William Muir, Philip K. Hitti, Mazharul Haq-History of Islam)

നോക്കൂ.. ആദ്യമായി താൻ കീഴടക്കുകയും, തന്റെ മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്ത ഗോത്രങ്ങളിലെ പ്രതിനിധികളുടെ സഹായത്തോടെ ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ, ഒരു ജനാധിപത്യഭരണക്രമം മദീനയിൽ സ്ഥാപിച്ചപ്പോൾ, ജൂതന്മാരോടൊപ്പം ചേർന്ന് തോളോടുതോൾ ചേർന്നു പ്രവർത്തിക്കുകയായിരുന്നു നബി ചെയ്തിരുന്നത്. മാത്രമല്ല പ്രാർത്ഥിക്കുമ്പോൾ നബിയും കൂട്ടുകാരും 'ഖിബ്ല'യാക്കിയിരുന്നത്, ജൂതന്മാരുടെ കേന്ദ്രമായ ജറുസലേമിലെ പാവനമായ മസ്ജിദുൽ അഖ്സയായിരുന്നു. (അഥവാ ജൂതന്മാരും മുസ്ലീംകളും മദീനയിൽ നിന്ന് ഒരേ ദിശയിലേക്കു തിരിഞ്ഞുനിന്നാണ് പ്രാർത്ഥിച്ചിരുന്നത്). മോസസുമായി (മൂസാനബിയുടെ ചരിത്രവുമായി) ബന്ധപ്പെട്ടു ജൂതന്മാർ അനുഷ്ഠിച്ചുവന്നിരുന്ന ആഷുറാനോമ്പും (റംസാനിൽ നോമ്പു നോൽക്കുക എന്ന നടപടിക്രമം വരുന്നതിന് മുമ്പ്) നോൽക്കുവാൻ നബി മദീനയിലെ മുസ്ലീംകൾക്ക് ഉപദേശം നൽകി. മാത്രമല്ല ജൂതന്മാരുണ്ടാക്കിയ ഭക്ഷണം കഴിക്കുന്നതും, അവരിൽ നിന്നുള്ള സ്ത്രീകളെ വിവാഹം കഴിക്കുന്നതും അനുവദനീയമായി ആ ദൈവദൂതൻ പ്രഖ്യാപിക്കുകയും ചെയ്തു..!!

'മദീനാഉടമ്പടി'യിലെ വ്യവസ്ഥകൾ ശ്രദ്ധാപൂർവ്വം വായിക്കുന്ന ഏതൊരാൾക്കും, നബിയും ഖുർആനും മദീനയിലുണ്ടാക്കിയ - അല്ലെങ്കിൽ അറേബ്യയിൽ ഉണ്ടാക്കാൻ പോകുന്ന - മതപരവും, സാമൂഹികവും രാഷ്ട്രീയവുമായ വമ്പിച്ച മാറ്റങ്ങളുടെ രൂപം ഇവിടെ നമുക്ക് കാണാൻ കഴിയും. ഒന്നാമത്തെമാറ്റം, പരസ്പരം ശത്രുക്കളായി, യുദ്ധം ചെയ്തുകൊണ്ടിരുന്ന അങ്ങിനെ അഗ്നികുണ്ഢത്തിന്റെ വക്കിലായിരുന്ന അറേബ്യൻ ഗോത്രങ്ങളെ 'ഏകദൈവവിശ്വാസം' എന്ന 'തൗഹീദി'ൽ ഏകീകരിച്ചു ശാന്തിയും സമാധാനവും കളിയാടുന്ന ഒരു 'സ്വതന്ത്രരാഷ്ട്രമായി നബി മാറ്റി എന്നതായിരുന്നു...!! (മദീനയും ഖൈബറും, പരിസര പ്രദേശങ്ങളും ഉൾക്കൊള്ളുന്ന വടക്കൻ അറേബ്യയിലെ എല്ലാ ഗോത്രങ്ങളെയും) നബി ഒരു രാഷ്ട്രമായി ഒന്നിപ്പിച്ചു. അവിടെ പരമാധികാരം അല്ലാഹുവിനും, അതു നടപ്പിലാക്കാനുള്ള 'ഖലീഫ' (ദൈവത്തിന്റെ



പ്രതിനിധി) നബിയുമായിരുന്നു. ആ ഖലീഫയാകട്ടെ ജനങ്ങളുടെ പ്രതിനിധി കൂടിയായിരുന്നു...!! ആ ദൈവദൂതൻ വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച പുത്തൻ നിയമങ്ങളുടെയും, പ്രസ്താവനകളുടെയും വെളിച്ചത്തിൽ മദീനക്കു ചുറ്റുമുണ്ടായിരുന്ന എല്ലാ ഗോത്രങ്ങളുടെയും, വ്യക്തികളുടെയും കലഹങ്ങളും, ഭിന്നിപ്പും അവസാനിച്ചു. മദീനയിലെ ജൂതന്മാരുടെയും മുസ്ലീംകളുടെയും ജീവനും സ്വത്തുക്കളും നബിയുടെ 'ഇസ്ലാമിക ഭരണത്തിൽ' (ദൈവികജനാധിപത്യ ഭരണത്തിൽ) പൂർവ്വാധികം സുരക്ഷിതമായിരിക്കുമെന്ന് നബി പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്തു..!! വർണ്ണമോ, ഗോത്രമോ, ഭാഷയോ, നോക്കാതെ ജൂതനും മുസ്ലീമിന്നും ഒരേ അവകാശവും, അതേ സമയം ഒരു 'ദൈവികരാജ്യ'ത്തിലെ പൗരനെന്ന നിലക്കുള്ള ഒരേ ബാധ്യതയും അവരുടെ മനസ്സിൽ പ്രതിഷ്ഠിക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിലെപ്പോലെ (അജ്ഞാനകാലത്ത് - ജിഹിലിയ്യാ കാലഘട്ടത്തിൽ ഉണ്ടായിരുന്നപോലെ) തെറ്റു ചെയ്തവനും കൊലപാതകിയും - അവൻ ഉയർന്ന ഗോത്രക്കാരനായതുകൊണ്ടോ, 'സ്വന്തം' ഗോത്രക്കാരനായതുകൊണ്ടോ ശിക്ഷിക്കപ്പെടാതെ പോയില്ല. മദീനയിലെ ഏറ്റവും താഴെക്കിടയിലുള്ള ഒരു വ്യക്തിയോ, ഗോത്രമോ, വഞ്ചിക്കപ്പെടുകയോ, വധിക്കപ്പെടുകയോ ചെയ്താൽ കുറ്റവാളികളും കൊലപാതകികളും വിചാരണ ചെയ്യപ്പെടുകയും നിയമപരമായി ശിക്ഷിക്കപ്പെടുകയും ചെയ്തു...! ഗോത്രയുദ്ധങ്ങൾക്കും, സാമൂഹ്യ അസമത്വങ്ങൾക്കും പകരം - രക്തബന്ധവും ഗോത്രബന്ധങ്ങളും മാനദണ്ഡമാക്കിയ നിയമവാഴ്ചക്കു പകരം - ഒരു പുതിയ നിയമവാഴ്ചയും ജീവിതശൈലിയും 'മദീന'യിൽ വളർന്നു വന്നു...!!

ജൂതന്മാർക്കും മുസ്ലീംകൾക്കും അവരവരുടെ മതാചാരങ്ങളനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം നൽകുക വഴി മതേതരത്വവും മതസഹിഷ്ണുതയും, പ്രഖ്യാപിച്ചു എന്നതായിരുന്നു ആ ഇസ്ലാമിക രാഷ്ട്രത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ വശം.! നബിയുടെ കാലത്തുണ്ടായിരുന്ന, യഥാർത്ഥ ഇസ്ലാമിന്റെ 'മാഗ്നാകാർട്ട' (Magna Carta) യായിരുന്നു മദീനാ ഉടമ്പടി. വിശുദ്ധ ഖുർആൻ ഉയർത്തിപ്പിടിക്കുന്ന ഏതാണ്ടെല്ലാ മൂല്യങ്ങളും അതിലുണ്ടായിരുന്നു.

നീതിയിലും നന്മയിലും അധിഷ്ഠിതമായ, ദൈവവിശ്വാസികളുടെ പ്രതിനിധികൾ ഭരിക്കുന്ന എല്ലാ ജനാധിപത്യരാജ്യങ്ങളും ഇസ്ലാമിക രാഷ്ട്രങ്ങളാണ്. അങ്ങനെ നോക്കുമ്പോൾ ഇന്ത്യയും അമേരിക്കയും ബ്രിട്ടനുമൊക്കെയാണ് ഏറ്റവും വലിയ 'ഇസ്ലാമിക രാഷ്ട്രങ്ങൾ..' ഇന്ത്യൻ ഭരണഘടനയുടെ മൗലീകമായ - ശ്രദ്ധേയമായ - മൂന്ന് അടിസ്ഥാന സിദ്ധാന്തങ്ങൾ ശ്രദ്ധിക്കുക.

1. Every citizens of India have equal rights. (ഒരു പൗരൻ എന്ന നിലക്ക് എല്ലാ ഇന്ത്യക്കാർക്കും ഇന്ത്യൻ ഭരണഘടന തുല്യമായ അവകാശമുണ്ടെന്ന് പ്രഖ്യാപിക്കുന്നു.

2. Every citizen of India have a right to believe in any religion (ഓരോ ഇന്ത്യൻ പൗരനും അവന് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനുള്ള അവകാശമുണ്ട്.)

3. Justice will be done to all, irrespective of the place, where they live, religion or caste. (ഇന്ത്യൻ ഭരണഘടനയനുസരിച്ച് ജീവിക്കുന്ന ഓരോ ഇന്ത്യക്കാരനും അവന്റെ ദേശം, ഭാഷ, മതം, വർഗ്ഗം, ജാതി ഇതൊന്നും നോക്കാതെ നീതി നൽകപ്പെടുന്നതായിരിക്കും.

നോക്കൂ... എത്ര മഹത്തായ ജനാധിപത്യ സിദ്ധാന്തങ്ങൾ..! നീതിയിലും നന്മയിലും അധിഷ്ഠിതമായ ഇതേ ഭരണം തന്നെയായിരുന്നു നബിയും ഖലീഫാഉമറും ഇമാം അലിയും അന്നു ജനങ്ങൾക്കു ഖുർആനിലൂടെ വാഗ്ദാനം ചെയ്തിരുന്നത്.

ജൂതനെന്നോ, മുസ്ലീമെന്നോ വ്യത്യാസമില്ലാതെ അത് 'മദീന'യിലെ എല്ലാവർക്കും തുല്യമായ 'പൗരാവകാശം' വാഗ്ദാനം ചെയ്തു. വിട്ടുവീഴ്ചയില്ലാത്ത – അന്യൂനമായ – നിയമവാഴ്ചയും, ആരാധനാസ്വാതന്ത്ര്യവും, മതസഹിഷ്ണുതയും, സാമൂഹ്യസുരക്ഷിതത്വവും ആ ദൈവദൂതൻ പ്രഖ്യാപിച്ചു. ചിതറിക്കിടന്ന മദീനയെ (വടക്കൻ അറേബ്യയെ) നബി ഒരു കുടക്കീഴിൽ' കൊണ്ടുവന്നപ്പോൾ, ആ ദൈവദൂതൻ അവിടുത്തെ അറബികൾക്കു നൽകിയ ഒരു 'പ്രകടനപത്രിക'യായിരുന്നു മേൽ കാണിച്ച മദീനാ ഉടമ്പടി..! അതിൽ നബി പൂർണ്ണമായും വിജയിക്കുകയും ചെയ്തു..!!

## നബിതിരുമേനി മക്കയിലേക്ക്...!

മദീനയെയും മദീനാ നിവാസികളെയും (വടക്കൻ അറേബ്യയെ) ഈ രീതിയിൽ ഏകോപിപ്പിച്ച ശേഷം നബി മക്കയിലേക്കു തിരിഞ്ഞു. ഖുർആനിന്റെ അടിസ്ഥാനത്തിൽ നബി മദീനക്കാർക്കു നൽകിയ അതേ 'മാനിഫെസ്റ്റോ' തന്നെയാണ്, നബി മക്കക്കാർക്കും വാഗ്ദാനം ചെയ്തിരുന്നത്. മദീനയുടെ നില ഭദ്രമാക്കിയ ശേഷം നബിതിരുമേനി തന്നെയും കൂട്ടുകാരെയും പുറത്താക്കിയ – തന്നെ 'അൽഅമീനായും' (സത്യസന്ധനായും) അറേബ്യയിലെ ഏറ്റവും വലിയ കച്ചവടക്കാരനായും വളർത്തിവലുതാക്കിയ – തന്റെ 'മാതൃനഗരി'യായ മക്കയടക്കമുള്ള പട്ടണങ്ങൾ ഉൾക്കൊള്ളുന്ന 'മദ്ധ്യഅറേബ്യ'യിലേക്കു (Central Arabia) തിരിഞ്ഞു. അന്ന് 'മക്കയെയും, ഖുറൈശികളെയും കീഴടക്കുക' എന്നത് അറേബ്യ മുഴുവൻ കീഴടക്കുന്നതിനു തുല്യമായിരുന്നു..!! 'മുഹമ്മദി'നോട് പലപ്പോഴും ഏറ്റുമുട്ടി പരാജയപ്പെട്ടിരുന്നുവെങ്കിലും മക്കക്കാരുടെ സമരവീര്യവും, പ്രതാപവും ക്ഷയിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ മക്കാനഗരിക്കു തെക്കുള്ള (തെക്കൻ അറേബ്യയിലെ) ഏതാണ്ടെല്ലാ ഗോത്രങ്ങളും കാത്തിരിക്കുകയായിരുന്നു, ആരാണു ജയിക്കുക..? മുഹമ്മദാണോ ? ഖുറൈശികളാണോ.. എന്നറിയാൻ. അതിന്നുശേഷം 'മുഹമ്മദിനോടുള്ള നിലപാടു പരസ്യമായി വ്യക്തമാക്കാം ' എന്നതായിരുന്നു പല അറേബ്യൻ ഗോത്രങ്ങളുടെയും നിലപാട്..!! വർഷങ്ങൾക്ക് മുമ്പ് ഖുറൈശികളുടെ നിസ്സഹകരണവും, മർദ്ദനവും സഹിക്കാൻ കഴിയാതെ, ഗത്യന്തരമില്ലാതെ, മദീനയിൽ അഭയം പ്രാപിച്ച നബിയും കൂട്ടുകാരും അവിടെ 'ഏകദൈവവിശ്വാസത്തിൽ' അധിഷ്ഠിതമായ



ഒരു ജനാധിപത്യഭരണകൂടം സ്ഥാപിച്ചതും, മക്കയിൽ നിന്നു വെറുംകൈയ്യോടെ പാലായനം ചെയ്തുവന്ന മുഹമ്മദ് മദീനയിൽ ഒരു 'രാജാവിനെ'പ്പോലെ തിളങ്ങുന്നതും, മക്കൻ പ്രമാണിമാരെയും, മദീനയിലെ തന്നെ ജൂതന്മാരിലെ ചില കപടൻമാരെയും അമ്പരപ്പിച്ചിരുന്നു.! മക്കയിൽ വെച്ച് 'ഹുദൈബിയ്യസന്ധി' പരസ്പരം സ്വീകരിച്ചു ഒപ്പിട്ടതോടുകൂടി, നബിയും കൂട്ടുകാരും മക്കൻ പ്രമാണികളോളം തന്നെ ശക്തരായ ഒരു 'ജനവിഭാഗമായി' പരോക്ഷമായി അംഗീകരിക്കപ്പെടുകയായിരുന്നു. അതുവരെ മക്കയെന്നാൽ അറേബ്യയായിരുന്നു. മക്കയിലെ ഖുറൈശികളെ കീഴടക്കുക എന്നാൽ അറബികളെ മുഴുവൻ കീഴടക്കുന്നതിനു തുല്യവുമായിരുന്നു. ഹുദൈബിയ്യ സന്ധി ഒപ്പിട്ടതോടുകൂടി മക്കയും മദീനയും തുല്യശക്തിയായി..!! അതായിരുന്നു 'ഹുദൈബിയ്യ സന്ധി'യുടെ യഥാർത്ഥ വിജയവും..! (48 : 1)

'വെറുതെ എന്തിനു നേരത്തെ 'മുഹമ്മദി'ൽ വിശ്വസിച്ച് 'മക്കൻ ഖുറൈശി'കളുടെ അതൃപ്തി സമ്പാദിക്കണം..!! അഥവാ മുഹമ്മദ് പരാജയപ്പെടുകയാണെങ്കിൽ ഖുറൈശികളുടെ മുഖത്ത് എങ്ങിനെ നോക്കും' എന്നൊക്കെയായിരുന്നു തെക്കെഅറേബ്യൻ ഗോത്രങ്ങളിലെ ആ 'കുറുക്കൻമാരുടെ' കണക്കുകൂട്ടൽ..!! ഈ വസ്തുത നബി തിരുമേനിയും മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ ഖുറൈശികൾക്കു നേരെ വളരെ ശക്തവും ആസൂത്രിതവും അവസരോചിതവുമായ ആക്രമണത്തിനു വേണ്ടി നബിയും കാത്തിരുന്നു. ഒടുവിൽ 'മദീനാ ഉടമ്പടി' ലംഘിച്ചു, മക്കയിലെ ഖുറൈശികളുമായി ചേർന്നു നബി മദീനയിൽ വെച്ചുണ്ടാക്കിയ 'ദൈവിക ജനായത്ത ഭരണം' തകർക്കാൻ ശ്രമിച്ച ജൂതന്മാരെയും, 'ഹുദൈബിയ്യ സന്ധി' ലംഘിച്ച ഖുറൈശികളെയും നബി പടിപടിയായി **ഒരു രക്തരഹിത വിപ്ലവത്തിലൂടെ** തന്റെ അപാരമായ നേതൃപാടവം കൊണ്ടും നയതന്ത്രപാടവം കൊണ്ടും അതിലുപരി അസാമാന്യമായ ക്ഷമയും ധീരതയും കൊണ്ട് കീഴടക്കിയപ്പോൾ തെക്ക അറേബ്യയിലെ ഏതാണ്ടെല്ലാ ഗോത്രങ്ങളും വന്നു നബിയുണ്ടാക്കിയ ദൈവികജനാധിപത്യ റിപ്പബ്ലിക്കിനെ അംഗീകരിച്ചു. സുമാർ 5 വർഷങ്ങൾക്ക് മുമ്പ്, ചിന്നിച്ചിതറിക്കിടന്നിരുന്ന മദീനക്കു ചുറ്റുമുള്ള അറേബ്യൻ ഗോത്രങ്ങളെ 'ഏകദൈവവിശ്വാസം'(ലാഇലാഹ ഇല്ലള്ളാ..) എന്ന തൗഹീദിൽ നബി ഏകീകരിച്ചതുപോലെ മക്കയടക്കമുള്ള മദ്ധ്യ അറേബ്യൻ ഗോത്രങ്ങളെയും തുടർന്ന് തെക്കൻ അറേബ്യൻ ഗോത്രങ്ങളെയും നബി ഒരൊറ്റ 'ദൈവികരാഷ്ട്രമായി ഏകോപിപ്പിച്ചു...!!

അറബികളിൽ ശരിയായ ദൈവവിശ്വാസം വളർത്തി അവരെ സംസ്കാരസമ്പന്നരാക്കിയതോടുകൂടിതന്നെ നബിയുടെയും ഖുർആന്റെയും ദൗത്യം പൂർത്തീകരിക്കപ്പെടുകയും വിജയിക്കുകയും ചെയ്തു..!! നീതിയിലും നന്മയിലും അധിഷ്ഠിതമായി, നബിയെപ്പോലെ ഖലീഫാ അബൂബക്കറും, ഖലീഫാ ഉമറും ഭരിച്ചപ്പോൾ അറബികൾ അന്നത്തെ ഏറ്റവും വലിയ സാമ്രാജ്യങ്ങളായ പേർഷ്യൻ – റോമാസാമ്രാജ്യങ്ങൾവരെ ഇസ്ലാമിന്റെ കൊടിക്കീഴിലാക്കിയപ്പോൾ, നബിയുടെ ഖുർആനിക ദൗത്യം 'അതിന്റെ പാരമ്യതയിലെത്തി..!! ചരിത്രകാര

ന്മാർ എഴുതിയതുപോലെ '**ക്ഷിപ്രകോപികളും**', '**ക്ഷിപ്രപ്രസാദികളും**', **കല ഹപ്രിയരുമായിരുന്നു അറബികൾ. ആരെയും അടിക്കാൻ കിട്ടിയില്ലെങ്കിൽ സ്വന്തം സഹോദരന്റെ നേരെ 'മുഷ്ടിചുരുട്ടി' 'വാടാ നമുക്കു നോക്കാം..!' എന്നു വെല്ലുവിളിക്കുന്ന പ്രകൃതമായിരുന്നു അവരുടേത്.** '.... വ അഹ്യാനൻ – അലാ ബക്റിൻ – അഹീനാ– ഇദാ മാലം– നജിദ് – ഇല്ലാ– അഹാനാ– (ചില പ്പോൾ നമ്മുടെ സഹോദര ഗോത്രമായ 'ബക്റിനെതിരെയും യുദ്ധം ചെയ്യും..!! ആ സഹോദര ഗോത്രത്തെയല്ലാതെ മറ്റാരെയും കിട്ടിയില്ലെങ്കിൽ...) **അങ്ങിനെ പരസ്പരം തല്ലാനും, ഇടിക്കാനും കൈയ്യോങ്ങി നിൽക്കുന്ന ഗ്രാമീണ അറ ബികളുടെ (ബദുക്കളുടെ) ചിത്രമായിരുന്നു അറേബ്യയിലെങ്ങും. എങ്കിലും കരിമ്പാറകൾക്കിടയിലെ നീരുറവ പോലെ, അവരുടെ മനസ്സിന്റെയുള്ളിൽ ഉറ പൊട്ടിയൊഴുകിയിരുന്ന കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും നീരുറവ കണ്ടറിഞ്ഞവനായിരുന്നു ആ ദൈവദൂതൻ. ആ ഗ്രാമീണ അറബികളുടെ ആത്മാർത്ഥതയും, നിഷ്കളങ്കതയും, ധൈര്യവും, സ്ഥൈര്യവും, സാഹസി കതയും, അവരുടെ മന:ശാസ്ത്രവും ആ ദൈവദൂതനോളം മനസ്സിലാക്കിയ മറ്റൊരാളും അന്നു അറേബ്യയിൽ ഉണ്ടായിരുന്നില്ല. ആ ഗ്രാമീണ അറബിക ളിൽ നിന്നാണ് 'ഖുർആൻ കൊണ്ട് ' നബി 'മുഹാജിറുകളെയും', 'അൻസാ റുകളെയും' വാർത്തെടുത്തത്. അവരായിരുന്നു, ഖലീഫാ ഉമർ ഒരിക്കൽ പറ ഞ്ഞതുപോലെ ആദ്യകാല ഇസ്ലാമിന്റെ 'അസംസ്കൃതവസ്തുക്കൾ'..! അവ രിൽ നിന്ന് നബി ശക്തമായ ഒരു സമൂഹവും, ഒരു ഇസ്ലാമിക രാഷ്ട്രവും നിർമ്മിച്ചു..!! ഖലീഫാ അബൂബക്കർ ആ രാഷ്ട്രം തകരാതെ നിലനിർത്തി. മഹാനായ ഖലീഫാ ഉമർ അതിനെ വിസ്തൃതമായ ഒരു മഹാരാജ്യമാക്കി..!! ഒടുവിൽ ഇബ്നുഇസ്ഹാഖും, ഇബ്നുസഅദും, ഖല്ലിഖാനും (Ibn Khallikan) എഴുതിയതുപോലെ ഇസ്ലാമിന്റെ എല്ലാ നന്മകളും, ഐശ്വര്യവും ഖലീഫാഉമ റിന്റെ കഫൻപുടവയോടൊപ്പം അവർ (അറബികൾ) മദീനാ പള്ളിയിലെ ഖബർസ്ഥാനിൽ കുഴിച്ചുമൂടി..!!**

റോമാ–പേർഷ്യൻ സാമ്രാജ്യങ്ങളിൽനിന്നു കൊണ്ടുവന്ന സമ്പത്തും, സമ്പൽസമൃദ്ധിയും സുഖഭോഗങ്ങളും വഴി പിന്നീട് വന്ന ഇസ്ലാമിന്റെ ഭരണാ ധികാരികൾ, ആഢംബരപ്രിയരും, ഉത്തരവാദിത്വബോധമില്ലാത്തവരും, ക്രൂര ന്മാരുമായി.. യഥാർത്ഥ ഇസ്ലാമിനെയും, ഖുർആനെയും, മുഹമ്മദ്നബിയെയും ചവിട്ടിമെതിച്ചുകൊണ്ട് മുആവിയയും അമവികളും സിറിയ ആസ്ഥാനമായി 92 വർഷവും, 'അബ്ബാസികൾ', ബാഗ്ദാദ് ആസ്ഥാനമായി 500 വർഷവും ഭരി ച്ചു..!! കേവലം 10 വർഷം നബി 'മദീന' ആസ്ഥാനമാക്കി പ്രബോധനം ചെയ്ത വിശുദ്ധ ഖുർആൻ ആഴക്കടലിലേക്ക് എറിയപ്പെട്ട പവിഴമുത്തുപോലെ നിഷ്പ്ര ഭമായി..!! ഖുർആനു പകരം ഹദീസുഗ്രന്ഥങ്ങൾ വന്നു..!! ഖുർആനും, ഹദീ സ്ഗ്രന്ഥങ്ങളും, ഇസ്ലാമിക ചരിത്രവും, ഒന്നിച്ചു പഠിച്ചാൽ കിട്ടുന്ന അത്ഭുതക രമായ ചില ചരിത്രസത്യങ്ങളാണിതെല്ലാം. അവയെല്ലാം വിശദമായി പിന്നീട് നാം പഠിക്കുന്നുണ്ട്...!

ദൈവികമായ ഒരു നടപടിക്രമത്തിന്റെയും ചരിത്രത്തിന്റെയും ഒരാ വർത്തനം മാത്രമായിരുന്നു മക്കയിൽ നടന്നത്.! എല്ലാ ദൈവികമതങ്ങളുടെയും



ദൈവിക പ്രത്യയശാസ്ത്രങ്ങളുടെയും, ദൈവികസംസ്കാരങ്ങളുടെയും പിറ കിൽ ശക്തനും, അചഞ്ചലനുമായ ഒരു ദൈവദൂതന്റെ നിശ്ചയദാർഢ്യം ഉണ്ടാ യിരുന്നു. ഹിന്ദുധർമ്മങ്ങൾക്കുപിറകിൽ, ജൂതമതത്തിനു പിറകിൽ, ക്രിസ്തുമ തത്തിനു പിറകിൽ, ബുദ്ധമതത്തിനു പിറകിൽ, ഇറാഖിലെ ബാബിലോൺ സംസ്കാരത്തിനു പിറകിൽ, ഈജിപ്തിലെ നൈൽനദീതട സംസ്കാരത്തിനു പിറകിൽ, ഇന്ത്യയിലെ സിന്ധുനദീതട സംസ്കാരത്തിനു പിറകിൽ, ഗംഗാനദി ക്കരയിൽ, ആര്യ–ദ്രാവിഡ സംസ്കാരത്തിനു പിറകിൽ, യൂറോപ്പിൽ, അമേരി ക്കയിൽ.. അങ്ങിനെ എല്ലാ സംസ്കൃതിയുടെയും പിറകിൽ ഒരു ദൈവദൂതന്റെ ശക്തമായ കരങ്ങൾ കാണാം..!! (10:47), (35:25), (14:4) ആ ദൈവദൂതന്റെ സഹാ യത്തോടുകൂടിയാണ് ഇല്ലായ്മയിൽ നിന്ന് – ഒന്നുമില്ലായ്മയിൽ നിന്ന് – ഓരോ ജനതയും, അവരുടെ മതവും, സംസ്കാരവും ആകാശംമുട്ടെ വളർത്തിയെ ടുത്തത്.! ആ ദൈവദൂതന്റെ വിയോഗത്തോടുകൂടി, ആ സംസ്കാരങ്ങളും, മത ങ്ങളും വീണ്ടും പഴയകാലത്തേക്കു തിരിച്ചുപോവുകയോ, ഗതിമാറി ഒഴുകു കയോ ചെയ്തു. അപ്രകാരം അറേബ്യയിൽ വന്ന ദൈവദൂതനും, ഒന്നുമല്ലാതി രുന്ന അറബികളെ ലോകത്തിന്റെ നെറുകയിലെത്തിച്ചു..!! അദ്ദേഹം തിരിച്ചു പോയപ്പോൾ അറബികളും തിരിച്ചുപോകുന്നതാണ് നാം കണ്ടത്...! **അപ്പോഴും ആ ജനതക്കിടയിൽ – എല്ലാജനതക്കിടയിലും – അവരുടെ ദൈവദൂതന്റെ ആശയങ്ങൾ മുറുകെപ്പിടിച്ചു ഒരു ചെറിയ ന്യൂനപക്ഷം നിലനിൽക്കുന്നതു കാണാം. എല്ലാമതവിഭാഗങ്ങളിലും, ജാതികളിലും, ഭാഷകളിലും, ദേശങ്ങ ളിലും അത്തരം 'ബ്രാഹ്മണരെ' (ബ്രഹ്മത്തെ അറിഞ്ഞവരെ) – അഥവാ 'മുസ്ലീം കളെ' ദൈവം നിലനിർത്തിയിട്ടുണ്ട്..!! അങ്ങിനെയാണ് മനുഷ്യ സമൂഹത്തിന്റെ ചരിത്രം നാം കാണുന്നത്. (6:89, 6:133, 4:133, 5:54, 11:57, ....19:59, 47:38)**

## മുഹമ്മദ് നബി തിരുമേനി സർവലോകർക്കുമുള്ള അനുഗ്രഹവും നബിയുമാണ് എന്നതിന്റെ വിവക്ഷയെന്ത് ?

മക്കയിൽ വന്ന ആ ദൈവദൂതന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം അറബികളിൽ ശരിയായ ദൈവവിശ്വാസം (തൗഹീദ്) വളർത്തി അവരെ നേർവ ഴിയിലേക്കു നയിക്കുക എന്നതായിരുന്നു..!! നബിതിരുമേനി സർവ്വലോകത്തിനും അനുഗ്രഹമാണെന്ന് (21 : 107) ഖുർആൻ പറയുന്നുണ്ട്..!! അതുപോലെ നബി സർവ്വമനുഷ്യർക്കുമുള്ള നബിയാണെന്നും (34 : 28) ഖുർആൻ പറയുന്നുണ്ട്. അതിനർത്ഥം ലോകത്തുള്ള എല്ലാ ഭാഷക്കാരും അവരുടെ മതവും ജാതിയും ചിന്താഗതിയും ഉപേക്ഷിച്ചു അറബി ഭാഷയിൽ പ്രാർത്ഥിക്കുക എന്നായിരുന്നി ല്ല. സ്വർഗ്ഗത്തിൽ കടക്കാൻ – പരലോകമോക്ഷം ലഭിക്കാൻ – അറബി ഭാഷ യിൽ പ്രാർത്ഥിക്കണമെന്നോ, ഒരു 'മുആവിയൻസുന്നി'യാകണമെന്നോ 'ശിയാ മുസ്ലിം' ആകണമെന്നോ നബി പഠിപ്പിച്ചിരുന്നില്ല..!! ഖുർആൻ അനുസരിച്ച് നബിക്കതിനുപാടുണ്ടായിരുന്നില്ല. അറബിഭാഷയിലുള്ള തന്റെ പ്രാർത്ഥനയും, തദ്വിഷയകമായ നടപടിക്രമങ്ങളും, നമസ്കാരവും, നോമ്പും, ഹജ്ജുമൊക്കെ, അറബികളായിരുന്ന തന്റെ ഏറ്റവും അടുത്ത രക്തബന്ധുക്കൾക്കും, കൂട്ടു

കാർക്കും, ആദർശബന്ധുക്കൾക്കും മാത്രമാണ് നബി പഠിപ്പിച്ചിരുന്നത് (26 : 214.......20 : 132, 19 : 55). സ്വമേധയാ നബിയിൽ വിശ്വസിച്ച്, മദീനയിൽ വന്നു താമസമാക്കിയ, അറബി ഗോത്രങ്ങളിലെ യുവാക്കളും മറ്റും, അറബി ഭാഷയിലുള്ള നബിയുടെ സുന്നത്തിനെ (നടപടിക്രമങ്ങളെ) പിന്തുടരുന്നതിനെ നബി വിലക്കിയിരുന്നില്ല എന്നു മാത്രം..!! **അറബി ഭാഷ അറിയാത്ത ഒരു അറബി ഗോത്രങ്ങളിലും, അറബിഭാഷയിലുള്ള തന്റെ നടപടിക്രമങ്ങളും, നമസ്കാരവും, നോമ്പും, ഹജ്ജും നബി മുതൽ ഖലീഫാ ഉമർ വരെയുള്ള ഭരണാധികാരികൾ അടിച്ചേൽപ്പിച്ചിരുന്നില്ല.!! സ്വർഗ്ഗത്തിൽ കടക്കാൻ അതൊരു നിബന്ധനയായി നബിയും ഖുർആനും പഠിപ്പിച്ചിട്ടുമില്ല..!! നബി മുതൽ ഖലീഫാ ഉമർവരെയുള്ള കാലഘട്ടത്തിൽ ഇറാൻ, ഇറാഖ്, സിറിയ, ലബനാൻ, ഈജിപ്ത് തുടങ്ങി അറബിനാടുകളിലെ അമുസ്ലീം ദേവാലയങ്ങളും, തീകത്തിക്കൊണ്ടിരുന്ന മജൂസികളുടെ (അഗ്നിയാരാധകരുടെ) 'അമ്പലങ്ങളിൽ' ഒന്നുപോലും തകർക്കപ്പെട്ടിരുന്നില്ല. എന്നാൽ ദുഷ്ടനായ മുആവിയ ഇസ്ലാമിൽ രാജഭരണം കൊണ്ടുവന്നപ്പോൾ - ഇസ്ലാം മതത്തെ 'അഹ്ലുൽസ്സുന്നത്ത്വൽജമാഅത്ത്' എന്ന വർഗ്ഗീയ സംഘടനയാക്കിയപ്പോൾ - സുന്നിപള്ളികളല്ലാത്ത എല്ലാ ദേവാലയങ്ങളും, ശിയാ കേന്ദ്രങ്ങളും, ചർച്ചുകളും, മജൂസികളുടെ 'തീയമ്പലങ്ങളും' തകർത്തുതരിപ്പണമാക്കി..!! അയാളും മക്കളും അയാളുടെ ക്രൂരന്മാരായ ഗവർണ്ണർമാരും സുമാർ 92 വർഷം ഇങ്ങിനെ ഭരിച്ചു. മുആവിയയുടെ രാജഭരണകാലത്താണ് ഇസ്ലാം ഒരു സുന്നിമതമായി തബ്ലീഗ്ജമാഅത്തിന്റെ രൂപത്തിൽ, മക്കാ-മദീനയിൽ നിന്നും ക്രിസ്തുമതം പോലെ അന്യനാടുകളിലേക്ക് പ്രചരിപ്പിക്കാൻ തുടങ്ങിയത്..!!**

ഖുർആൻ എല്ലാ ദൈവദൂതൻമാരെയും ഒരുപോലെ കാണുന്നു. എല്ലാ നബിമാരും ലോകത്തിന് അനുഗ്രഹമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്ന മറ്റൊരു പാഠം. ഓരോ നബിമാരും പ്രഥമമായും, പ്രധാനമായും അവരുടെ ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കിടയിലായതുകൊണ്ട് അവരെ ആ ജനതക്കും, ആ കാലഘട്ടത്തിനും വേണ്ടിവന്ന നബി എന്നു ഖുർആൻ പരിചയപ്പെടുത്തി. (14:4) (16:36) (13:7) (10:47) (35:25) എല്ലാ നബിമാരും പ്രബോധനം ചെയ്തതു അടിസ്ഥാനപരമായി ഒരേ ദൈവത്തിന്റെ സന്ദേശം (2:213) (49:13) (21:92) തന്നെയായിരുന്നു..! അതു വിവിധ ഭാഷകളിലായിരുന്നു എന്നു മാത്രം. ആ ദൈവദൂതൻമാർക്കിടയിൽ വിവേചനമോ, വലുപ്പച്ചെറുപ്പമോ കാണിക്കരുതെന്നാണ് ഖുർആനും നബിയും മുസ്ലീംകളെ പഠിപ്പിച്ചത്. (2:136) (3:84) (3:119) (5:59) ബൈബിൾ പഴയ നിയമവും, പുതിയ നിയമവും അനുസരിച്ചു ജീവിക്കാത്ത ജൂതന്മാരെയും ക്രിസ്ത്യാനികളെയും ആക്രമികൾ എന്നും തെമ്മാടികൾ എന്നുമാണ് (5:43 -47) ഖുർആൻ അധിക്ഷേപിക്കുന്നത്..!! അതേപോലെ 'തൗറാത്തും', 'ഇഞ്ചീലും', (യഥാർത്ഥ ബൈബിൾ പഴയനിയമവും / പുതിയനിയമവും) മാനവരാശിക്കു മാർഗ്ഗദർശനം നൽകുന്ന ഗ്രന്ഥങ്ങൾ എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. (3:3) (5:44-46)........(11 : 17)

ബൈബിൾ പഴയനിയമവും, പുതിയനിയമവും നേരാംവണ്ണം നിലനിർത്താതെ, ആ ഗ്രന്ഥങ്ങളിൽ നിന്ന് വ്യതിചലിച്ചുപോയതിനാലാണ് ഒരു



വലിയ വിഭാഗം ക്രിസ്ത്യാനികളെയും, ജൂതന്മാരെയും ഖുർആൻ അധിക്ഷേപിച്ചത്..! (5:66-68) നല്ലവരായ എല്ലാ മതക്കാരെയും - ദൈവവിശ്വാസികളായിക്കൊണ്ട് ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് - അന്തസ്സായി ജീവിക്കുന്ന - ജൂത-ക്രിസ്ത്യൻ സഹോദരന്മാരെ ഖുർആൻ വാനോളം പുകഴ്ത്തുന്നതു കാണാം. (3:199) (3:75) ജൂതന്മാർക്കു അവരുടെ ഭാഷയിൽ തൗറാത്തു നൽകിയതുപോലെ, ക്രിസ്തുദേവനും, ക്രിസ്ത്യാനികൾക്കും അവരുടെ മാതൃഭാഷയിൽ ബൈബിൾ നൽകിയതുപോലെ, ലോകത്തുള്ള എല്ലാ സമൂഹങ്ങൾക്കും അവരവരുടെ മാതൃഭാഷയിൽ ദൈവദൂതനും, വേദഗ്രന്ഥവും വന്നിട്ടുണ്ടെന്ന് (14:4) ഖുർആൻ ഒരുപാടുതവണ ആവർത്തിച്ചു പഠിപ്പിക്കുന്നു. അപ്രകാരം അറബികളിലേക്ക് - അന്നുവരെ ഒരു നബിയും വേദഗ്രന്ഥവും വന്നിട്ടില്ലാത്ത അറബി ഭാഷയിൽ സംസാരിക്കുന്ന 'ഉമ്മിയ്യുകളായ ' (നിരക്ഷരകുക്ഷികളായ) അറബികളിലേക്ക് അവരെ വേദവും വിജ്ഞാനവും പഠിപ്പിക്കാനും അതുവഴി അവരെ സംസ്കരിക്കാനും വേണ്ടി അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട നബിയായിട്ടാണ് ഖുർആൻ മുഹമ്മദ് നബിയെ തന്റെ 'രിസാലത്തിന്റെ' (ദൗത്യത്തിന്റെ) ആദ്യഘട്ടത്തിൽ പരിചയപ്പെടുത്തുന്നത്.

## ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക...

'(രാജാധിരാജനും പരമപരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം, പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു) 'അക്ഷരജ്ഞാനമില്ലാത്തവർ' (അഥവാ നിരക്ഷരകുക്ഷികൾ - അഥവാ 'ഉമ്മിയ്യുകൾ' എന്നു ജൂതന്മാരും, കൃസ്ത്യാനികളും കളിയാക്കിയിരുന്ന അറബികൾ)ക്കിടയിൽ നിന്ന് തന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും, അവരെ (അറബികളെ) സംസ്കരിക്കുകയും, അവർക്കു വേദഗ്രന്ഥവും തത്വജ്ഞാനവും (കിതാബും, ഹിക്മത്തും) പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ('ഉമ്മിയ്യു'കളിൽ നിന്നു തന്നെയുള്ള) ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു...!! (62 : 2) പിന്നീട് പലസന്ദർഭങ്ങളിലായി നബിതിരുമേനിയെ 'സർവ്വലോകർക്കും അനുഗ്രഹമായും' , മാനവരാശിക്കു മുഴുവനായിട്ടുള്ള നബിയായും ഖുർആൻ പരിചയപ്പെടുത്തുന്നു.

**വീണ്ടും ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.** '(മുമ്പ് നാം അവതരിപ്പിച്ച ബൈബിൾ പഴയനിയമവും, ബൈബിൾ പുതിയ നിയമവും പോലെ - തൌറാത്തും ഇഞ്ചീലും പോലെ -) ഇതാ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഒരു ഗ്രന്ഥം...! (ഖുർആൻ). അതിന്റെ മുമ്പുള്ള (എല്ലാ വേദങ്ങളെയും സത്യപ്പെടുത്തുന്നതും അവയെല്ലാം അല്ലാഹുവിൽ നിന്നുള്ള ശരിയായ മാർഗ്ഗദർശനമായിരുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നതുമായ ഒരു ഗ്രന്ഥം...!) 'മാതൃനഗരി'യിലും (മക്കയിലും) അതിന്റെ ചുറ്റുമുള്ള ജനങ്ങൾക്കും താങ്കൾ താക്കീതു നൽകുവാൻ വേണ്ടിയുള്ളതുമാണ് ഈ ഗ്രന്ഥം..!! പരലോകത്തിൽ

വിശ്വസിക്കുന്നവർ ഈ ഗ്രന്ഥത്തിലും വിശ്വസിക്കുന്നതാണ്. (ഒരു വിശ്വാസി യായ മനുഷ്യൻ എന്ന നിലക്കു - ദൈവസ്മരണയോടുകൂടി) തന്റെ പ്രാർത്ഥ നയടക്കമുള്ള എല്ലാ ദൈനംദിന ബാധ്യതകൾ അവർ മുറപ്രകാരം നിറവേറ്റുന്ന തുമാണ്..!! (6 : 92)'.

## വീണ്ടുംകാണുക...

'ആകയാൽ (നബിയേ...) നിനക്ക് ബോധനം നൽകപ്പെട്ടതിനെ (ഖുർആ നിനെ) നീ മുറുകെ പിടിക്കുക. തീർച്ചയായും നീ നേരായ പാതയിലാകുന്നു..! തീർച്ചയായും ഇത് (ഈ ഖുർആൻ) നിനക്കും നിന്റെ ജനതയ്ക്കുമുള്ള ഒരു ത്ബോധനം തന്നെയാകുന്നു..! (നിങ്ങൾ പറയുന്നതിനെക്കുറിച്ചും പ്രവർത്തി ക്കുന്നതിനെക്കുറിച്ചും) വഴിയേ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്. (43: 44).

നോക്കൂ... എത്ര വ്യക്തവും സ്പഷ്ടവുമായിട്ടാണ് ഖുർആൻ കാര്യ ങ്ങൾ വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നത്. ലോകജനതക്കു മാർഗ്ഗദർശനമായി ഈസാ നബിയിലൂടെ - ക്രിസ്ത്യാനികളിലൂടെ - ബൈബിൾ നൽകിയതുപോ ലെ, മൂസാനബിയിലൂടെ തൌറാത്ത് നൽകിയതുപോലെ - ഹിന്ദുക്കളിലെ ദൈവ ദൂതന്മാരിലൂടെ ഹിന്ദു ധർമ്മസംഹിതകൾ നൽകിയതുപോലെ - അറബി കൾക്കും അവരിലൂടെ ലോകജനതക്കും മാർഗ്ഗദർശനമായി മുഹമ്മദ് നബി തിരു മേനിയിലൂടെ ഖുർആൻ നൽകി എന്നു മാത്രം...!!

ചുരുക്കത്തിൽ ഇംഗ്ലീഷുകാരെ നന്നാക്കാൻ അറബി ഭാഷയിൽ ഗ്രന്ഥം ഇറക്കുന്ന പരിപാടി അല്ലാഹുവിനില്ല... അതേപോലെ അറബികളെ നന്നാക്കാൻ ഇംഗ്ലീഷ് ഭാഷയിലോ, മലയാളത്തിലോ, ദൈവദൂതനെ അയക്കുന്ന പരിപാടിയും അല്ലാഹുവിന്നില്ല...! എല്ലാ ഭാഷക്കാർക്കും, അവരവരുടെ മാതൃഭാഷയിൽ സംസാ രിക്കുന്ന ദൈവദൂതനെയും, വേദഗ്രന്ഥത്തെയും നൽകുന്ന കാര്യത്തിൽ യാതൊരു വീഴ്ചയും അല്ലാഹു കാണിച്ചിട്ടില്ല.. (14:4). ഉൽബോധനങ്ങൾ സ്വീക രിക്കാതെ ആ വേദഗ്രന്ഥവും, ദൈവദൂതനെയും ചില സമൂഹങ്ങൾ മറന്നെ ങ്കിൽ, അല്ലാഹു അതിന് ഉത്തരവാദിയുമല്ല..!! മാത്രമല്ല ഓരോ കാലഘട്ടത്തിനും ഓരോ ഗ്രന്ഥമുണ്ടെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. എല്ലാ വേദഗ്രന്ഥങ്ങ ളുടെയും അടിസ്ഥാനമായ 'മൂലഗ്രന്ഥം' സാക്ഷാൽ അല്ലാഹുവിൽ ഭദ്രമാ ണെന്നും ഖുർആൻ ഉണർത്തുന്നുണ്ട്. (13:39), (15:9). മാത്രമല്ല നല്ലൊരു അധ്യാ പകനെപ്പോലെ (ഒരു മുഅല്ലിമിനെപ്പോലെ) നമ്മോട് സംസാരിക്കാൻ കഴിയുന്ന, നമ്മെ ഉപദേശിക്കാൻ അർഹതയുള്ള, നമ്മോട് ആശയവിനിമയം നടത്താൻ കഴിവുള്ള, അങ്ങനെ നമ്മെ സംസ്കാരസമ്പന്നനാക്കുന്ന, നമുക്കിടയിൽ തന്നെ യുള്ള ഒരു വ്യക്തിയായിരിക്കും ദൈവദൂതൻ എന്ന സൂചനയും ഖുർആൻ നൽകുന്നുണ്ട്...! (62:2,3, .....7:48)

അറബികളുടേതു മാത്രമായ ചില ചിന്താഗതികളും സംസ്കാരങ്ങളും നട പടി ക്രമങ്ങളും, അറബികളുടേതു മാത്രമാണെന്നും ലോകശക്തികളോടൊപ്പം



നടക്കാൻ ഏക ദൈവവിശ്വാസവും സൽക്കർമ്മവും വിളംബരം ചെയ്യുന്ന ഖുർ ആൻ മാത്രം മതി എന്നുമുള്ള ഖുർആനിക പാഠത്തിന്റെ വെളിച്ചത്തിൽ നബി തിരുമേനി നടത്തിയ ആ ജൈത്രയാത്ര അന്നത്തെ പല അറബി ഗോത്രങ്ങ ളെയും നബി വിരോധികളായിരുന്ന ചില ജൂത-ക്രിസ്ത്യൻ സമൂഹങ്ങളെയും പിടിച്ചു കുലുക്കി. നബിയുടെ ആ ജൈത്രയാത്ര വാളുകൊണ്ടു നശിപ്പിക്കാൻ പറ്റില്ല എന്നു അനുഭവത്തിലൂടെ പഠിച്ചറിഞ്ഞ അവർ ബുദ്ധിയുടെ മാർഗ്ഗം സ്വീകരിച്ചു. അവർ ഒന്നടങ്കം ഇസ്ലാമിലേക്ക് വന്നതായി അഭിനയിക്കുകയും നബിയെ ഒരു ദൈവാവതാരമാക്കി ചിത്രീകരിക്കുകയും ചെയ്തു. കേവലം ഒരു മനുഷ്യനായ ദൈവദൂതൻ എന്ന് ഖുർആൻ പരിചയപ്പെടുത്തിയ മുഹ മ്മദ് നബിയെ ഒരു ദൈവമാക്കിത്തന്നെ ചിത്രീകരിച്ചു കൊണ്ട്, 'നബി അങ്ങനെ പറഞ്ഞു, നബി ഇങ്ങനെ പറഞ്ഞു' എന്നിങ്ങനെയുള്ള ആമുഖത്തോടെ കുറേ കള്ളഹദീസുകൾ ഉണ്ടാക്കി. അന്നത്തെ അറബി പ്രമാണികൾ വളരെയധികം പ്രാധാന്യം കൽപ്പിച്ചിരുന്ന അറേബ്യൻ ചിന്താഗതികളും നടപടി ക്രമങ്ങളും ആചാര ക്രമങ്ങളും മറ്റും വീണ്ടും നബിയുടെ പേരിൽ പ്രചരിപ്പിച്ചു. ഖുർആൻ യാതൊരു പുണ്യവും പാവനത്വവും പറയാത്ത 'സംസം വെള്ളം' വിറ്റു കാശാ ക്കുക, ഹജ്ജിനെ ഏറ്റവും വലിയ വരുമാന മാർഗ്ഗമാക്കുക, ഹജ്ജ് ചെയ്ത വൻ അന്നു പ്രസവിച്ച കുട്ടിയെപ്പോലെയാണ് എന്ന ഖുർആൻ വിരുദ്ധ പാഠം പ്രചരിപ്പിക്കുക. പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുന്ന പ്രത്യേകം സ്ഥലങ്ങൾ ലോക ത്തെവിടെയും, സാക്ഷാൽ മക്കാ മദീനയിൽപ്പോലും, ഉണ്ടെന്ന് ഖുർആൻ പഠി പ്പിക്കുന്നില്ല എന്നിരിക്കെ, പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടുന്ന ധാരാളം സ്ഥല ങ്ങൾ മക്കയിലും മദീനയിലും ഉണ്ടെന്നു പ്രചരിപ്പിച്ചു ജനങ്ങളെ മക്കയിലേ ക്കാകർഷിപ്പിച്ചു സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുക, പരോപകാരമുള്ള സൽക്കർമ്മങ്ങൾ കൂടാതെ കേവലം പ്രാർത്ഥനകളിലൂടെ സ്വർഗ്ഗവും പരലോക മോക്ഷവും നേടിക്കളയാം എന്ന ജൂത-ക്രിസ്ത്യൻ സിദ്ധാന്തം പ്രചരിപ്പിക്കുക, താടിയും തൊപ്പിധരിക്കലും നമസ്കരിക്കലുമൊക്കെ അള്ളാഹുവിൽ നിന്ന് പുണ്യം കിട്ടുന്ന അറേബ്യൻ സുന്നത്തുകളാണെന്ന പച്ചക്കള്ളം പ്രചരി പ്പിക്കുക... അങ്ങനെ നബി കൊണ്ടുവന്ന പ്രത്യയ ശാസ്ത്രത്തെ വെള്ളം ചേർത്ത് വികലമാക്കുക. ഇതായിരുന്നു അന്നത്തെ ജൂതന്മാരായ അറേബ്യൻ സുന്നികൾ സ്വീകരിച്ച തന്ത്രം. അതുവഴി ലോകജനത മുഴുവൻ അറബികളോ ടൊപ്പവും അറേബ്യൻ സംസ്കാരത്തോടൊപ്പവും നടക്കണമെന്ന് മുആവി യയും, അന്നത്തെ അറബികളും ശഠിച്ചു....! അതുവഴി ഇസ്ലാമിന്റെ ജൈത്രയാ ത്രക്ക് - ആ കൂലംകുത്തിയൊഴുക്കിന് - വിരാമമിടാനും, മുആവിയക്കും അറ ബികൾക്കും കഴിഞ്ഞു. ഇസ്ലാമും മറ്റു മതങ്ങളെപ്പോലെ കേവലം ഒരു അറേ ബ്യൻ ആചാരമതമായി അധഃപതിച്ചു.

**വർഗ്ഗീയതയുടെ കണികപോലുമില്ലാത്ത ഖുർആനും കൊണ്ട് അറ ബികൾ ലോകജനതയോടൊപ്പം നടക്കണമെന്ന് ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ അറബികൾ ഉണ്ടാക്കിയ വർഗ്ഗീയവിഷം കലർന്ന**

**കള്ളഹദീസുകളും പേറി ലോകം മുഴുവൻ അറബികളൊപ്പം നടക്കണ മെന്ന് മുആവിയയും അറബികളും നിയമമാക്കിയെന്ന് സാരം. ഇസ്ലാമിക ലോകത്തെ ഇന്നത്തെ എല്ലാ ദുരവസ്ഥയ്ക്കും കാരണം മുആവിയ - അബൂഹുറൈറ കൂട്ടുകെട്ടിന്റെ ഈ ഖുർആൻ വിരുദ്ധ സിദ്ധാന്തമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംസ്കാരങ്ങൾ തമ്മിൽ ഏറ്റുമുട്ടാനും വർഗ്ഗീയതയും വർഗ്ഗീയ ലഹളകളും ഭീകരവാദവും ഭീകരാക്രമണങ്ങളും വളരാനും മുആവിയയുടെ ആ ഹദീസ് സിദ്ധാന്തം വഴിവെച്ചു.**

മുഹമ്മദ് നബിയും വിശുദ്ധ ഖുർആനും ലോകത്തിനനുഗ്രഹമാണെന്ന് ഖുർ ആൻ പറഞ്ഞതിന്റെ വിവക്ഷ- നബിയും നബി കൊണ്ടുവന്ന വിശുദ്ധ ഖുർ ആനും (ഇസ്ലാംദീൻ) മാത്രമാണ് ലോകത്തിന് അനുഗ്രഹം എന്ന അർത്ഥത്തി ലല്ല, പിന്നെയോ, അറേബ്യയിൽ വന്ന ആ നബിയെയും ആ ദൈവിക പ്രത്യ ശാസ്ത്രത്തെയും ലോകത്തിന്റെ ഏതുഭാഗത്തുള്ള ജനങ്ങൾക്കും - പ്രത്യേ കിച്ചും, അവർക്ക് കിട്ടിയ ദൈവീകദർശനങ്ങളിൽ നിന്ന് അകന്നുപോയ ജന ങ്ങൾക്ക് - സ്വീകരിക്കാമെന്നും, അങ്ങനെ സ്വീകരിക്കുമ്പോൾ - അതവർക്ക് മോക്ഷത്തിനും അനുഗ്രഹത്തിനും നിദാനമായിത്തീരുന്നു എന്ന അർത്ഥത്തി ലുമാണ്. ലോകത്തുവന്ന ഒരു മതവും പ്രത്യയശാസ്ത്രവും, ദൈവിക ഗ്രന്ഥവും ദുർവ്യാഖ്യാനങ്ങൾക്കും, പുരോഹിതന്മാരുടെ കൈകടത്തലിനും വിധേയമാ വാതിരുന്നിട്ടില്ല. ഹിന്ദുധർമ്മവും, ജൂതമതവും, ക്രിസ്തുമതവും, ഇസ്ലാം മതവും എല്ലാം പലവിധ അധിനിവേശങ്ങൾക്കും കൈകടത്തലുകൾക്കും വിധേയമാ യിട്ടുണ്ട്. രാഷ്ട്രീയമായ ലക്ഷ്യങ്ങൾക്കും, ഭൗതികമായ നേട്ടത്തിനും വേണ്ടി ചില കപടപുരോഹിതന്മാരും രാജാക്കന്മാരും തങ്ങളുടെ മതത്തെ വർഗ്ഗീയ വൽക്കരിക്കുമ്പോഴും, വികലമാക്കുമ്പോഴും ഒഴുക്കിനനുസരിച്ചു നീന്താതെ സ്വന്തം മതത്തിന്റെ അന്തഃസ്സത്തയും ധർമ്മവും മുറുകെപ്പിടിച്ച ഒരു വിഭാഗം എല്ലാമതത്തിലുമുണ്ടായിരുന്നു. ഇന്നുമുണ്ട്. എന്നുമുണ്ടായിരിക്കുകയും ചെയ്യും. (4:133), (6:132, 133), (5:77) ..... (47:38) ദൈവം എന്താണെന്നു മനസ്സി ലാക്കി - അല്ലാഹുവിനെ ശരിക്കും പഠിച്ചുമനസ്സിലാക്കി - തൗഹിദിന്റെ ആന്ത രാർത്ഥം ഉൾക്കൊണ്ടുകൊണ്ട് ജാതിമത ചിന്തകൾക്കപ്പുറം മനുഷ്യരെ സ്നേഹി ക്കുന്ന - ഒരു വിഭാഗം എല്ലാ മതക്കാരിലുമുണ്ട്. തങ്ങൾക്കു ചുറ്റും നടമാടുന്ന പൈശാചിക പ്രവണതകൾക്കു തീരെ കീഴ്പെടാതെ ഉള്ളതുകൊണ്ട് തൃപ്തി പ്പെട്ടും, സാഹചര്യങ്ങൾക്കനുസരിച്ചു ജീവിതം ക്രമപ്പെടുത്തിയും, ജീവിതം സ്വർഗ്ഗതുല്യമാക്കിയ ആ വിശ്വാസികളുടെ പേരാണ് മുസ്ലീംകൾ. അല്ലാഹു വിനെ സ്വന്തം ചിന്തയിലൂടെയും, അനുഭവങ്ങളിലൂടെയും പഠിച്ചു മനസ്സിലാക്കി ആ 'ദൈവത്തിനു കീഴ്പെട്ടവർ ' എന്നാണ് 'മുസ്ലിം' എന്നതിന്റെ വിവക്ഷ. ആ വിഭാഗത്തിന്റെ മറ്റൊരു പേരാണ് 'ബ്രാഹ്മണർ'. അഥവാ ബ്രഹ്മത്തെ അറി ഞ്ഞവർ. ഇന്ത്യയിലെ 95 ശതമാനം ഹിന്ദുക്കളും ബ്രഹ്മം എന്തെന്നറിയാത്ത 'അബ്രാഹ്മണർ' ആയതുപോലെ അറേബ്യൻ മുസ്ലിംകളിൽ 99 ശതമാനവും അല്ലാഹു എന്തെന്നറിയാത്ത - തൗഹീദ് എന്തെന്നറിയാത്ത - 'അമുസ്ലിംകളാണ്'



എന്നത് നമ്മെ വളരെയധികം ഞെട്ടിപ്പിക്കുകയും ഇരുത്തിച്ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു വസ്തുതയാണ്..!!

ഇസ്ലാമും ബ്രാഹ്മണ്യവുമെല്ലാം ജന്മം കൊണ്ടു ലഭിക്കുന്നതല്ല. അതു സ്വന്തം ചിന്തയിലൂടെയും കർമ്മത്തിലൂടെയും മാത്രം നേടിയെടുക്കേണ്ട ഒരു അവസ്ഥാ വിശേഷമാണ്. (ഇതെല്ലാം മറ്റൊരു ഭാഗത്ത് വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല) ചുരുക്കത്തിൽ മുഹമ്മദ് നബി ലോകർക്ക് അനുഗ്രഹമാ ണെന്ന് ഖുർആൻ പറഞ്ഞതും മുഹമ്മദ് നബി മാനവർക്കാകമാനം ഉള്ള നബി യാണെന്ന് ഖുർആൻ പറഞ്ഞതും മുഹമ്മദ് നബി മാത്രമാണ് ലോകത്തിന് അനു ഗ്രഹമായിട്ടുള്ള നബി എന്ന അർത്ഥത്തിലല്ല. അറേബ്യയിൽ വന്ന ആ നബിയെ ലോകത്തെവിടെയുമുള്ള ദൈവികദർശനം ലഭിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്ത ജനസമൂഹങ്ങൾക്കും നബിയായി സ്വീകരിക്കാമെന്നും അതുവഴി പരലോക മോക്ഷം കരസ്ഥമാക്കാം എന്ന അർത്ഥത്തിലുമാണ്. അതിന് 'നമസ്കാരക്കു പ്പായം' മാറേണ്ടതില്ല. ഭൂമിയിൽ വന്ന എല്ലാ നബിമാരെക്കുറിച്ചും വേദ ഗ്രന്ഥ ത്തെക്കുറിച്ചും ഖുർആൻ ഇതേ ആശയം പറഞ്ഞതായി കാണാം. ഉദാഹരണ ത്തിന് ഈസാനബിയെയും മൂസാനബിയെയും അവർ കൊണ്ടുവന്ന വേദഗ്ര ന്ഥങ്ങളെയും 'ഹുദൻ ലിന്നാസ് ' (മനുഷ്യർക്കുള്ള സന്മാർഗ്ഗദർശനം) എന്നാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ഈ ഖുർആനിക സത്യം വിളംബരം ചെയ്യു മ്പോൾ സാക്ഷാൽ മുഹമ്മദ് നബിയുടെയും ഖുർആനിന്റെയും മഹത്വം ഇടി യുന്നില്ലേയെന്ന് ചില 'മുആവിയൻ സുന്നി'കൾക്ക് സംശയം തോന്നാം. എന്നാൽ മുആവിയയും അബൂഹുറൈറയും തന്ത്രപൂർവ്വം മറച്ചുവെയ്ക്കാൻ ശ്രമിച്ച പ്രസ്തുത ഖുർആനിക സത്യം പ്രചരിപ്പിക്കുന്നതിലൂടെ നാം നമ്മുടെ നബിയുടെയും ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെയും മഹത്വം ഒന്നുകൂടി വിളംബരം ചെയ്യുകയാണ് എന്നറിയുക...!

മാത്രമല്ല വേദഗ്രന്ഥത്തിലെ - വിശുദ്ധ ഖുർആനിലെ - വ്യക്തവും സ്പഷ്ടവുമായ കൽപ്പനകൾ മുറുകെപ്പിടിക്കാനാണ് ഖുർആൻ - നബിതിരു മേനി - മുസ്ലിംകളോട് (അറബികളോട്) കൽപ്പിക്കുന്നത്. (3 : 7) എല്ലാ വേദ ഗ്രന്ഥങ്ങളിലും കാണുന്നതുപോലെ, പ്രത്യക്ഷത്തിൽ പ്രയാസകരമായി തോന്നുന്ന ചില ഉപമകളും, അലങ്കാരങ്ങളും ഖുർആനിൽ ഉണ്ടെന്നും, അത്തരം ഉപമകളുടെയും പ്രതീകാത്മകമായ വർണ്ണനകളുടെയും അർത്ഥം സാക്ഷാൽ അല്ലാഹുവിന്നും, നബിമാർക്കും, ബുദ്ധിമാന്മാരായ ജ്ഞാനികൾക്കും മാത്രമേ അറിയുകയുള്ളൂ എന്നും, അത്തരം ഉപമകളുടെയും അലങ്കാരങ്ങളുടെയും പിറകേ പോയി, സമയം കളയാതെ, വേദഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്ന ലളി തവും സ്പഷ്ടവുമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു, അതു ജീവി തത്തിൽ പകർത്തി, സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ജീവിക്കാ നാണ് സാധാരണക്കാരായ വിശ്വാസികളെ ഖുർആനും മുഹമ്മദ് നബിയും പഠി പ്പിക്കുന്നത്..! വേദഗ്രന്ഥത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ താൽപ്പര്യമുള്ള

വർക്ക് ഖുർആൻ പണ്ഡിതന്മാരെയോ, വേദജ്ഞാനികളെയോ, മറ്റു ബുദ്ധി ജീവികളെയോ സമീപിക്കുകയും പഠിക്കുകയും ചെയ്യാമെന്നു മാത്രം..!!

ഇസ്‌ലാം എന്നാൽ ഏകദൈവവിശ്വാസം, പരലോകവിശ്വാസം പരോപ കാരമുള്ള സൽകർമ്മങ്ങൾ (2:62) (5:68) എന്നിങ്ങനെയുള്ള മൂന്നു അടിസ്ഥാ നകാര്യങ്ങളാണ്. ഒരു ദൈവദൂതന്റെയോ, വേദഗ്രന്ഥത്തിന്റെയോ സഹായം കൂടാതെ സ്വന്തം ചിന്തയിലൂടെയും, സാധനയിലൂടെയും ഏകദൈവം (അല്ലാഹു) എന്ന ശക്തിയെ അനുഭവിച്ചറിയുകയും, ആ ശക്തിയിൽ വിശ്വസി ക്കുകയും, പരലോകമോക്ഷത്തിൽ വിശ്വസിക്കുകയും, തുടർന്ന് അന്യർക്ക് ഉപകാരമുള്ള സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്ത വ്യക്തിയുടെ പേരും 'മുസ്ലീം' (ബ്രാഹ്മണൻ) എന്നുതന്നെയാണ്. അങ്ങിനെയുള്ള ഏതൊരു വ്യക്തിക്കും ഖുർആനും മുഹമ്മദുനബിയും സ്വർഗ്ഗം വാഗ്ദാനം ചെയ്യുവാൻ കാരണവുമതാണ്..!! 'ആർ ഏകദൈവത്തിൽ വിശ്വസിക്കുകയും അന്ത്യദിന ത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ, അവർ ജൂതനാവട്ടെ, ക്രിസ്ത്യാനിയാവട്ടെ, സാബി (ഹിന്ദു..?) യാവട്ടെ, മുഹമ്മദ് നബി യിൽ വിശ്വസിച്ചവനാകട്ടെ, അവർക്കൊക്കെ സ്വർഗ്ഗവും പരലോകമോക്ഷവു മുണ്ട്. (2:62) (5:68) എന്നാണ് ഖുർആൻ വെട്ടിത്തുറന്നു പ്രഖ്യാപിച്ചത്. വിശ്വ സിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവർക്ക് സ്വർഗ്ഗവും മഹ ത്തായ പരലോകമോക്ഷവുമുണ്ടെന്ന് വേറെയും ഇരുനൂറ്റമ്പതോളം തവണ ഖുർ ആൻ പ്രഖ്യാപിക്കുകയും ചെയ്തു...! (2:25; ...103 - 3)

എന്നാൽ വർഗ്ഗീയവാദികളായിരുന്ന - അന്നു മക്കയിലും മദീനയിലും ഉണ്ടായിരുന്ന ഭൂരിപക്ഷം ക്രിസ്ത്യാനികളെയും, ജൂതന്മാരെയും തിരുത്താൻ വേണ്ടി ഖുർആനിലൂടെ അല്ലാഹുവും നബിയും പഠിപ്പിച്ച 'സർവ്വമതസത്യവാ ദവും', സർവ്വമതസാഹോദര്യവും, മതേതരത്വവും ഒക്കെ വളർത്തുന്ന അത്തരം ഖുർആനിക സൂക്തങ്ങൾ, ഹദീസിലൂടെ (തങ്ങൾ രചിച്ച 'നബിവചനങ്ങൾ' (ഹദീസുകൾ)) എന്ന രണ്ടാം പ്രമാണങ്ങളിലൂടെ അബൂഹുറൈറയും മുആവി യയും ദുർബ്ബലപ്പെടുത്തി...!!

നബിതിരുമേനിയുടെ വരവോടുകൂടി - ഖുർആൻ വന്നതോടുകൂടി - ലോകത്തുള്ള എല്ലാമതങ്ങളും, മതഗ്രന്ഥങ്ങളും, അസാധുവായെന്നും, - ഖുർ ആൻ എന്നാൽ തങ്ങൾ നബിയുടെ പേരിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന (ക ള്ള) ഹദീസുകളാണെന്നും, ആ ഹദീസുകൾക്കനുസരിച്ചു നമസ്കരിക്കുക യും, ബാങ്കുവിളിക്കുകയും, നോമ്പുനോൽക്കുകയും, ഹജ്ജുചെയ്യുകയും, ചേലാകർമ്മം ചെയ്യുകയും, ചിന്തിക്കുകയും ചെയ്യുന്ന സുന്നികൾക്കുമാത്രമെ സ്വർഗ്ഗവും, പരലോകമോക്ഷവും കിട്ടുകയുള്ളൂ എന്നും അറേബ്യയിൽ നിന്ന വർ തന്ത്രപൂർവ്വം പ്രചരിപ്പിക്കാൻ തുടങ്ങി. അന്നുമുതൽ ഇസ്ലാം (ഏകദൈ വാധിഷ്ഠിത കമ്മ്യൂണിസം - അല്ലെങ്കിൽ ഏകദൈവാധിഷ്ഠിത ജനാധിപത്യം) ഒരു അപകടകരമായ വർഗ്ഗിയ സംഘടനയായി - അഹ്‌ലുസ്സുന്നത്തുവൽജമാ അത്ത് എന്ന സംഘടനയായി - അറേബ്യയിൽ നിന്നും പ്രചരിക്കാൻ തുടങ്ങി..!!



**'അഹ്‌ലുസ്സുന്നത്തുവൽജമാഅത്തിന്റെ ഒന്നാം പ്രമാണമായ ഹദീസുകൾ ഖുർ ആനിനു പകരം ചെറുപ്പം മുതലേ പള്ളി-മദ്രസ്സകളിൽ വെച്ചും, 'ദർസിൽ' വെച്ചും നബിയുടേതാണെന്നു കരുതി ആത്മാർത്ഥമായി പഠിച്ചുവളർന്ന പണ്ഡിതന്മാരും നേതാക്കളുമാണ് അൽഖയിദ, താലിബാൻ, ജംഇയ്യത്തുൽ ഇഹ്സാനിയ്യ, ടൈഗർസുന്നി' തുടങ്ങിയ മുസ്ലീംഭീകര സംഘടനകൾക്കു ജന്മം നൽകിയത്..!! നിരപരാധികളായ സുന്നി മുസ്ലീംകളെ അവരറിയാതെ ഭീകര ന്മാരും വർഗ്ഗീയവാദികളുമാക്കുന്ന നമ്മുടെ മദ്രസാ-ദർസു പഠനങ്ങൾ പൂർണ്ണ മായും ഖുർആൻ കൊണ്ട് പരിഷ്കരിക്കണമെന്നായിരുന്നു ചേകന്നൂർ മൗലവി ആഹ്വാനം ചെയ്തത്.**

## അബൂഹുറൈറയും മുആവിയയും നബിയുടെ ഇസ്‌ലാം മതത്തിൽ നടത്തിയ ഗുരുതരമായ അട്ടിമറികൾ :

നബിതിരുമേനി 23 വർഷം മക്കയിലും മദീനയിലുമായി പ്രബോധനം നടത്തുമ്പോൾ, അതിൽ 21 വർഷവും നബിയെ വധിക്കാനും ഇസ്ലാമിനെ തകർക്കാനും നടന്ന വ്യക്തിയായിരുന്നു മുആവിയയും പിതാവ് അബൂസുഫ് യാനും. ഒടുവിൽ നബിതിരുമേനി മക്ക കീഴടക്കിയപ്പോൾ ഗത്യന്തരമില്ലാതെ ഇസ്ലാം മതത്തിൽ ചേർന്നതായി ആ ഖുറൈശി പ്രമുഖർ പ്രഖ്യാപിക്കുകയും, നബി സന്നിധിയിൽ വന്നു ആയുധം വെച്ചു കീഴടങ്ങുകയും ചെയ്തു. ഇതേ മുആവിയയുടെ കൈകളിലാണ് നബിയുടെ മരണം കഴിഞ്ഞു സുമാർ ഇരുപ തുവർഷം കഴിഞ്ഞപ്പോൾ (ഖലീഫാ ഉസ്മാന്റെ കാലത്ത്) ഇസ്ലാമിക ഭരണം ചെന്നെത്തിയത്. നബിയുടെ അനുചരൻമാർ തമ്മിലുണ്ടായ രാഷ്ട്രീയവടംവ ലിയും, കക്ഷിമാത്സര്യങ്ങളും മുതലെടുത്ത് മക്ക, മദീന, സിറിയ, ഇറാഖ്, ഈജിപ്ത് തുടങ്ങിയ വിശാലമായ ഇസ്ലാമിക സാമ്രാജ്യത്തിന്റെ ഖലീഫയാ കാനും, ക്രമേണം അതൊരു രാജഭരണമാക്കാനും, മുആവിയക്കു കഴിഞ്ഞു. (നാലാം ഖലീഫയായ ഇമാം അലിയെ ചതിയിലൂടെ പുറത്താക്കിയപ്പോൾ മുആ വിയയെ ചോദ്യം ചെയ്ത അവസാനത്തെ ഖുർആൻ വിശ്വാസിയായ ഭരണാ ധിപനും അറേബ്യൻ മണ്ണിൽ നിന്ന് അപ്രത്യക്ഷമായിരുന്നു. ഈ കഥകളെല്ലാം വിശദമായി ഇസ്ലാമിക ചരിത്രത്തിൽ പലയിടത്തായി രേഖപ്പെടുത്തിയിട്ടുണ്ട്).

നബി മുതൽ ഖലീഫാഉമർവരെയുള്ള ഇസ്ലാമിന്റെ സുവർണ്ണകാലഘട്ട ത്തിൽ, പണ്ട് വിഘടിച്ചുനിന്നു, പരസ്പരം ശത്രുക്കളായി യുദ്ധം ചെയ്തിരുന്ന അറേബ്യൻ ഗോത്രങ്ങൾ ഒന്നിച്ചുനിന്നുകൊണ്ട് മുന്നേറിയപ്പോൾ റോമാ സാമ്രാ ജ്യത്തിന്റെ ഈറ്റില്ലമായ സിറിയയും, പേർഷ്യൻ ചക്രവർത്തിമാരുടെ പറുദീ സയായിരുന്ന ഇറാഖും ആ അറേബ്യൻ ചുണക്കുട്ടികളുടെ കയ്യിൽ വന്നു ചേർന്നിരുന്നുവല്ലോ. ഖലീഫാ ഉമറിന്റെ നീതിയിലും നന്മയിലും അധിഷ്ഠിത മായ ആ 'ജനാധിപത്യഭരണ'ത്തിൽ, പേർഷ്യൻ റോമാസാമ്രാജ്യങ്ങളിൽ നിന്നുള്ള സമ്പത്തുകൾ വന്നു മദീനയുടെ മണ്ണിൽ കുന്നുകൂടി..!! റോമാ- പേർഷ്യൻ രാജാക്കന്മാരുടെ ആഢംബരജീവിതം കൊണ്ട് പൊറുതിമുട്ടിയ

അന്നാട്ടിലെ സാധാരണക്കാരുടെ സഹായത്തോടെയാണ് ഖലീഫാ ഉമറിന്റെ സേനാനായകർ ആ മഹത്തായ വിജയങ്ങളൊക്കെ നേടിയത്..!! കീഴടക്കിയ പ്രദേശങ്ങളിലെല്ലാം റോമാ-പേർഷ്യൻ രാജാക്കന്മാരുടെ കീഴിൽ അടിമകളെ പ്പോലെയും, അഗതികളെപ്പോലെയും ജീവിച്ചിരുന്ന സാധാരണക്കാർക്ക് അവ രുടെ കൃഷിഭൂമിയും, മറ്റാനുകൂല്യങ്ങളും തിരിച്ചുനൽകി, അവരിൽ നിന്ന് വസൂ ലാക്കിയിരുന്ന അമിതമായ നികുതികളൊക്കെ വെട്ടിക്കുറിച്ച് പകരം ഖുർആനും നബിയും നടപ്പിലാക്കിയ നാമമാത്രമായ 'ജിസ്യ' എന്ന നികുതി (9:29) ചുമ ത്തിയശേഷം ഇസ്ലാമിക ഭരണത്തിൻ കീഴിൽ അവരുടെ മതാചാരവും, ചിന്താ ഗതികളുമനുസരിച്ച്, ജീവിക്കാൻ അനുവദിച്ചുകൊണ്ടായിരുന്നു ഖലീഫാഉമ റിന്റെ സേനാനായകന്മാർ മടങ്ങിയിരുന്നത്..!! ഖലീഫയുടെ പ്രധാനപ്പെട്ട നിർദ്ദേ ശങ്ങൾ ശ്രദ്ധിക്കുക. '...... സ്വന്തം ഇഷ്ടപ്രകാരം നബിയിൽ വിശ്വസിക്കുക യും, ഇസ്ലാംമതം ആശ്ലേഷിക്കുകയും ചെയ്തവരോട് 'ജിസ്യ' എന്ന നികുതി വാങ്ങരുത്. അല്ലാത്ത പുരുഷന്മാരൊക്കെ വർഷത്തിൽ ഒരു ദിനാർ വെച്ചു (ന ബിയുടെ കാലത്തെപ്പോലെ) ഖലീഫയുടെ ഖജനാവിലേക്ക് 'ജിസ്യ' അടയ്ക്കേ ണ്ടതാണ്..! സ്ത്രീകളോടും കുട്ടികളോടും, വൃദ്ധന്മാരോടും 'ജിസ്യ' വാങ്ങ രുത് എന്ന നബിയുടെ ചര്യതന്നെ തുടർന്നും നടപ്പിലാക്കുക. 'ജിസ്യ' നൽകു ന്നതിനു പകരം ഒരു ഇസ്ലാമിക രാഷ്ട്രത്തിലെ പൗരൻ എന്ന നിലക്കുള്ള മുസ്ലീംകൾ അനുഭവിക്കുന്ന എല്ലാ രാഷ്ട്രീയ സുരക്ഷിതത്വവും, ജീവിതസൗ കര്യങ്ങളും, ആരാധനാ സ്വാതന്ത്ര്യവും മറ്റാനുകൂല്യങ്ങളും ആ അമുസ്ലീം പൗരനും അവന്റെ കുടുംബത്തിനും ലഭിക്കുന്നതായിരിക്കും. അനറബിനാടു കളിലെ അമുസ്ലീം പൗരന്മാർ നബിയെയും, വിശുദ്ധ ഖുർആനെയും, മുസ്ലീം കളെയും കളിയാക്കാൻ പാടുള്ളതല്ല..! (9:12, 13) ... (49:11) മുസ്ലീംകളുടെയും മറ്റു മതക്കാരുടെയും സാമൂഹ്യജീവിതത്തിന് ഭീഷണിയാകുന്ന രീതിയിൽ (Public Nuisance) പന്നികളെ വളർത്താനോ, കള്ളുഷാപ്പുകളോ, ചൂതാട്ട കേന്ദ്ര ങ്ങളോ നടത്താൻ പാടില്ല....' ഈ രീതിയിൽ പേർഷ്യ-റോമൻ സാമ്രാജ്യങ്ങ ളിലെ സാധാരണക്കാരുടെ ഹൃദയം കീഴടക്കിയതിനു ശേഷമായിരുന്നു ബാക്കി യുള്ള 'സമരാർജ്ജിതസ്വത്തുക്കളു'മായി ഖലീഫാ ഉമറിന്റെ സേനാനായകൻ മദീനയിൽ എത്തിയിരുന്നത്. ഒരിക്കൽ പേർഷ്യയിൽ നിന്ന് - പേർഷ്യയിലെ ജലൂല, ഹൽവാൻ പ്രവിശ്യകളിൽ നിന്ന് - ഉമറിന്റെ മുഖ്യസൈന്യാധിപനായി രുന്ന സഅദുബിൻ അബിവഖാസും, ഹാഷിംബിൻ ഉത്ബയും, അൽഖാദയും ചേർന്ന് കൊണ്ടുവന്ന കോടിക്കണക്കിന് വിലപിടിപ്പുള്ള രത്നങ്ങളും, വൈര ക്കല്ലുകളും, പവിഴങ്ങളും, വെള്ളിയും സ്വർണ്ണക്കൂമ്പാരങ്ങളും അബ്ദുർറഹ്മാൻ ബിൻഔഫ് മദീനയിലെ ഖലീഫയുടെ പള്ളിയിൽ ചൊരിഞ്ഞപ്പോൾ അതുകണ്ടു നിന്ന ഖലീഫാ ഉമർ കരഞ്ഞുപോയി..!!

## ഉമറിന്റെ കണ്ണുനീർ

ഇസ്ലാമിക ചരിത്രം എഴുതിയവരാരും തന്നെ 'ഉമറിന്റെ ആ കണ്ണു നീരി'നെക്കുറിച്ചു പരാമർശിക്കാതിരുന്നില്ല. എന്തായിരുന്നു മഹാനായ ഖലീഫാ



ഉമർ കരയാൻ കാരണം..? അതൊരു മഹത്തായ പ്രവചനത്തിന്റെ സാക്ഷാ ത്കാരമായിരുന്നു..!! ഒപ്പം വരാൻ പോകുന്ന മഹാ ദുരന്തത്തിന്റെ സൂചനയു മായിരുന്നു. നബി തിരുമേനി വർഷങ്ങൾക്ക് മുമ്പ് മദീനയിൽ വെച്ച് ഉമർ അട ക്കമുള്ള ഗോത്രപ്രമാണിമാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രബോധനം ചെയ്യുമ്പോൾ പറഞ്ഞ ഒരു പ്രവചനമായിരുന്നു അത്. 'നോക്കൂ... എന്റെ സഹോദരന്മാരെ.. അറേബ്യയിലുള്ള എല്ലാ ഓരോ അറബിയെയും സമ്പന്നരാ ക്കുന്ന ഒരു മഹാ മന്ത്രം ഞാൻ നിങ്ങൾക്കറിയിച്ചുതരാം.. നിങ്ങൾ ഈ ഗോത്ര ദൈവങ്ങളെ കൈവെടിയുക, പരസ്പരമാത്സര്യത്തിൽ നിന്നും, ശത്രുതയിൽ നിന്നും നിങ്ങൾ വിരമിക്കുക.. ഏകനായ അല്ലാഹുവിൽ (ദൈവത്തിൽ) വിശ്വ സിക്കുക.. ഞാൻ പറയുന്നതു അക്ഷരംപ്രതി അനുസരിക്കുക... എന്നെ പിന്തു ടരുക... നിങ്ങൾക്കു സ്വപ്നം കാണാൻ പോലും പറ്റാത്തവിധമുള്ള സമ്പത്തു കൾ അതുനിങ്ങളുടെ കാൽക്കീഴിൽ കൊണ്ടുവരും..! റോമാ-പേർഷ്യൻ ചക്ര വർത്തിമാരുടെ സിംഹാസനങ്ങൾ വരെ നിങ്ങളുടെ കാൽക്കീഴിൽ അതുകൊ ണ്ടുവന്നു തരും..!! രണ്ടുലോകത്തും നിങ്ങൾ സമ്പത്തും ശാന്തിയും സമാധാ നവുമുള്ളവരായിരിക്കും..!!'. തന്റെ സേനാനായകന്മാർ പേർഷ്യയിൽ നിന്നും കൊണ്ടുവന്ന സ്വർണ്ണത്തിന്റെയും രത്നത്തിന്റെയും കെട്ടുകൾ മദീനയിലെ പള്ളിയിൽ ചൊരിഞ്ഞപ്പോൾ മക്കയിലെ കവലയിൽ വെച്ചും അർഖാമിന്റെ ഭവ നത്തിൽ വെച്ചും നബിതിരുമേനി പലപ്പോഴും പറയാറുണ്ടായിരുന്ന ആ വാക്കു കൾ ഉമറിന്റെ കർണ്ണപുടങ്ങളിൽ തുടരെതുടരെ പ്രതിധ്വനിച്ചു..!! ആ ദൈവദൂ തന്റെ പ്രവചനം അക്ഷരംപ്രതി പുലരുന്നതുനേരിൽ കാണുകയായിരുന്നു മഹാ നായ ഉമർ...!! ഉടനെത്തന്നെ ആ മഹാന്റെ മനസ്സിൽ മറ്റൊരു ആശങ്കയും ഒരു വല്ലാത്ത ഭീതിയും കടന്നുവന്നു..!! ദൈവദൂതനായിരുന്നില്ലെങ്കിലും പ്രവാചക സദൃശമായ ഒരു ദീർഘദൃഷ്ടിയും പ്രവചനാത്മകമായ ഒരു ഉൾവിളിയും ഖലീഫാ ഉമറിനുണ്ടായിരുന്നു..!! കരഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു:- 'സമ്പത്തു കുന്നുകൂടിയപ്പോഴാണ് പേർഷ്യയിലെയും, റോമിലെയും ചക്രവർത്തിമാരും സമ്പന്നരും ദൈവത്തെ മറന്നു അഹങ്കരിച്ചതും, സാധാരണ ജനങ്ങളുടെ വികാ ര-വിചാരങ്ങൾക്കു യാതൊരു വിലയും നൽകാതെ അവരെ ചവിട്ടിമെതിച്ചതും.. ഒന്നുമില്ലാതെ കന്നുകാലികളെപ്പോലെ അറേബ്യയിലെ മരുഭൂമിയിൽ അലഞ്ഞു നടന്നിരുന്ന നമ്മെ, ആ ദൈവദൂതനും, ഖുർആനും സമ്പന്നരാക്കി.. ഉഹ്ദു മല യോളം സ്വർണ്ണവും രത്നവും നമ്മുടെ മുമ്പിൽ കുന്നുകൂടി.. ഇഹലോകത്തും പരലോകത്തും നമുക്ക് വിജയം വാഗ്ദാനം ചെയ്യുകയും ചെയ്തു..!! അല്ലാ ഹുവാണേ.. ഈ കൂമ്പാരമായിക്കിടക്കുന്ന ഈ സമ്പത്തുകണ്ട്, എനിക്കു സന്തോ ഷിക്കാനല്ല, ... കരയാനാണ് തോന്നുന്നത്..!! കാരണം പേർഷ്യ-റോമൻ ചക്ര വർത്തിമാരെപ്പോലെ എന്റെ സഹോദരന്മാരായ അറബികളും, ആഢംബരത്തി ലും, അഴിമതിയിലും മുങ്ങിക്കുളിച്ച് സാധാരണക്കാരെ ചൂഷണം ചെയ്ത് നരകം വിലക്കുവാങ്ങുന്നതും അങ്ങിനെ ഈ സമ്പത്തുകൾ മുസ്ലീംകൾക്കുതന്നെ ഒരു ദുരന്തമാകുന്നതും ഞാൻ കാണുന്നു...!!' തുടർന്ന് ഉമർ വിശുദ്ധ ഖുർആനിലെ

(44:25) എന്നീ സൂക്തങ്ങൾ ഓതി.

*'എത്രയെത്ര പൂങ്കാവനങ്ങളും നീരുറവകളുമാണ്*
*അവർ ഉപേക്ഷിച്ചുപോയത്...?*
*എത്രയെത്ര വിളഭൂമികളും മാന്യമായ മണിമന്ദിരങ്ങളും...!*
*അവർ രസിച്ചുല്ലസിച്ചുപോന്ന എന്തെന്തു മഹാനുഗ്രഹങ്ങൾ...!*
*അങ്ങിനെതന്നെ അതെല്ലാം മറ്റൊരു സമൂഹത്തിന്*
*നാം അനന്തരമായി നൽകി.*
*ആകാശവും ഭൂമിയും അവരെയൊർത്തു കരഞ്ഞില്ല..!'*
*(വിവ: തിരുവരുൾ; എം.എൻ.കാരശ്ശേരി) (മുജാഹിദ് – ജമാഅത്തു ഖുർ ആൻ പരിഭാഷകൾ കാണുക)*

ഖലീഫാ ഉമറിന്റെ ആ പ്രവചനം പൂർണ്ണമായും സത്യമായിരുന്നു എന്ന് പിൽക്കാല സംഭവങ്ങൾ തെളിയിച്ചു..!! അലിയും, ഉസ്മാനും, ത്വൽഹയും സുബൈറും, ആയിശയും, മുആവിയയും പരസ്പരം തമ്മിലടിച്ചു, നബിയുടെ കാലത്തെ 'സംഘടിത ഇസ്ലാം' ക്രമേണ അസ്തമിക്കാൻ തുടങ്ങി. ഒടുവിൽ ഖലീഫാഉമറിന്റെ മരണം കഴിഞ്ഞു സുമാർ രണ്ടുവ്യാഴവട്ടം കഴിഞ്ഞപ്പോൾ, നബിവിരോധിയായിരുന്ന മുആവിയ, 'ഇസ്ലാമിന്റെ ലേബലിൽ' മക്കയും മദീനയും, സിറിയയും, ഇറാഖും, ഈജിപ്തുമുൾപ്പെടുന്ന ഒരു മഹാസാമ്രാജ്യത്തിന്റെ ഏകാധിപതിയായ ഭരണാധിപനായി അവരോധിക്കപ്പെട്ടു...! നബിയും, ഖലീഫാ അബൂബക്കറും, ഖലീഫാ ഉമറും അത്യന്തം ദൈവഭയത്തോടെ – വളരെ ശ്രദ്ധയോടെയും, മിതവ്യയത്തോടെയും – ഒരുമിച്ചുകൂട്ടിയുണ്ടാക്കിയ സമ്പത്തും, സാമ്രാജ്യവുമെല്ലാം ഖലീഫാ ഉസ്മാനിലൂടെ സിറിയൻ ഗവർണ്ണറായിരുന്ന തന്റെ മരുമകൻ മുആവിയയുടെ കൈകളിൽ വന്നുചേർന്നു. (92 വർഷം നീണ്ടുനിന്ന അമവി രാജഭരണത്തിന്റെ (സുന്നിഭരണത്തിന്റെ) തുടക്കമായിരുന്നു അത്).

മുആവിയ ബിൻഅബൂസുഫ്യാൻ, സഅദ്ബിൻ അബീവഖാസ്, ത്വൽഹ, സുബൈർ, ഇമാംഅലി, അംറുബിൻആസ്, മുഗീറത്തുബിൻ ശുഅ്ബ തുടങ്ങിയവരൊക്കെ നബിയുടെ കാലത്ത്, മദീനയിലേക്കും, സിറിയയിലേക്കും, ഇറാക്കിലേക്കും, അബിസീനിയയിലേക്കും, ഈജിപ്തിലേക്കുമൊക്കെ കച്ചവടസംഘങ്ങളെ (caravans) നയിച്ചവരായിരുന്നു..!! അവരിൽ പലരെയും ഖലീഫാ ഉമറിന്റെ കാലമായപ്പോൾ ഈജിപ്ത്, സിറിയ, ഇറാഖ് തുടങ്ങിയ ഇസ്ലാമിക നാടുകളിലെ പ്രധാന പ്രവിശ്യകളിൽ രാജാക്കന്മാരും ഗവർണ്ണർമാരും, വൈസ്രോയിമാരുമായി മാറ്റാൻ മുഹമ്മദ് എന്ന ദൈവദൂതനും ഖുർആനും കഴിഞ്ഞു..!!

മുപ്പതുവർഷങ്ങൾക്ക് മുമ്പ് വാളുകൊണ്ട് ഇസ്ലാമിനെയും നബിയെയും തകർക്കാൻ നടന്നവനായിരുന്നു മുആവിയയും അയാളുടെ പിതാവ് അബുസുഫ്യാനും. പക്ഷേ അതു വിജയിച്ചില്ല. എങ്കിലും മുപ്പതുവർഷങ്ങൾക്ക് ശേഷം അതേ നബിയുടെ പ്രസ്ഥാനത്തിന്റെ അമരക്കാരനാവാൻ, അതിബുദ്ധിമാനും കൗശലക്കാരനും, കപടനുമായ മുആവിയക്കു കഴിഞ്ഞു..! ഈ അവസരം ഒരിക്കൽക്കൂടി ഇസ്ലാമിനെതിരെ (തന്റെ ആജന്മശത്രുവായിരുന്ന (നബിക്കും) അലിക്കുമെതിരെ) പ്രയോഗിക്കാമെന്ന് ബുദ്ധിമാനായ മുആവിയ കണക്കുകൂട്ടി..!! പക്ഷേ വാളുകൊണ്ട് നശിപ്പിക്കാൻ പറ്റാത്തവിധം 'മുഹമ്മദിന്റെ പ്രസ്ഥാനം' (ഇസ്ലാം) അറേബ്യയിൽ (അറബിഭാഷ സംസാരിക്കുന്ന സ്ഥലത്തെല്ലാം) വളർന്നു കഴിഞ്ഞിരുന്നു..!! ഏകനായ അല്ലാഹുവല്ലാതെ (ദൈവമല്ലാതെ) മറ്റൊരു ദൈവമില്ലെന്നും. മുഹമ്മദ് ആ അല്ലാഹുവിന്റെ ദൂതനാണെന്നും, ആ ദൈവദൂതന്റെ കയ്യിൽ 'ഖുർആൻ' എന്ന ഒരു വേദഗ്രന്ഥമുണ്ടെന്നും അതനുസരിച്ചാണ് അദ്ദേഹവും, അദ്ദേഹത്തിന്റെ അടുത്ത അനുചരൻമാരും അനുയായികളും ജീവിക്കുന്നതും, ഭരിക്കുന്നതെന്നും, വിശ്വസിക്കുന്ന ഒരു ജനത അറേബ്യയിലെ ഏതാണ്ടെല്ലാ ഗോത്രങ്ങളിലും, ഇറാഖ്, സിറിയ, അബിസീനിയ, ഈജിപ്ത് തുടങ്ങിയ അയൽനാടുകളിലെ അറബി-അനറബി ഗോത്രങ്ങളിൽവരെയുണ്ടായിരുന്നു..!! ഇന്നുള്ള ലോകമുസ്ലിംകളിൽ 95 ശതമാനത്തിനും, ഖുർആനിൽ എന്താണുള്ളത് എന്നറിയാത്തപോലെ, ആ ജനതയും ഖുർആനിന്റെ താളുകളിൽ എന്താണ് ഉള്ളത് എന്ന് പഠിച്ചവരോ, പഠിക്കാൻ ശ്രമിച്ചവരോ ആയിരുന്നില്ല. അതേസമയം തങ്ങളുടെ ഗോത്രങ്ങളിലും, കുടുംബങ്ങളിലുമുണ്ടായിരുന്ന ശത്രുതയും, ദാരിദ്ര്യവും ഇല്ലാതാക്കി. ഗോത്രയുദ്ധങ്ങൾക്കറുതി വരുത്തി, സാമൂഹികാസമത്വങ്ങൾ മാറ്റി ശാന്തിയും, സമാധാനവും നിറഞ്ഞ- മുമ്പുള്ളതിനേക്കാൾ മെച്ചപ്പെട്ട സുരക്ഷിതത്വവും, സന്തോഷകരവുമായ – ഒരു ജീവിതശൈലി, തങ്ങൾക്കു സമ്മാനിച്ച – ആ ദൈവദൂതനിൽ (ഖുർആനിൽ) വിശ്വസിക്കുക മാത്രമായിരുന്നു അവർ ചെയ്തിരുന്നത്. നബിയുടെ ഏറ്റവും അടുത്ത അനുയായികൾക്കല്ലാതെ നബിയുടെ വ്യക്തി ജീവിതത്തെക്കുറിച്ചോ, നബിയുടെ നടപടിക്രമങ്ങളെ (സുന്നത്തിനെ)ക്കുറിച്ചോ, നബിയുടെ നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധനകളെക്കുറിച്ചോ, യാതൊരു അറിവുമുണ്ടായിരുന്നില്ല. വെള്ളിയാഴ്ച ദിവസം നബി നടത്തിയിരുന്ന ഉത്ബോധനപ്രസംഗങ്ങളും, നമസ്കാരവും (ജുമുഅഖുതുബയും, പ്രാർത്ഥനയും) മാത്രമായിരുന്നു നബിയുടേതായി സ്ഥിരമായി പുറത്തേക്കു കണ്ടിരുന്ന ഒരു മതചിത്രം..! (ഇന്നത്തെ ജൂതന്മാരുടെയും, ക്രിസ്ത്യാനികളുടെയും, ശനി-ഞായർ ദിവസങ്ങളിലെ കൂട്ടുപ്രാർത്ഥനക്കുപകരം, വെള്ളിയാഴ്ചദിവസമായിരുന്നു നബി പ്രാർത്ഥനക്കും, ഉൽബോധന പ്രസംഗത്തിനുമായി തിരഞ്ഞെടുത്തത്..! **അറബി ഭാഷയിലുള്ള തന്റെ നമസ്കാരവും, മറ്റു പ്രാർത്ഥനകളും, അനറബികളുടെയോ, അമുസ്ലീം ഗോത്രങ്ങളുടെയോ മേൽ നബി അടിച്ചേൽപ്പിച്ചിരുന്നില്ല. ഖുർആൻ അനുസരിച്ചു നബിക്ക് അതിന്നു പാടുണ്ടായിരുന്നില്ല...! (26:214.....20:132) (14:4), (13:39....2:256, 18:29, 5:68, 2:62) (19:55) മുആവിയയുടെ ജയവും പരാജയവും ഇവിടെയായിരുന്നു..!!** അറേബ്യയിലുള്ള മുസ്ലീംകളെ മുഴുവൻ കൊന്നൊടുക്കുക ഒരിക്കലും പ്രായോഗികമായിരുന്നില്ല. 'മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന വിശ്വാസവും, ഖുർആൻ അല്ലാഹു നബിതിരുമേനിക്കു നൽകിയ വേദഗ്രന്ഥമാണെന്ന വിശ്വാസവും, നിലനിർത്തി

ക്കൊണ്ടുള്ള ഒരട്ടിമറി മാത്രമേ നടത്താൻ പറ്റുകയുള്ളൂ എന്നു മഹാബുദ്ധിമാനായ മുആവിയയും അയാളുടെ 'റാൻമൂളി'യായ അബൂഹുറൈറയും കണക്കുകൂട്ടി. അന്നു മുതലാണ് 'അഹ്ലുസ്സുന്നത്തുവൽജമാഅത്ത്' എന്ന ആശയം തന്റെ ഹൃദയത്തിൽ മൊട്ടിട്ടത്.' വാളുകൊണ്ട് നശിപ്പിക്കാൻ പറ്റാത്ത നബിയുടെ ഇസ്ലാം മതത്തെ ഇനിയങ്ങോട്ട് ബുദ്ധികൊണ്ടും കൗശലം കൊണ്ടും ക്രമേണ തകർക്കാമെന്ന് മൂപ്പർ ദീർഘദർശനം ചെയ്തു. അതുവരെ ഒരു മനുഷ്യനായ ദൈവദൂതൻ എന്ന് ഖുർആൻ പരിചയപ്പെടുത്തിയ നബിയെ ഒരു ദൈവമായി ചിത്രീകരിച്ചുകൊണ്ട് – അമാനുഷികമായ പല അത്ഭുതങ്ങളും കാണിച്ച – ആകാശത്തു കയറി – അല്ലാഹുവുമായി നേരിട്ട് സംസാരിച്ചു അഞ്ചുനേര നമസ്കാരം 'പാസാക്കി' കൊണ്ടുവന്ന ഒരു 'ദൈവ'മായി ചിത്രീകരിച്ചുകൊണ്ട് നബിയുടെ പേരിൽ കുറേ കള്ളവചനങ്ങൾ ('നബി അങ്ങിനെ പറഞ്ഞു', 'നബി ഇങ്ങനെ പറഞ്ഞു' എന്നിങ്ങനെയുള്ള ആമുഖത്തോടു കൂടി) ഹദീസുകൾ കെട്ടിയുണ്ടാക്കിക്കൊണ്ട് ഖുർആനിക നിയമങ്ങൾ പൂർണ്ണമായും ദുർബ്ബലപ്പെടുത്താൻ (നസ്ഖു ചെയ്യാൻ) തുടങ്ങി. നബിയുടെ കാലത്ത് ഏക ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ കമ്മ്യൂണിസം പോലെ ഒരു സാമൂഹിക – സാംസ്കാരിക വിപ്ലവപ്രസ്ഥാനമായി അറേബ്യയിൽ നിന്ന് അനറബി ദേശങ്ങളിലേക്ക് കത്തിപ്പടർന്നു കൊണ്ടിരിക്കുന്ന ഇസ്ലാമിന്റെയും മുസ്ലീംകളുടെയും ജൈത്രയാത്രയ്ക്ക് – കുത്തിയൊഴുക്കിന് – തടയിടാൻ മുആവിയക്ക് അങ്ങനെ കഴിഞ്ഞു. ജൂതമതവും, ക്രിസ്തുമതവും പോലെ ഇസ്ലാം 'പെറ്റു മാത്രം പെരുകുന്ന' ഒരു സുന്നിമതമായി...! ഖുർആനും നബിയും ഉയർത്തിപ്പിടിച്ച വിദ്യാഭ്യാസം, നീതിയിലും നന്മയിലും അധിഷ്ഠിതമായ വ്യക്തി സാമൂഹ്യ ജീവിതം, സർവ്വമത സത്യവാദം, സർവ്വമത സാഹോദര്യം, കരാർ പാലനം, ഖുർആൻ പഠിച്ചും പഠിപ്പിച്ചും കൊണ്ടുള്ള ധർമ്മസമരം എന്നിവക്ക് പകരം വർഗ്ഗീയവാദം, അറബിസം (അഥവാ അറേബ്യൻ ചിന്താഗതികൾ), ഖുർആൻ വിലകുറച്ച് കാണിച്ചതും ഖുർആനിൽ തീരെ ഇല്ലാത്തതുമായ, ഖുർആന് കടകവിരുദ്ധവുമായ 30 തെറ്റുകളുള്ള അഞ്ചുനേരത്തെ നമസ്കാരം ഖുർആനിൽ ഇല്ലാത്തതും നബി കേട്ടിട്ടുപോലുമില്ലാത്തതും, ഖുർആനികാശയങ്ങൾക്ക് കടകവിരുദ്ധവുമായ 7 തെറ്റുകളുള്ള സുന്നി ബാങ്കുവിളി, ഖുർആൻ ബഹിഷ്കരിച്ച വിഗ്രഹാരാധനക്ക് തുല്യമായ 'ആമീൻ' എന്ന ജൂതപ്രാർത്ഥനാ മൊഴി, നബിയോ നാല് ഖലീഫമാരോ മാതൃകയായി കാണിക്കാത്തതും ഖുർആനിലില്ലാത്തതും, അറേബ്യൻ ജൂതന്മാരുടെ ആചാരവുമായിരുന്ന ചേലാകർമ്മം, സുന്നത്തു നമസ്കാരങ്ങൾ, സുന്നത്തു നോമ്പുകൾ, സുന്നത്തു ഹജ്ജുകൾ, ഹജ്ജിലെ കല്ലേറ്, കല്ല് ചുംബിക്കൽ, താടിവെക്കൽ, തൊപ്പിവെക്കൽ എന്നിവ മുസ്ലീംകളുടെ പാഠ്യപദ്ധതിയായി. ഇതൊക്കെയാണ് അള്ളാഹുവിന്റെ പദവിയിലുള്ള – അമാനുഷികനായ – നമ്മുടെ നബിയുടെ മഹത്തായ ചര്യയെന്നും ആ ചര്യകൾ നടപ്പിലാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതായിരുന്നു നബിയുടെ ദൗത്യം എന്നും അതുകൊണ്ട് മുസ്ലീംകളായ (സുന്നികളായ) നമ്മുടെ ദൗത്യവും അതുതന്നെയായിരിക്കണമെന്നും ആ ഹദീസുകൾ തന്നെയാണ് ഖുർആൻ എന്നും, അഥവാ ഖുർആനിന്റെ വിശദീകരണമാണ് ഹദീസുകളെന്നും, അതുതന്നെയാണ് ഇസ്ലാം മതമെന്നും വ്യാഖ്യാനിക്കാനും മക്കയിലും



മദീനയിലും സംഘടിതമായി അതു പ്രചരിപ്പിക്കാനും മുആവിയ അബൂഹുറൈറക്കും (800 ശിഷ്യന്മാർക്കും) നിർദ്ദേശം നൽകി. 'അഹ്ലുസ്സുന്നത്തുവൽജമാഅത്ത്' എന്ന ആധുനിക ഇസ്ലാം മതത്തിന്റെ ആരംഭം അവിടെ നിന്നാണ്. തന്റെ ചുറ്റുപാടുമുള്ള അറബി സഹോദരങ്ങൾക്ക് ശരിയായ ദൈവവിശ്വാസത്തിൽ (തൗഹീദിൽ) അധിഷ്ഠിതമായ ദിശാബോധം നൽകി അവരെ വേദവും, വിജ്ഞാനവും പഠിപ്പിച്ചു സംസ്കാരസമ്പന്നരാക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായി തന്റെ നടപടി ക്രമങ്ങൾ – നമസ്കാരമടക്കമുള്ള സുന്നത്തുകൾ നബിതിരുമേനി തന്റെ  അനുചരന്മാരെ പഠിച്ചിരുന്നു. അതു കേവലം സുന്നത്തുകൾ (ഐശ്ചികം) മാത്രമായിരുന്നു. എന്നാൽ മുആവിയ പിന്നീട് നബിയുടെ ആ യഥാർത്ഥ ചര്യകളിൽ (നബിയുടെ നമസ്കാരത്തിലും, നോമ്പിലും, ഹജ്ജിലുമെല്ലാം) തന്റേതായ മാറ്റങ്ങൾ തന്ത്രപൂർവ്വം വരുത്തി അതു ക്രമേണ നിർബന്ധമായി (ഫർളുകളായി) പഠിപ്പിക്കാനും പ്രചരിപ്പിക്കാനും തുടങ്ങി. അങ്ങനെ നബിയുടെ 'സുന്നത്തുകൾ' ലോകജനതയുടെ – ലോക മുസ്ലിംകളുടെ 'ഫർളു'കളായി..!

നബിയുടെ വക്രതയില്ലാത്ത നമസ്കാരവും, നോമ്പും, ഹജ്ജും, എല്ലാം മായം ചേർത്തു പുത്തൻ രൂപത്തിൽ അറേബ്യയിൽ നിന്നും അബൂഹുറൈറയും, 800 ശിഷ്യന്മാരും ചേർന്ന് ഇന്നത്തെ തബ്ലീഗ് ജമാഅത്തിന്റെ രൂപത്തിൽ പ്രചരിപ്പിക്കാൻ തുടങ്ങി...! മുആവിയയുടെയും യസീദിന്റെയും, അബ്ദുൽ മലിക്കിന്റെയും, ഇബ്നുസിയാദിന്റെയും, ഹജ്ജാജുബിൻ യൂസഫിന്റെയും, കൊടുംരാക്ഷസീയ രാജഭരണകാലത്ത് (92 വർഷം) നബിയുടെ യഥാർത്ഥ ചര്യകൾ പിൻപറ്റിയിരുന്ന മക്കയിലും മദീനയിലും ഉണ്ടായിരുന്ന ഹാഷിം കുടുംബവും, സഹോദരഗോത്രങ്ങളും അഭ്യുദയകാംക്ഷികളും കൂട്ടത്തോടെ കൊന്നൊടുക്കപ്പെട്ടു. (ചരിത്രപരമായ ഈ ഭാഗം 'ഇസ്ലാമിക ഭരണത്തിന്റെ അവസാനവും അഹ്ലുസ്സുന്നത്തുവൽജമാഅത്തിന്റെ ആരംഭവും' എന്ന ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്)  രക്ഷപ്പെട്ടവർ ഇറാൻ-ഇറാഖ് ഭാഗങ്ങളിലേക്ക് ഓടിപ്പോയി. മുആവിയയുടെയും, അബൂഹുറൈറയുടെയും, മറ്റു അമവീ രാജാക്കന്മാരുടെയും അവർ പടുത്തുയർത്തിയ 'അഹ്ലുസ്സുന്നത്തുവൽജമാഅത്ത്' എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘടനയുടെയും 'അനിസ്ലാമിക സ്വഭാവം' (ഖുർആൻ വിരുദ്ധ സ്വഭാവം) പുറത്തറിയാതിരിക്കാൻ **ഖുർആൻ ഒരു ഭാഷയിലേക്കും വിവർത്തനം ചെയ്യാൻ പാടില്ലാ എന്നും ആ ബുദ്ധിരാക്ഷസന്മാർ തന്ത്രപൂർവ്വം ആദ്യമേ തന്നെ നിയമമാക്കി...! ഒരു നൂറ്റാണ്ടു മുമ്പ് മാത്രമാണ് അറബി ഭാഷയിൽ ഇറങ്ങിയ ഖുർആൻ ജർമ്മൻ – ഇംഗ്ലീഷ് തുടങ്ങിയ അന്യ ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യപ്പെടാൻ തുടങ്ങിയത്. സുമാർ 40 വർഷം മുമ്പാണ് കേരളത്തിൽ ആദ്യമായി ഒരു മലയാള പരിഭാഷ (സി. എൻ.അഹമ്മദ് മൗലവി) ഇറങ്ങുന്നത്...! ഖുർആൻ പഠിക്കുന്തോറും സുന്നി മതം തകരാനും ഇസ്ലാം മതം തിരിച്ചുവരാനും തുടങ്ങി.**

നബിയെ പിൻപറ്റണം എന്ന് – നബിയെ അനുസരിക്കണമെന്ന് – നബിയെ ഇത്ത്വാഅത്ത് ചെയ്യണമെന്ന് ഖുർആൻ പഠിപ്പിക്കുന്നുണ്ടെന്നും അതിനർത്ഥം നബിയുടെ പേരിൽ തങ്ങൾ കെട്ടിയുണ്ടാക്കിയ ഹദീസുകൾ അനുസരിച്ച് ജീവി

ക്കലാണെന്നും, ആ ഹദീസുകൾക്കനുസരിച്ച് നമസ്കരിക്കുകയും നോമ്പു നോൽക്കുകയും ഹജ്ജുചെയ്യുകയും കല്ലെറിയുകയും, കല്ലു ചുംബിക്കുകയും, ചേലാകർമ്മം ചെയ്യുകയും, ആമീൻ പറയുകയും ചിന്തിക്കുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥ സുന്നീ മുസ്ലീംകളെന്നും ആ സുന്നി മുസ്ലീംകൾക്ക് മാത്രമേ സ്വർഗ്ഗമുള്ളൂവെന്നും, സുന്നികളല്ലാത്ത മറ്റു മതക്കാരൊക്കെ നരക ത്തിലെ വിറകാണെന്നുമുള്ള മഹാ അപകടകരമായ വർഗ്ഗീയപാഠമാണ് നബി യുടെ ഹദീസുകൾ എന്ന പേരിൽ അമവികൾ പ്രചരിപ്പിച്ചത്. നബിയുടെ പേരിൽ തങ്ങളുണ്ടാക്കിയ കള്ളഹദീസുകൾ ഇസ്ലാം മതത്തിന്റെ രണ്ടാം പ്രമാ ണമാണെന്ന് വരുത്താൻ ഇത്തരത്തിലുള്ള പത്തോളം ദുർവ്യാഖ്യാനങ്ങൾ അബൂഹുറൈറയും മുആവിയയും ഖുർആനിൽ നടത്തുകയുണ്ടായി. ആ ദുർവ്യാഖ്യാനങ്ങളെല്ലാം തകർത്തുകൊണ്ടും അതിലെ പൊള്ളത്തരങ്ങൾ തുറ ന്നുകാട്ടിക്കൊണ്ടുമാണ് **ചേകന്നൂർ മൗലവി** തന്റെ പ്രസിദ്ധമായ **'പ്രമാണയോഗ്യ മായ ഹദീസേത്'** എന്ന ഗ്രന്ഥം രചിച്ചത്.

ചുരുക്കത്തിൽ, കൈയ്യിൽകിട്ടിയ വേദഗ്രന്ഥം ശരിക്ക് പഠിക്കാതെ - ബൈബിളും തൗറാത്തും ശരിക്ക് നിലനിർത്താതെ, വർഗ്ഗീയവാദവും ആരാധ നാഭ്രാന്തുമായി നടന്ന ചില ജൂതക്രിസ്ത്യൻ പാതിരിമാരെ 'ഗ്രന്ഥം ചുമക്കുന്ന കഴുതകൾ' എന്ന് ഖുർആനും മുഹമ്മദ് നബിയും വിമർശിച്ചതുപോലെ ഖുർ ആൻ എന്ന വേദഗ്രന്ഥം ചുമക്കുന്ന കഴുതകളായി മുസ്ലീം പണ്ഢിതന്മാർ മാറി. (62:5) (5:66 - 69) (5-15) (2:111-114). അല്ലാഹുവിന്റെ ഗ്രന്ഥം (കിത്താബു ല്ല) അല്ലെങ്കിൽ മുസ്ഹഫ് മുഹമ്മദ് (മുഹമ്മദിന്റെ ഏടുകൾ) എന്നൊക്കെ തികച്ചും അന്വർത്ഥവും അന്യൂനവുമായ പേര് നൽകി ഖുർആൻ (സീലടിച്ചു) പ്രചരിപ്പിക്കാമായിരുന്നു എന്നിരിക്കെ ആ വിശുദ്ധ ഗ്രന്ഥത്തിന് തന്റെ ഭാര്യാ പിതാവായ ഖലീഫാ ഉസ്മാന്റെ പേര് നൽകി - മുസ്ഹഫ് ഉസ്മാനി (ഉസ്മാന്റെ ഏടുകൾ) എന്ന് പേര് നൽകി (സീലടിച്ചു) പ്രചരിപ്പിച്ചിട്ടുപോലും മുആവിയ യുടെ തനിനിറം മനസ്സിലാക്കാൻ മുസ്ലിം ബുദ്ധിജീവികൾക്ക് കഴിഞ്ഞില്ല. പ്രസിദ്ധ ചിന്തകനായിരുന്ന - ബുദ്ധിരാക്ഷസനായിരുന്ന അബുൽഅഅ്ലാ മൗദൂ ദിക്കുപോലും ആ അട്ടിമറിയുടെ 'ആഴവും പരപ്പും' കണ്ടെത്താൻ കഴിഞ്ഞി ല്ല...! അതുകൊണ്ടാണ് അറബീജാഹിലിയത്തിൽ അധിഷ്ഠിതമായ - അറബിക ളുടെ പാരമ്പര്യവും ചിന്താഗതിയും സംസ്കാരവും കലർന്ന ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള - ഖുർആനിലില്ലാത്ത അഞ്ചുനേര ബാങ്കിലും ചേലാ കർമ്മത്തിലും ആമീനിലും അത്തഹിയ്യാത്തിലും അഞ്ചുനേര നമസ്കാരത്തിലും അധിഷ്ഠിതമായ - ഒരു ഇസ്ലാമിക രാഷ്ട്രത്തിനു വേണ്ടി - സുന്നി രാഷ്ട്ര ത്തിനു വേണ്ടി - ഹുക്കുമത്തെ ഇലാഹിക്കുവേണ്ടി - ഒരിക്കലും പ്രാവർത്തി കമാക്കാൻ പറ്റാത്ത ആ ഉട്ടോപ്യൻ (Utopian) ആശയത്തിനുവേണ്ടി മൂപ്പർ വാദിച്ചതും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ കിടന്ന് ആ സിദ്ധാന്തം 'അകാലചര മ'മടഞ്ഞതും.

ഇസ്ലാം (ഖുർആൻ) എന്നാൽ തൊണ്ണൂറ്റഞ്ചുശതമാനവും വിശ്വാസ ത്തിൽ അധിഷ്ഠിതമായ കർമ്മങ്ങളും അഞ്ചുശതമാനം പ്രാർത്ഥനകളുമാണ്.



(അഞ്ചുശതമാനം നമസ്കാരം, നോമ്പ്, ഹജ്ജ്, എന്നിങ്ങനെ അറബി ഭാഷ സംസാരിക്കുന്ന - അറേബ്യയിൽ വന്ന - നമ്മുടെ ദൈവദൂതന്റെ നടപടിക്രമ ങ്ങളുമായി ബന്ധപ്പെട്ട സുന്നത്തുകളും, ചടങ്ങുകളും, പ്രാർത്ഥനകളുമാണ്) എന്നാൽ മുആവിയയും അബൂഹുറൈറയും നബിയെ അല്ലാഹുവിന്റെ പദവി യിലേക്കുയർത്തി പ്രചരിപ്പിച്ച അഹ്ലുസ്സുന്നത്തുവൽജമാഅത്ത് എന്ന ഖുർആൻ ഇല്ലാത്ത സുന്നിമതം തൊണ്ണൂറ്റഞ്ചുശതമാനം നമസ്കാരം, ബാങ്ക്, ഹജ്ജ്, നോമ്പ്, ചേലാകർമ്മം, ആമീൻ എന്നീ പ്രാർത്ഥനകളും അവയെക്കുറിച്ചുള്ള പഠനങ്ങളും, അഞ്ചുശതമാനം കർമ്മവുമാണ്...! ചുരുക്കത്തിൽ, മൂന്നുരൂപ വില യുള്ള ഖുർആൻ പഠിക്കാനെന്ന വ്യാജേന മൂന്നുലക്ഷം വിലയുള്ള ഹദീസു ഗ്രന്ഥങ്ങളും, ഫിഖ്ഹ് ഗ്രന്ഥങ്ങളും കെട്ടിയുണ്ടാക്കി സാക്ഷാൽ അറബിക ളെയും ലോകമുസ്ലിംകളെയും 'അമവി'കളും 'അബ്ബാസി'കളും ഖുർആനിൽ നിന്ന് തന്ത്രപൂർവ്വം അകറ്റി...! 'ഈ മൂന്നുരൂപ വിലയുള്ള ഖുർആൻ കൊണ്ട് അവരുടെ മൂന്നുലക്ഷം വിലവരുന്ന സകല ഹദീസുഗ്രന്ഥങ്ങളും ഫിഖ്ഹ് ഗ്രന്ഥ ങ്ങളും നമുക്ക് തകർക്കാൻ കഴിയുമെന്ന് ' ചേകന്നൂർ മൗലവി പ്രഖ്യാപിക്കു കയും അത് പ്രായോഗിക ജീവിതത്തിൽ അദ്ദേഹം കാണിച്ചുതരുകയും ചെയ്തു. ചേകന്നൂർ മൗലവിയുടെ പതിനെട്ട് ഗ്രന്ഥങ്ങളും ഈ വാദത്തിന്റെ നിഷേധി ക്കാൻ പറ്റാത്ത തെളിവുകളും വിശദീകരണങ്ങളുമാണ്.

ചുരുക്കത്തിൽ 'ത്വാലിബാൻ വാദി'കളും അബുൽ അഅ്ലാ മൗദൂദിയും സമാന ചിന്താഗതിക്കാരും കരുതുന്നത് പോലെ ഇസ്ലാമും ജനാധിപത്യവും പരസ്പര വിരുദ്ധമല്ലെന്ന് മാത്രമല്ല അവ പരസ്പര പൂരകങ്ങൾ കൂടിയാണ് എന്നുണർത്താൻ വേണ്ടിയാണ് അൽപം ചരിത്രത്തിന്റെ അകമ്പടിയോടെ ചില ഖുർആൻ സൂക്തങ്ങൾ ഈയുള്ളവൻ നിഷ്പക്ഷമതികളായ മാന്യവായനക്കാ രുടെ മുമ്പിൽ അവതരിപ്പിച്ചത്. ഏകാധിപത്യത്തിനെതിരെ ജനാധിപത്യം വന്നത് പോലെ, വർഗ്ഗീയതക്കും, മതാന്ധതക്കും, മതാധിപത്യത്തിനുമെതിരെ, മതേത രത്വവും, മതസഹിഷ്ണുതയും വളർത്തുന്ന ഖുർആൻ സൂക്തങ്ങളാണ് ഖുർ ആൻ വിശ്വാസികളായ നാം പ്രചരിപ്പിക്കേണ്ടത്.

എന്തിനാണ് മുആവിയ ഇസ്ലാമിനു പകരം 'അഹ്ലുസ്സുന്നത്തുവൽജ മാഅത്ത്' എന്ന സംഘടനക്ക് രൂപം നൽകിയത്.. അതുകൊണ്ട് മുആവിയ ക്കും, മറ്റു അമവി രാജാക്കന്മാർക്കും ചില അറേബ്യൻ ഗോത്രങ്ങൾക്കും ഉണ്ടായിരുന്ന നേട്ടമെന്ത് ? എങ്ങിനെയാണ് മുആവിയ അത്തരത്തിൽ ഒരട്ടി മറി അറേബ്യയിൽ തന്ത്രപൂർവ്വം, വർഷങ്ങളിലൂടെയുള്ള സമയബദ്ധിത പരി പാടിയിലൂടെ നടപ്പിലാക്കിയത് എന്ന് വിശദമായി മറ്റൊരിടത്ത് പ്രതിപാദിക്കു ന്നുണ്ട്..!!

അതിനു മുമ്പായി മുആവിയ ഇസ്ലാം മതത്തെ -'അഹ്ലുസ്സുന്നത്തു വൽജമാഅത്ത് ' - എന്ന സംഘടനയാക്കി മാറ്റിയപ്പോൾ - ഖുർആനുപകരം ഹദീസുകൾ ഉണ്ടാക്കിയപ്പോൾ - ചെയ്തൊപ്പിച്ച ഏറ്റവും ശ്രദ്ധേയമായ ചില 'വേലത്തര'ങ്ങളുടെ (അട്ടിമറികളുടെ) പ്രധാനപ്പെട്ട ചില ഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താം..!!

*(തുടരും.....)*

# മുസ്ലിംലീഗും മറ്റ് ഇസ്ലാമിക സംഘടനകളും എം.കെ.ഹാജിയിൽ നിന്നും പാഠം പഠിക്കണം...!

കേരള രാഷ്ട്രീയത്തിൽ എന്നും അതിശക്തമായ സ്വാധീനം ചെലുത്താൻ കഴിവുള്ള ഒരു രാഷ്ട്രീയപാർട്ടിയാണല്ലോ മുസ്ലിം ലീഗ്..! എല്ലാ പാർട്ടികളെയും പോലെ ജയപരാജയങ്ങളുടെ ഒരുപാട് ഇറക്കവും കയറ്റവും ആ പാർട്ടിയും അതിന്റെ അണികളും അറിഞ്ഞിട്ടുണ്ട്..!! ആ പാർട്ടിയുടെ സമുന്നതനായ ഒരു നേതാവായിരുന്നു മർഹും. എം.കെ.ഹാജി സാഹിബ്. ധീരനും ആത്മാർത്ഥതയുമുള്ള ഒരു സാമൂഹ്യപ്രവർത്തകൻകൂടിയായിരുന്നു അദ്ദേഹം. തൊള്ളായിരത്തി നാൽപതുകളിൽ കേരളത്തെ (മലബാർമേഖലയെ) ഒരു ദുരന്തംപോലെ വേട്ടയാടിയ 'വസൂരി' രോഗം ബാധിച്ചു ആയിരക്കണക്കിനു പാവങ്ങൾ മരിച്ചു...വസൂരിയും, കോളറയുമൊക്കെ വേട്ടയാടിയത് സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെയായിരുന്നു. ആ ദുരന്തത്തിൽ ഒരുപാടു കുട്ടികൾ മാതാപിതാക്കൾ നഷ്ടപ്പെട്ടു, ആരോരുമില്ലാതെ അനാഥരായി...! ആ അനാഥരുടെ ദുരന്തം നേരിൽകാണാനിടയായ എം.കെ.ഹാജി സാഹിബ് ആ കുട്ടികളെയെല്ലാം 'ദത്തെടുത്തു' സ്വന്തം മക്കളെപ്പോലെ ഗണിച്ചു സ്വന്തം വീട്ടിലേക്കു കൊണ്ടുവന്നു.

ആ അനാഥബാലൻമാർക്കുവേണ്ടിയാണ് അദ്ദേഹം പിന്നീട് 'തിരൂരങ്ങാടി യത്തീംഖാന' സ്ഥാപിച്ചത്..! എൽ.പി.സ്കൂളും, ഹൈസ്കൂളും, ട്രെയിനിംഗ് കോളേജും, അറബിക് കോളേജും, തിരൂരങ്ങാടി പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജുമൊക്കെ (PSMO College) യായി ആ പ്രസ്ഥാനം ഇപ്പോൾ മലബാറിൽ ഒരു മഹാപ്രസ്ഥാന മായി പടർന്നുപന്തലിച്ചു നിൽക്കുന്നു.



എം.കെ.ഹാജി സാഹിബിന്റെ ആ യത്തീംഖാനയിൽ വളർന്ന ഒരു കുട്ടിയായിരുന്നു പിൽക്കാലത്ത് മുസ്ലിംലീഗിന്റെ സംസ്ഥാന നിർവ്വാഹകസമതിയംഗവും, എം.എൽ.എ.യുമൊക്കെയായി വളർന്ന ശ്രീമാൻ കെ.പി.രാമൻ. അമുസ്ലിം ബാലനായ ആ കുട്ടിയെ എം. കെ.ഹാജി സാഹിബ് പേരുപോലും മാറ്റാതെ 'രാമ'നായി തന്നെ തന്റെ യത്തീംഖാനയിൽ വളർത്തി - പഠിപ്പിച്ചു - അദ്ധ്യാപകനാക്കി - അദ്ദേഹം മുസ്ലീം ലീഗിന്റെ എം.എൽ.എ.വരെ ആകുകയും ചെയ്തു...! കെ.എം.മൗലവിയിൽ നിന്നും, അമാനി മൗലവിയിൽ നിന്നും, അലവി മൗലവിയിൽ നിന്നുമൊക്കെ പഠിച്ച ഖുർആനിക പാഠങ്ങളാവാം എം.കെ.ഹാജിയെ സ്വാധീനിച്ചത്..! തിരൂരങ്ങാടി പി.എസ്.എം. ഒ. കോളേജിൽ പഠിക്കുമ്പോൾ, എന്റെ പിതാവിന്റെയും, ഇക്കയുടെയുമൊക്കെ ഒരു അടുത്ത സുഹൃത്തായിരുന്ന എം.കെ.ഹാജിസാഹിബിനെ പലപ്പോഴും അടുത്തു കാണാനും, സംസാരിക്കാനും ഈയുള്ളവനു ഭാഗ്യം ലഭിച്ചിട്ടുണ്ട്...!! എം.കെ.ഹാജിയുടെ 'സുന്നത്തിൽ' നിന്നും ഖുർആനിൽ നിന്നും ഇനിയും ബാക്കിയുള്ള ഒരുപാട് പാഠങ്ങൾ പഠിച്ചുകൊണ്ട് മുസ്ലിംലീഗും, മുജാഹിദു പ്രസ്ഥാനവും, സുന്നീ മൗലവിമാരും ഇനിയും കൂടുതൽ കൂടുതൽ ശക്തമായ മുന്നേറ്റം നടത്തണം എന്നാണ് എനിക്കു പറയാനുള്ളത്..!! 'വിശുദ്ധ ഖുർആൻ' തങ്ങളുടെ 'മാനിഫെസ്റ്റോ' (പ്രകടനപത്രിക) യായി പ്രഖ്യാപിക്കാനുള്ള ധൈര്യം 'മുസ്ലിംലീഗ'ടക്കമുള്ള 'മുസ്ലിംസംഘടന'കൾ കാണിക്കണം എന്നാണ് ഈയുള്ളവന്റെ വിനീതമായ അഭിപ്രായം..!! എങ്കിലേ കാലത്തോടൊപ്പമുള്ള പ്രയാണത്തിൽ 'മുസ്ലീംകൾ ഒന്നടങ്കം സംശയിക്കപ്പെടാതിരിക്കുയും, അപഹസിക്കപ്പെടാതിരിക്കുകയും, ഒറ്റപ്പെടാതിരിക്കുകയും ചെയ്യുകയുള്ളൂ...!

(വീണ്ടും നാം ഉപദേശിക്കുന്നു) ഇതുതന്നെയാകുന്നു (ഈ ഖുർആൻ തന്നെയാകുന്നു) എന്റെ നേരായ മാർഗം. നിങ്ങൾ അതിനെ (ഖുർആനിനെ) പിന്തുടരുക. (മതപരമായ വിഷയങ്ങളിൽ) മറ്റു മാർഗങ്ങൾ നിങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ വ്യതിചലിപ്പിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി (ഖുർആനിലൂടെ) അവൻ നിങ്ങൾക്കു നൽകിയ ഉപദേശമാണിത്....!

(6:152)



■ അല്ലാഹുവിനെ അറിഞ്ഞവർക്ക്; ഈശ്വരനെ മനസ്സിലാക്കിയവർക്ക് (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർക്ക്- ബ്രാഹ്മണർക്ക്- അഥവാ മുസ്‌ലിംകൾക്ക് മതം മാറാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ...!

■ അല്ലാഹുവിനെ അറിഞ്ഞവർ; ഈശ്വരനെ അറിഞ്ഞവർ (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർ - ബ്രാഹ്മണർ- അഥവാ മുസ്‌ലിംകൾ എല്ലാ മതക്കാരിലുമുണ്ടെന്ന് വിശുദ്ധ ഖുർആൻ...!

■ നിർബന്ധിത മതപരിവർത്തനം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം......!

■ പ്രലോഭന മതപരിവർത്തനം ഖുർആൻ വിരുദ്ധം...!

■ മുപ്പത് തെറ്റുകളുള്ള അഞ്ച് നേര നമസ്കാരം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പത്ത് തെറ്റുകളുള്ള സുന്നി, ശിയാ ബാങ്കുവിളികൾ ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ ഖുർആൻ പഠിപ്പിക്കാത്ത - ഖുർആൻ ബഹിഷ്കരിച്ച - പൗരോഹിത്യ ചിഹ്നമായ 'ആമീൻ' എന്ന ശിർക്കൻ പ്രാർത്ഥന ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ മൂന്ന് നേരമായാലും അർത്ഥമറിയാതെ അറബി ഭാഷയിൽ പ്രാർത്ഥിക്കുന്നത് ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ അറബിഭാഷയിലായാലും മറ്റേതുഭാഷയിലായാലും എന്താണു നമസ്കാരം, എന്തിനാണ് നമസ്കാരം, എന്താണ് പറയുന്നത്, എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നറിയാതെ നമസ്കാരത്തോട് അടുക്കരുതെന്ന് വിശുദ്ധ ഖുർആൻ....!

■ ഹജ്ജിലെ കല്ലേറും കല്ല് ചുംബനവും ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പരോപകാരമുള്ള പുണ്യകർമ്മങ്ങൾ ചെയ്യാതെ നമസ്കാരം, നോമ്പ്, ഹജ്ജ് എന്നീ കേവലാരാധനകൾ കൊണ്ട് മാത്രം പാപം പൊറുക്കുമെന്നോ സ്വർഗത്തിൽ കയറിക്കൂടാമെന്നോ ആരും വ്യാമോഹിക്കേണ്ടതില്ല എന്ന് വിശുദ്ധ ഖുർആൻ....!

■ ഹജ്ജ് കൊണ്ട് പാപം പൊറുക്കുമെന്ന വിശ്വാസം- ഹജ്ജ് ചെയ്തവൻ അന്ന് പെറ്റ കുട്ടിയെപ്പോലെയായി എന്ന സിദ്ധാന്തം - ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം....!

■ പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്ന പ്രത്യേക സ്ഥലങ്ങൾ ലോകത്തിലെവിടെയും; സാക്ഷാൽ മക്കാ - മദീനയിൽപോലും ഉണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. തന്റെ ഇഷ്ടദാസന്റെ പ്രാർത്ഥന ഈ പ്രപഞ്ചത്തിൽ എവിടെനിന്നും എപ്പോൾ വിളിച്ചാലും ദൈവം ഒരുപോലെ കേൾക്കുമെന്ന് വിശുദ്ധ ഖുർആൻ....!

■ മൂന്ന് തലാഖ് എന്നാൽ മൂന്ന് അവസരമാണെന്ന് മൗലവി ചേകന്നൂർ.....! ഒരേ സമയം 'തലാഖ് തലാഖ് തലാഖ്' എന്ന് മൂന്ന് പ്രാവശ്യം ചൊല്ലി വിവാഹബന്ധം വേർപ്പെടുത്തുന്ന അറുവഷളൻ കാടൻ ശരീഅത്ത് അനിസ്ലാമികമെന്ന് വിശുദ്ധ ഖുർആൻ. ഒരു സ്ത്രീയെ ഒരേ സമയം മൂന്ന് തവണ വിവാഹം ചെയ്യാൻ പറ്റാത്തതുപോലെ ഒരൊറ്റയിരുപ്പിൽ ഒരു ഭാര്യയെ മൂന്ന് തവണ തലാഖ് ചൊല്ലാനും പറ്റില്ലെന്ന് വിശുദ്ധ ഖുർആൻ.

■ 'ജുമുഅ' ഒഴികെ നിത്യേനയുള്ള അഞ്ചു നേര അപ്രായോഗിക സംഘടിത നമസ്കാരങ്ങൾ ഖുർആൻ വിരുദ്ധം. നിത്യവും അഞ്ചു നേരം 'ജുമുഅ' നടത്തൽ (ജമാഅത്ത്) ഖുർആൻ വിരുദ്ധം....! അത്തരം അപ്രായോഗികമായ ഒരു ദുരാചാരം നബിയുടെയും ഖുർആനിന്റെയും പേരിൽ പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും, മുല്ലാക്കക്കും മുക്രിക്കും ശമ്പളം കൊടുത്ത് ആ സുന്നി മതം നിലനിർത്തുന്നതും നബിയെയും വിശുദ്ധ ഖുർആനെയും കളിയാക്കുന്നതിന് തുല്യം....!

■ സ്ത്രീകളുടെ മുഖവും മുൻകൈയും മറക്കുന്ന അറേബ്യൻ പരമ്പരാഗത വസ്ത്രമായ പർദ മുസ്‌ലിംകളുടെ ഔദ്യോഗിക വസ്ത്രധാരണമല്ല. പർദ അനിസ്ലാമികം....!

■ ഖുർആൻ പഠിപ്പിക്കാത്ത മതാചാരങ്ങൾ 'ഇസ്ലാമികം' എന്ന പേരിൽ - ദൈവത്തിന്റെ പേരിൽ - പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും വമ്പിച്ച അപരാധമാണെന്ന് (ശിർക്കുപോലെ വൻകുറ്റമാണെന്ന്) വിശുദ്ധ ഖുർആൻ....!

■ വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ നിന്ന് വ്യതിചലിക്കാതെ - തൗഹീദിൽ നിന്ന് വ്യതിചലിക്കാതെ - ഇസ്ലാം മതത്തിൽ എന്തു പരിഷ്കാര പ്രവർത്തനങ്ങളും നടപ്പിലാക്കാമെന്ന് വിശുദ്ധ ഖുർആൻ....!

■ നിങ്ങളിൽ നിന്നുള്ള അതാത് കാലത്തെ സച്ചരിതരായ പണ്ഡിതന്മാരെയും ഭരണകർത്താക്കളെയും അനുസരിച്ച് ജീവിക്കണമെന്ന് വിശുദ്ധ ഖുർആൻ....!

■ വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ചേലാകർമം എന്ന അറേബ്യൻ സുന്നത്ത് കർമം ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം....!

■ ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ജൈത്രയാത്ര തുടരുന്നു....!

■ ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ തുടരുന്നു.....!